www.malankaralibrary.com

SINCE 1976

# ഐക്യദീപം
AIKYADEEPAM

ജൂലൈ 2024



## ധന്യൻ ആർച്ചുബിഷപ്പ്
## മാർ ഈവാനിയോസ്

www.malankaralibrary.com






ചങ്ങനാശ്ശേരി ബഥനി ഹിൽസിൽ ബിജു ജോർജിന്റെയും സിസിലിയാ ബിജുവിന്റെയും മകൻ **ലെവിൻ മാത്യുവിന്റെ** ആഘോഷമായ വിശുദ്ധ കുർബാന സ്വീകരണം 2024 ജൂൺ 15 സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് തിരുവല്ല അതിഭദ്രാസന അദ്ധ്യക്ഷൻ **അഭിവന്ദ്യ ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്തായുടെ** കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.



www.malankaralibrary.com


# ഐക്യദീപം
aikyadeepam

രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

പുസ്തകം 55 ലക്കം 7 2024 ജൂലൈ ` 10

ചീഫ് എഡിറ്റർ
ഫാ. വർഗ്ഗീസ് ചാമക്കാലായിൽ
9048341462

മാനേജർ
ഫാ. മാത്യു പുനക്കുളം

പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ

ഓഫീസ് സ്റ്റാഫ്
ചിന്നു എൽസ ഐസക്

ഉപദേശക സമിതി
ഫാ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ, ഫാ. ഡോ. തോമസ് പാറയ്ക്കൽ,
റവ. സി. അലീന എസ്.ഐ.സി., ലൈജു കോശി മാത്യു,
ജയിസ് കോഴിമണ്ണിൽ, വർഗ്ഗീസ് ഐസക് തെക്കേടത്ത്


## ഉള്ളടക്കം
contents


08


വെരി. റവ. ഡോ. ഐസക് പറപ്പള്ളിൽ

16


– ധന്യൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്
പരിഭാഷ
ജോമി തോമസ് കലയപുരം

കേരള നവോത്ഥാന നായകൻ: ധന്യൻ മാർ ഈവാനിയോസ്

20
ഫാ. യൽദോ മോഴശ്ശേരിൽ

ഒരു മിഷൻ യാത്രയുടെ ഓർമ്മക്കുറിപ്പുകൾ
MCA തിരുവല്ല മേഖല
25


ധന്യൻ മാർ ഈവാനിയോസ്

33
മുരളീ കൈമൾ





കടപ്പാട്
1947 ഓഗസ്റ്റ് 26 – ന് സാൻ ഫ്രാൻസിസ്കോ യൂണിവേഴ്സിറ്റി നല്കിയ എൽ.എൽ.ഡി. ബിരുദം ഏറ്റുവാങ്ങി പിറ്റേന്ന് രാവിലെ യൂണിവേഴ്സിറ്റി ഗസ്റ്റ് ഹൗസിൽ നിന്നും പുറത്തേയ്ക്ക് വരുന്ന മാർ ഈവാനിയോസ് തിരുമേനിയുടെ യൂണിവേഴ്സിറ്റിയുടെ ശേഖരത്തിലുള്ള വീഡിയോയിൽ നിന്ന് എടുത്ത ചിത്രം.
സമ്പാദകൻ: സുബിൻ തോമസ്


4 എഡിറ്റോറിയൽ
5 ഇടയശബ്ദം

**സ്ഥിരം പംക്തികൾ**

36. ആരോഗ്യം
40. പ്രബോധനം
46. ബാലദീപം
48. മല്പാനോട് ചോദിക്കാം



Annual Subscription Rs.120.00 Single Copy Rs. 10.00 Overseas: $40.00 or 2750
Bank Details : Chief Editor, Aikyadeepam, Union Bank, Tiruvalla 689 101
A/c No. 110110100023901. IFSC. UBIN0811017. SWIFT CODE: ANDBINBB

Printed at: Rashtra Deepika Ltd., Vadavathoor

Designed by : Greeshma Designs, Kottayam. Ph: 9447304348. E-mail: gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly,
St. John's Metropolitan Cathedral, Tiruvalla - 689 101. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com

www.malankaralibrary.com

# Editorial

# എഡിറ്റോറിയൽ



ഫാ. വർഗ്ഗീസ് ചാമക്കാലായിൽ
ചീഫ് എഡിറ്റർ


## പുണ്യദിനം ധന്യദിനം

ഗിരിശൃംഖം വിട്ട് താഴ്‌വാരത്തിലേക്ക്
ഒരു പുഴ പോലെ ഒഴുകിയ
ഒരു സന്യാസ ജീവിതം.
ശൂന്യമായ കരങ്ങളോടെ ഉള്ള മലയിറക്കം
അനുഗ്രഹങ്ങളിലേക്കും സമാധാനത്തിലേക്കും
സംതൃപ്തിയിലേക്കുമുള്ള ഒരു യാത്രയായിരുന്നു.
ആർജ്ജിച്ചതും നേടിയെടുത്തതും എല്ലാം വയലിൽ
ഒളിച്ചിരിക്കുന്ന നിധി കണ്ട മനുഷ്യനെപ്പോലെ വിട്ട്
എറിഞ്ഞ്, ഒരു പുതിയ അധ്യായം കുറിക്കുന്നു.
ആ മലയിറക്കം ഒരു തിരിച്ചുവരവായിരുന്നു.
നൂറ്റാണ്ടുകൾ കാത്തിരുന്ന പ്രതീക്ഷയുടെ തിരിച്ചുവരവ്.
പലരും ശ്രമിച്ചിട്ടും സാധിക്കാതെ പോയ ഒരു
തെറ്റുതിരുത്തലും തിരിച്ചു വരവും.
1653 ൽ വിഭജിതമായ സഭാഗാത്രം വഴിപിരിഞ്ഞും
വേർപെട്ട് ഒഴുകി വിവിധ സഭാ സമൂഹങ്ങളായി
കാലാന്തരത്തിൽ രൂപ മാറ്റം സംഭവിച്ചപ്പോൾ,
മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ സഭ
പലതായി മുറിയുകയായിരുന്നു. ആ മുറിവുകൾ
പുനരൈക്യത്തിന്റെ മരുന്നുകൊണ്ട് സൗഖ്യപ്പെട്ടു.
ആ മലയിറക്കവും ഇറങ്ങി വരവും
സമാധാനത്തിലേക്കുള്ള കാൽവെപ്പ് ആയിരുന്നു.
സാർവത്രിക സഭയുടെ ഐക്യത്തിൽ മാർത്തോമ്മാ
ശ്ലീഹയുടെ സഭയെ വീണ്ടും ഇളക്കി ചേർക്കുവാൻ
ധന്യൻ മാർ ഈവാനിയോസ് പിതാവിനെ
ദൈവം ഉപകരണമാക്കി.
ധന്യ പദവിയിലേക്ക് ഉയർത്തപ്പെട്ട മാർ ഈവാനിയോസ്
എന്ന പുണ്യപിതാവ് ഈ 71-ാം ഓർമ്മപ്പെരുന്നാളിൽ
സഭയുടെ അനുഗ്രഹമായി നില്ക്കുന്നു.
ആ ധന്യനായ പിതാവിന്റെ പ്രാർത്ഥന
നമുക്ക് കോട്ടയായിരിക്കട്ടെ.

www.malankaralibrary.com

## ഇടയശബ്ദം

മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
(മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്)



# ഉൾവിളിയും ദൈവകൃപയും

പ്രസിദ്ധ ശാസ്ത്രജ്ഞൻ ആൽബർട്ട് ഐൻസ്റ്റൈൻ പറയുന്നു: "മധുരമേറിയതും കയ്പ്പേറിയതുമായ അനുഭവങ്ങൾ പുറമേനിന്നും, സ്ഥായിയായതും ഗൗരവമുള്ളതും ഭാരമുള്ളതും ഉള്ളിൽനിന്നും വരുന്നു" എന്ന്. വീണ്ടും അദ്ദേഹം പറയുന്നു: "ചെറുപ്പത്തിൽ ഏകാന്തത തടവറയായി കരുതിയിരുന്നു എങ്കിലും പ്രായമായപ്പോൾ അവ എത്ര ഉപകാരപ്രദമായിരുന്നു എന്നും മനസ്സിലാക്കി." പുണ്യപിതാവായ മാർ ഈവാനിയോസ് പിതാവിനെ പറ്റി പ്രതിപാദിക്കുമ്പോൾ ഈ വാക്കുകൾക്ക് എന്തോ അർത്ഥമുണ്ടെന്ന് ചിന്തിക്കുവാൻ എന്നെ നിർബന്ധിക്കുന്നു. പുണ്യപിതാവിന്റെ ജീവിതം നാം വിശകലനം ചെയ്യുമ്പോൾ പിതാവിനെ നയിച്ചിരുന്ന ശക്തി അകമേനിന്നുള്ള ഉൾവിളിയും ദൈവകൃപയും ആയിരുന്നു എന്നതാണ് മനസ്സിലാവുന്നത്. പിതാവ് എല്ലാ സാഹചര്യങ്ങളിലൂടെയും കടന്നുപോയി. അനേകർ പിതാവിനെ ബഹുമാനിച്ചു, മറ്റുചിലർ അപമാനിച്ചു. കുറേപ്പേർ അനുധാവനം ചെയ്തു, വേറെ ചിലർ എതിർത്തു. കുറേപ്പേർ ധൈര്യപ്പെടുത്തി, വേറെ ചിലർ അപമാനം കൊണ്ട് ചെളി വാരി എറിഞ്ഞു. കുറേപ്പേർ സ്വീകരിച്ചു, മറ്റുചിലർ ഗൂഢാലോചന നടത്തി, കുറെ മനുഷ്യർ സത്യം ഉൾക്കൊണ്ടു, മറ്റുചിലർ സ്വാധീനത്തിൽ വഴി തെറ്റി. ഈ പശ്ചാത്തലത്തിൽ മാർ ഈവാനിയോസ് എന്ന ചരിത്രപുരുഷനെ നമുക്ക് തിരിച്ചറിയാൻ കഴിയണം. ആര് എതിർത്തു, ആരു സ്വീകരിച്ചു എന്നതല്ല. ഉള്ളിൽ നിന്നുവന്ന വലിയ ഉൾവിളി, അതിനു വേണ്ടി ജീവാർപ്പണം ചെയ്യുവാൻ പിതാവ് തുനിഞ്ഞു. വിളിച്ചവൻ വിശ്വസ്തനാണെന്നും അവന്റെ പദ്ധതിക്കുമുമ്പിൽ വേറൊന്നിനും സ്ഥാനമില്ല എന്നും കരുതിയ പുണ്യപിതാവ്, ഘനഗംഭീരമായ തീരുമാനം കൈക്കൊണ്ടു. തന്റെ കൂടെ ആരുണ്ട് എന്ന അംഗബലമല്ല; മറിച്ച് ആരുടെ പേരിലാണ് താൻ ഈ സാഹസികയാത്രയ്ക്ക് ഇറങ്ങുന്നതെന്ന ഉള്ളിലെ ഉറച്ച ബോദ്ധ്യമാണ്. പുറമേനിന്നുള്ളവയ്ക്ക് എതിർക്കുവാനോ മധുരിക്കുന്നവ പറയാനോ കഴിയുകയുള്ളൂ. തീരുമാനം കൈക്കൊള്ളുന്നത് വിശ്വാസത്തിന്റെ ഉറപ്പിലുള്ള ഉള്ളിലെ ശക്തിയാണ്. ഏകാന്തതയും പിരിമുറുക്കങ്ങളും സാവകാശം നന്മയ്ക്ക് വഴി തുറന്നു കൊടുത്തു. സഭയുടെ സമ്പത്ത് സത്യത്തിനു വേണ്ടിയുള്ള സഹനമാണ് – ഇന്ന് മലങ്കര കത്തോലിക്കാ സഭയ്ക്ക് ലഭിക്കുന്ന ആത്മികവും ഭൗതികവുമായ എല്ലാ നന്മയുടെയും

**വിളിച്ചവൻ വിശ്വസ്തനാണെന്നും അവന്റെ പദ്ധതിക്കുമുമ്പിൽ വേറൊന്നിനും സ്ഥാനമില്ല എന്നും കരുതിയ പുണ്യപിതാവ്, ഘനഗംഭീരമായ തീരുമാനം കൈക്കൊണ്ടു. തന്റെ കൂടെ ആരുണ്ട് എന്ന അംഗബലമല്ല; മറിച്ച് ആരുടെ പേരിലാണ് താൻ ഈ സാഹസികയാത്രയ്ക്ക് ഇറങ്ങുന്നതെന്ന ഉള്ളിലെ ഉറച്ച ബോദ്ധ്യമാണ്.**

www.malankaralibrary.com





കാരണം ഈവാനിയോസ് പിതാവിന്റെയും വന്ദ്യ തെയോഫിലോസ് പിതാവിന്റെയും സഹനങ്ങൾ ആണ്. തീയിൽ കുരുത്തത് വെയിലിൽ വാടില്ല. ഏകാന്തതയുടെയും തള്ളിപ്പറച്ചിലിന്റെയും തടവറ; അത് നീണ്ടുപോകുവാൻ ദൈവം അനുവദിച്ചില്ല. മറിച്ച് അത് സഭാനൗകയുടെ വിജയകരമായ യാനത്തിന് ഇടയാക്കി. ഓരോ നൊമ്പരവും വേദനയും വലിയ അനുഗ്രഹത്തിന് കാരണമായി. പുറമെ നിന്നുള്ള സങ്കടപ്പെടുത്തുന്ന യാഥാർഥ്യങ്ങളെ ഉള്ളിൽനിന്നുവരുന്ന കൃപയുടെ ശക്തികൊണ്ട് മാർ ഈവാനിയോസ് പിതാവ് ഇല്ലാതാക്കി. ഉള്ളിൽ ഉള്ളവൻ പുറമെ ഉള്ളവനെക്കാൾ ശക്തനാകുന്നത് ദൈവപ്രസാദത്തിൽ ജീവിക്കുമ്പോൾ ആണ്. ദൈവപ്രസാദത്തിൽ ജീവിക്കുന്ന വ്യക്തികൾക്ക് ഇവയെല്ലാം സാധിക്കും. നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നവ ദൈവപദ്ധതിയുടെ ഭാഗമായി നാം കാണണം. "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മയ്ക്കായ് പരിണമിപ്പിക്കുന്നു" (റോമ. 8:28). ദൈവമാണ് എല്ലാം ക്രമീകരിച്ചുതരുന്നവൻ. അവനിൽ ആശ്രയിച്ചു മുമ്പേറുക എന്നതാണ് നമ്മുടെ ലക്ഷ്യം. മാർ ഈവാനിയോസ് പിതാവ് ഈ ജീവിതം നയിച്ച് നമുക്ക് അതുല്യ മാതൃകയായിരിക്കുന്നു.

വന്ദ്യപിതാവ് ധന്യനായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന ഈ വേളയിൽ മലങ്കരമക്കളായ നമുക്ക് പിതാവിന്റെ സ്വപ്നങ്ങളെ സാക്ഷാത്കരിക്കുന്നതിന് ഗൗരവമായ ഉത്തരവാദിത്വമുണ്ട്. ലോകമെങ്ങും പോയി എന്റെ സുവിശേഷം അറിയിക്കുക എന്ന യേശുനാഥന്റെ ദൗത്യത്തോട് ചേർന്നുള്ള നിയോഗമാണിത്. കർത്താവ് നമ്മുടെ നാഥനും രക്ഷകനുമാണ്; അവനാണ് നമ്മുടെ കരുത്തും, ആശ്രയവും, ലക്ഷ്യവും. ആ മഹത്വത്തിലേക്ക് നമുക്ക് എല്ലാവരെയും ആകർഷിക്കണം. വർത്തമാന ലോകത്ത് ബുദ്ധിയും യുക്തിയും അന്ധവിശ്വാസങ്ങൾക്കും ഭയത്തിനും വഴിമാറിക്കൊടുത്ത് എന്തെന്നില്ലാത്ത അപകടങ്ങളും ആപത്തുകളുമാണ് വരുത്തിവയ്ക്കുന്നത്. സിദ്ധൻ ചവിട്ടിയ മണ്ണും, തുപ്പിയ ഭക്ഷണവും, മന്ത്രം ജപിച്ച വസ്തുക്കളും ആശ്രയമായി കരുതുന്ന തലമുറയ്ക്ക് സത്യവിശ്വാസവും ദൈവരൂപത്തിന്റെ യഥാർത്ഥ രൂപവും ഭാവവും വെളിപ്പെടുത്തുവാനും, തെറ്റിൽ നിന്നും ജനതയെ വീണ്ടുരക്ഷിക്കുന്നതിനും നമുക്ക് ഉത്തരവാദിത്വമുണ്ട്. മാർ ഈവാനിയോസിന്റെ മക്കൾ സ്വാതന്ത്ര്യത്തിന്റെ മക്കളാണ്. സ്വയം അർപ്പണം ചെയ്യുന്നതിൽ സന്തോഷിക്കുന്നവരാണ്. നഷ്ടപ്പെടുത്തുന്നതിൽ അഭിമാനം പൂകുന്നവരാണ്. സ്വാർത്ഥത തീണ്ടിടാത്തവർ, സഭാബോധം ഭരിക്കുന്നവർ.

വന്ദ്യപിതാവിന്റെ 71-ാം ഓർമ്മതിരുന്നാൾ ഏറെ ഭക്ത്യാദരപുരസ്സരം നാം നടത്തുന്നു. പുത്തൻകൂർ സമുദായത്തിലുള്ള എല്ലാവർക്കും നാം മാതൃകകളാവണം. ഐക്യം കാത്തുസൂക്ഷിക്കുന്നവരാകണം. നമ്മുടെ ആരാധനാ പാരമ്പര്യങ്ങൾ അവികലമായി കൊണ്ടുപോകുവാൻ നാം ശ്രദ്ധിക്കണം. നമ്മുടെ അകത്തോലിക്കാ സഹോദരങ്ങൾക്ക് മാതൃകകളാവണം. കത്തോലിക്കാ സഭയിലെ ആത്മികനൽവരങ്ങളും നന്മകളും നമ്മൾ മറ്റുള്ളവരുമായി പങ്കുവയ്ക്കണം. ആരാധനയാണ് ഒരു സഭയ്ക്ക് അസ്തിത്വം നൽകുന്ന ഘടകം. നമ്മുടെ പാരമ്പര്യങ്ങളോട് വലിയ ഭക്തിയും ബന്ധവും നമുക്ക് വേണം. നമ്മുടെ അകത്തോലിക്കാ സഹോദരങ്ങളുടെ ഇടയിൽ നമുക്ക് അഭിമാനബോധം തരുന്നത് നമ്മുടെ ഐക്യം, ആരാധനയിലുള്ള സൂക്ഷ്മമായ പങ്കുചേരൽ, സജീവ പങ്കാളിത്തം തുടങ്ങിയവയാണ്. ഇവയെല്ലാം നമ്മുടെ പിതാവിന്റെ ഓർമ്മയുടെ നാളുകളിൽ പ്രസക്തമാണ്. പിതാക്കന്മാർ തുടങ്ങി ഇടവകയിലെ ശുശ്രൂഷികൾ ഉൾപ്പെടെ ഈ കാര്യങ്ങളിൽ ജാഗ്രത കാണിക്കണം. നമ്മുടെ ജനം ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് ആരാധനയിലെ മികവാണ്. സജീവമായ അരാധന സജീവമായ കൂട്ടായ്മയെ രൂപപ്പെടുത്തും. ●

**ഇന്ന് മലങ്കര കത്തോലിക്കാ സഭയ്ക്ക് ലഭിക്കുന്ന ആത്മികവും ഭൗതികവുമായ എല്ലാ നന്മയുടെയും കാരണം ഈവാനിയോസ് പിതാവിന്റെയും വന്ദ്യ തെയോഫിലോസ് പിതാവിന്റെയും സഹനങ്ങൾ ആണ്. തീയിൽ കുരുത്തത് വെയിലിൽ വാടില്ല**

www.malankaralibrary.com



# പുണ്യശ്ലോകനായ യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ 68-ാമത് ഓർമ്മപ്പെരുന്നാൾ






പുനരൈക്യപ്രസ്ഥാനത്തിന്റെ സഹശില്പിയും തിരുവല്ല അതിഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയുമായിരുന്ന വന്ദ്യ യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ 68-ാമത് ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് എം.സി.വൈ. എം. തിരുവല്ല അതിഭദ്രാസനത്തിന്റെയും കോട്ടയം മേഖലയുടെയും ആഭിമുഖ്യത്തിൽ ഛായാചിത്രപ്രയാണവും പദയാത്രയും നടത്തപ്പെട്ടു. പദയാത്ര വൈകിട്ട് 6 ന് മാർ തെയോഫിലോസ് പിതാവ് അന്ത്യവിശ്രമം കൊള്ളുന്ന തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ദൈവാലയത്തിലെ കബർ ചാപ്പലിൽ എത്തിച്ചേർന്നു. തുടർന്ന് പിതാവിന്റെ കബറിടത്തിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ ധൂപപ്രാർത്ഥനയും തുടർന്ന് കാതോലിക്കാബാവാ അനുസ്മരണ പ്രഭാഷണവും നടത്തി.



www.malankaralibrary.com



## വിശുദ്ധ പദവിയിലേക്കുള്ള നാമകരണ നടപടികൾ

# ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് 'ധന്യൻ' പദവിയിൽ

www.malankaralibrary.com





**വെരി. റവ. ഡോ. ഐസക് പറപ്പള്ളിൽ**
മുഖ്യ വികാരിജനറാൾ, തിരുവല്ല അതിഭദ്രാസനം

മലങ്കര സുറിയാനി കത്തോലിക്കാസഭ പുനരൈക്യപ്രസ്ഥാനത്തിന്റെ ശതാബ്ദിയിലേക്ക് പ്രവേശിക്കുവാൻ 6 വർഷങ്ങൾ മാത്രം ബാക്കി നില്ക്കെ, പുനരൈക്യപ്രസ്ഥാനത്തിന് ശക്തമായ നേതൃത്വം നല്കി, യാക്കോബ് മാർ തെയോഫിലോസ് എപ്പിസ്ക്കോപ്പാ, റവ. ഫാ. ജോൺ കുഴിനാപ്പുറത്ത് ഒ.ഐ.സി., ഡീക്കൻ അലക്സാണ്ടർ ഒ.ഐ.സി., ശ്രീ. ചാക്കോ കിളീലേത്ത് എന്നിവരോടൊപ്പം കത്തോലിക്കാസഭാ കൂട്ടായ്മയിലേക്ക് പ്രവേശിച്ച ആർച്ചുബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ വിശുദ്ധ പദവിയിലേക്കുള്ള നടപടിക്രമങ്ങളുടെ രണ്ടാം ഘട്ടമായ 'ധന്യൻ' പദവിയിലേക്ക് പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ ഉയർത്തിയിരിക്കുന്നു എന്നത് സഭാമക്കൾക്ക് ഏറെ ആനന്ദവും അഭിമാനവും പകരുന്നതാണ്.

1882 സെപ്റ്റംബർ 21 ന് ജനിച്ച്, മലങ്കര ഓർത്തഡോക്സ് സഭയിൽ വൈദിക പരിശീലനം നേടി 1908 സെപ്റ്റംബർ 15 ന് വൈദികനായ ഫാ. പി.റ്റി. ഗീവർഗീസ് 1919 ഓഗസ്റ്റ് 15 ന് റാന്നി പെരുന്നാട്ടിൽ ബഥനി ആശ്രമം സ്ഥാപിക്കുകയും, 1925 മെയ് 1 ന് മലങ്കര ഓർത്തഡോക്സ് സഭയിൽ ഗീവർഗീസ് മാർ ഈവാനിയോസ് എന്ന പേരിൽ നിരണത്തുവച്ച് മെത്രാനായി അഭിഷേകം ചെയ്യപ്പെടുകയും, 1930 സെപ്റ്റംബർ 20 ന് കൊല്ലം അരമന ചാപ്പലിൽ അഭി. അലോഷ്യസ് ബൻസിഗർ തിരുമേനിയുടെ മുമ്പാകെ കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുകയും ചെയ്തു. 1932 ജൂൺ 11 ന് മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി സ്ഥാപിക്കപ്പെട്ടതിനുശേഷം, 1933 മാർച്ച് 12 ന് തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലിത്തൻ ആർച്ചുബിഷപ്പായി പാളയം സമാധാന രാജ്ഞി പ്രോ-കത്തീഡ്രലിൽ സ്ഥാനാരോഹണം ചെയ്ത് സ്ഥാനം ഏറ്റു. 1930 ലെ പുനരൈക്യം മുതൽ 1953 ജൂലൈ 15-ാം തീയതി കാലം ചെയ്യുന്നതുവരെയുള്ള 23 വർഷക്കാലം മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് ദിശാബോധം നല്കിയ സഭാദ്ധ്യക്ഷനായി അദ്ദേഹം ഈ സഭാകൂട്ടായ്മയെ നയിച്ചു.

## മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ നടപടികളുടെ നാൾവഴികൾ

മാർ ഈവാനിയോസ് പിതാവ് കാലം ചെയ്ത നാൾ മുതൽ അനേകർ തിരുമേനിയുടെ കബറിങ്കലേക്ക് പ്രാർത്ഥനയ്ക്കും മദ്ധ്യസ്ഥത്തിനുമായി തുടർച്ചയായി എത്തിക്കൊണ്ടിരുന്നു. ഓരോ വർഷവുമുള്ള ഓർമ്മപ്പെരുന്നാളിൽ ആയിരങ്ങൾ കബറിങ്കൽ ഒന്നിച്ചുകൂടി വിശുദ്ധ കുർബാനയിലും പ്രാർത്ഥനയിലും സംബന്ധിക്കുന്നു എന്നത് ആ പിതാവിനോടുള്ള വലിയ ആദരവിന്റെയും സ്നേഹത്തിന്റെയും കൃതജ്ഞതയുടെയും പ്രതിഫലനമാണ്. മാർ ഈവാനിയോസ് പിതാവിന്റെ 25-ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച്, 1978 ജൂലൈ മാസം റാന്നി പെരുന്നാട് മുണ്ടൻമലയിൽനിന്നും, മാർ ഈവാനിയോസ് തീർത്ഥാടന പദയാത്ര ആരംഭിച്ചു. 1998 ൽ മാർ ഈവാനിയോസ് പിതാവിന്റെ വിശുദ്ധ പദവിയിലേക്കുള്ള നാമകരണ നടപടികൾ, ഭാഗ്യസ്മരണാർഹനായ സിറിൽ ബസേലിയോസ് കാതോലിക്കാബാവ ആരംഭിച്ചു. 2007 ജൂലൈ 14-ാം തീയതി, മാർ ഈവാനിയോസ് പിതാവിനെ 'ദൈവദാസനായി', സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ പ്രഖ്യാപിച്ചു. 2014 ജൂൺ 23 ന് ദൈവ



www.malankaralibrary.com

# 'ധന്യൻ' പദവിയിൽ
## ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്



ദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ നാമകരണ നടപടികളുടെ ഭാഗമായി വന്ദ്യ പിതാവിന്റെ കബർ തുറന്നുള്ള കാനോനിക പരിശോധന നടത്തി. 2016 ഓഗസ്റ്റ് 25 ന് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ നടപടികളുടെ മേജർ അതിഭദ്രാസനതല കാനോനിക അന്വേഷണങ്ങൾക്ക് സമാപനം കുറിച്ചു. 2016 സെപ്റ്റംബർ 8 ന്, നാമകരണ നടപടികളുടെ ഔദ്യോഗിക രേഖകൾ വത്തിക്കാനിലെ, വിശുദ്ധ നാമകരണ നടപടികൾക്കായുള്ള കാര്യാലയത്തിന്റെ തലവൻ കർദ്ദിനാൾ ആഞ്ചലോ അമാത്തോ തിരുമേനിക്ക്, സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായും, അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവും ചേർന്ന് സമർപ്പിച്ചു. 2024 മാർച്ച് 14 ന് ഫ്രാൻസിസ് മാർപ്പാപ്പ, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ ‘ധന്യൻ’ എന്ന പദവിയിലേക്ക് ഉയർത്തി.

### വിശുദ്ധ പദവിയിലേക്കുള്ള സഭാനടപടികൾ

ആദിമ കാലത്ത് അടിയുറച്ച വിശ്വാസ ജീവിതവും വിശുദ്ധ ജീവിതവും നയിച്ച് ജനങ്ങൾക്ക് പ്രചോദനവും മാതൃകയുമായി മാറിയ പുണ്യാത്മാക്കളെ പ്രാദേശിക തലത്തിൽ ജനം വിശുദ്ധരായി കണ്ട് അംഗീകരിച്ചിരുന്നു. നൂറ്റാണ്ടുകൾക്കുശേഷമാണ് കത്തോലിക്കാസഭയിൽ മാർപ്പാപ്പ, ഔദ്യോഗികമായി ‘വിശുദ്ധരായി’ പ്രഖ്യാപിക്കുന്ന നടപടികൾക്ക് തുടക്കം കുറിച്ചത്.

കത്തോലിക്കാസഭയിൽ ഒരു വ്യക്തിയെ വിശുദ്ധനായി/വിശുദ്ധയായി പ്രഖ്യാപിക്കുന്നത് ഏറെ ദൈർഘ്യമുള്ള നിയമ നടപടിക്രമങ്ങളിലൂടെയാണ്. സാധാരണ ഗതിയിൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നത് ആ വ്യക്തി മരിച്ച് അഞ്ച് വർഷമെങ്കിലും കഴിഞ്ഞിട്ടാണ്. എന്നാൽ ചില പ്രത്യേക കാരണങ്ങളാൽ അഞ്ച് വർഷം എന്നതിൽ ഇളവ് വരുത്തുവാൻ മാർപ്പാപ്പയ്ക്ക് കഴിയും. മദർ തെരേസയുടെ (+1997) കാര്യത്തിൽ ജോൺ പോൾ രണ്ടാമൻ പാപ്പായും, ജോൺ പോൾ രണ്ടാമൻ പാപ്പായുടെ (+2005) കാര്യത്തിൽ ബനഡിക്ട് പതിനാറാമൻ പാപ്പായും, ഇരുവരുടെയും പുണ്യമേറിയതും വിശുദ്ധവുമായ ജീവിതപശ്ചാത്തലത്തിൽ കാത്തിരിപ്പുസമയത്തിൽ (waiting period) ഇളവ് വരുത്തുകയുണ്ടായി.

നാമകരണ നടപടികളിലായിരിക്കുന്ന ഒരു വ്യക്തിയെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിന് കത്തോലിക്കാസഭയിൽ നാല് ഘട്ടങ്ങളാണുള്ളത്.

**1. ദൈവദാസൻ/ദൈവദാസി**
**(Servant of God)**

വിശുദ്ധ പദവിയിലേക്ക് ഒരാളെ പരിഗണിക്കുന്നതിന്റെ ഭാഗമായി, അതിലേക്കുള്ള നടപടിക്രമങ്ങളിൽ ആദ്യത്തേത് ആ വ്യക്തിയെ ദൈവദാസൻ/ദൈവദാസി ആയി പ്രഖ്യാപിക്കുന്നതാണ്. വിശുദ്ധ പദവിയിലേക്ക് പരിഗണിക്കുന്ന വ്യക്തി ജീവിതകാലത്ത് അസാധാരണമായ വിശുദ്ധ ജീവിതം നയിച്ച്, വീരോചിതമായി പുണ്യങ്ങൾ ചെയ്ത്, വിശ്വാസ തീക്ഷ്ണതയിൽ ജീവിച്ച വ്യക്തിയാണെന്ന ബോധ്യമുണ്ടായാൽ, അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുള്ള ‘നാമകരണ നടപടികൾ’ ആരംഭിക്കുന്നതിനായി ഒരു വ്യക്തിക്കോ സമൂഹത്തിനോ ഭദ്രാസനത്തിനോ, ഭദ്രാസന മെത്രാനോട് ആവശ്യപ്പെടാം. മാർ ഈവാനിയോസ് പിതാവിന്റെ കാര്യത്തിൽ, നമ്മുടെ സഭയുടെ പരി. സുന്നഹദോസിന്റെ നിശ്ചയപ്രകാരം, നാമകരണ നടപടികളുടെ ഔദ്യോഗിക അപേക്ഷകരായി തിരുവനന്തപുരം മേജർ അതിഭദ്രാസനം, ബഥനി ആശ്രമം, ബഥനി സന്ന്യാസിനിസമൂഹം, മേരിമക്കൾ സന്ന്യാസിനിസമൂഹം എന്നിവരാണ് നാമകരണത്തിനായുള്ള അപേക്ഷ സമർപ്പിച്ചത്. നാമകരണ നടപടിയിലേക്കുള്ള വ്യക്തിയുടെ വിശുദ്ധ ജീവിതത്തെക്കുറിച്ചുള്ള റിപ്പോർട്ടും അപേക്ഷയോടൊപ്പം സമർപ്പിക്കണം. ഭദ്രാസന മെത്രാന് ആ അപേക്ഷയുടെ സാംഗത്യം ബോധ്യപ്പെട്ടാൽ സഭാപരമായ അറിവും കാനോനിക നിയമങ്ങളിൽ പ്രാവീണ്യവുമുള്ള ഒരു വ്യക്തിയെ പോസ്റ്റുലേറ്ററായി നിയമിച്ച്, അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ ഭദ്രാസന തലത്തിലുള്ള നടപടികൾ ആരംഭിക്കാവുന്നതാണ്. പോസ്റ്റുലേറ്ററിനെ സഹായിക്കുവാൻ ആവശ്യമെങ്കിൽ വൈസ് പോസ്റ്റുലേറ്ററിനെയും നിയമിക്കാറുണ്ട്. ഭദ്രാസന മെത്രാൻ സഹമെത്രാന്മാരുമായി ഇക്കാര്യം ചർച്ച ചെയ്തതിനുശേഷം നാമകരണ നടപടിയിലേക്കുള്ള വ്യക്തിയുടെ ജീവിതവിശുദ്ധിയെക്കുറിച്ച് അന്വേഷിക്കുവാനായി ഒരു അന്വേഷണ സംഘത്തെ നിയമിക്കും. നാമകരണ നടപടികളുമായി ബന്ധപ്പെട്ട കാര്യങ്ങളും അതിനുള്ള കാരണങ്ങളും അടങ്ങിയ റിപ്പോർട്ട് വത്തിക്കാനിലെ നാമകരണത്തിനായുള്ള കാര്യാലയത്തിലേക്ക് (Congregation for the Causes of the Saints ) അയച്ചു കൊടുക്കുകയും, തുടർന്ന് കാര്യാലയം അത് ചർച്ച ചെയ്ത്, നാമകരണ നടപടികൾക്ക് തടസ്സമില്ലെന്ന് മെത്രാനെ അറിയിക്കുകയും ചെയ്യുന്നതോടെ സഭയുടെ തല

www.malankaralibrary.com





# 'ധന്യൻ' പദവിയിൽ
## ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്

വൻ/ഭദ്രാസനാദ്ധ്യക്ഷൻ ആ വ്യക്തിയെ ദൈവദാസൻ/ദൈവദാസി (Servant of God) എന്ന് പ്രഖ്യാപിക്കും. ഭദ്രാസനാദ്ധ്യക്ഷൻ നിയമിക്കുന്ന അന്വേഷണ സംഘത്തിലെ ഭദ്രാസനാദ്ധ്യക്ഷന്റെ പ്രതിനിധി (Episcopal Delegate), നീതിസംരക്ഷകൻ (Promoter of Justice), നോട്ടറിമാർ എന്നിവരുടെ മുമ്പിലാണ് സാക്ഷികളെ വിസ്തരിക്കുന്നതും തെളിവെടുപ്പ് നടത്തുന്നതും. നാമകരണത്തിനായുള്ള വ്യക്തിയെക്കുറിച്ചുള്ള റിപ്പോർട്ടുകളുടെ സത്യാവസ്ഥ അന്വേഷണസംഘം പരിശോധിക്കുകയും, സാക്ഷികൾക്കായുള്ള ചോദ്യങ്ങൾ തയ്യാറാക്കി, ആ വ്യക്തിയുടെ വിശ്വാസജീവിതത്തെപ്പറ്റിയും വിശുദ്ധ ജീവിതത്തെപ്പറ്റിയും വിശദമായ തെളിവെടുപ്പും അന്വേഷണവും നടത്തുകയും ചെയ്യുന്നു. നാമകരണ നടപടികളിലേക്കുള്ള വ്യക്തിയെ എതിർത്തിരുന്നവരോ, നാമകരണ നടപടികളെ എതിർക്കുന്നവരോ ഉണ്ടെങ്കിൽ അവരെയും വിസ്തരിക്കുന്നു. അന്വേഷണം പൂർത്തിയാകുമ്പോൾ, അന്വേഷണ നടപടികളുടെ വിശദവും വ്യക്തവുമായ റിപ്പോർട്ടും, അനുബന്ധ രേഖകളും മുദ്രവച്ച് വത്തിക്കാന്റെ നാമകരണത്തിനായുള്ള കാര്യാലയത്തിലേക്ക് അയക്കുന്നു. ഒരു കോപ്പി ഭദ്രാസന കേന്ദ്രത്തിലും സൂക്ഷിക്കണം. മാർ ഈവാനിയോസ് പിതാവിന്റെ നാമകരണവുമായി ബന്ധപ്പെട്ട്, തിരുവനന്തപുരം മേജർ അതിഭദ്രാസനതലത്തിൽ നടത്തിയ പ്രാഥമിക പഠനത്തിന്റെയും അന്വേഷണത്തിന്റേതുമായ, ഒരുലക്ഷത്തോളം പേജുകൾ വരുന്ന റിപ്പോർട്ട് വത്തിക്കാനിലേക്ക് എത്തിച്ചിരുന്നു. മേജർ അതിഭദ്രാസനതലത്തിൽ നടത്തിയ അന്വേഷണങ്ങളും തെളിവെടുപ്പും നിയമാനുസൃതവും സുതാര്യവും സത്യസന്ധവും ആണോ എന്നത് അനുബന്ധ രേഖകളുടെയും തെളിവുകളുടെയും പശ്ചാത്തലത്തിൽ, വത്തിക്കാൻ നിയമിച്ച മറ്റൊരു പോസ്റ്റുലേറ്റർ പരിശോധിക്കും. അതിന്റെ റിപ്പോർട്ട് കാര്യാലയത്തിന്റെ വിശുദ്ധരുടെ നാമകരണത്തിന്റെ അദ്ധ്യക്ഷനും അംഗങ്ങൾക്കും നല്കും.



**2. ധന്യൻ (Venerable)**

വത്തിക്കാനിലെ നാമകരണ നടപടികൾക്കായുള്ള കാര്യാലയത്തിലെ ദൈവശാസ്ത്ര-ചരിത്ര കമ്മീഷനുകൾ, ദൈവദാസനായി പ്രഖ്യാപിക്കപ്പെട്ട വ്യക്തിയെപ്പറ്റി തയ്യാറാക്കപ്പെട്ട റിപ്പോർട്ടുകൾ പഠിക്കുകയും, ആ ജീവിതത്തിന്റെ ശ്രേഷ്ഠത മനസ്സിലാക്കുകയും, അദ്ദേഹത്തിന്റെ പ്രബോധനങ്ങളും രചനകളും പരിശോധിക്കുകയും ചെയ്യും. അദ്ദേഹത്തിൽ 'വീരോചിത പുണ്യങ്ങൾ' (heroic virtues) നിലനിന്നിരുന്നുവെന്ന് അന്വേഷണങ്ങളിലൂടെ തെളിയിക്കപ്പെടുകയും വേണം. ലഭ്യമായ എല്ലാ തെളിവുകളും രേഖകളും പരിശോധിച്ച് കാര്യാലയത്തിന്റെ അദ്ധ്യക്ഷൻ അതിന്റെ റിപ്പോർട്ട് മാർപ്പാപ്പയെ അറിയിക്കുകയും, മാർപ്പാപ്പയുടെ അംഗീകാരത്തിന് ശേഷം പ്രത്യേക കല്പന വഴി ധന്യൻ (Venerable) എന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു.

**3. വാഴ്ത്തപ്പെട്ടവൻ (Blessed)**

'ധന്യൻ' എന്ന പദവിയിലുള്ള വ്യക്തിയുടെ മദ്ധ്യസ്ഥതയിൽ നടന്നുവെന്ന് രേഖപ്പെടുത്തിയ ഒരു അത്ഭുതം - 'സംശയാതീതവും', 'വൈദ്യശാസ്ത്രത്തിന് അതീതമായും' സംഭവിച്ചുവെന്ന് തെളിയിക്കപ്പെടുമ്പോഴാണ് 'ധന്യൻ' എന്ന പദവിയിൽനിന്ന് 'വാഴ്ത്തപ്പെട്ടവൻ' എന്ന പദവിയിലേക്ക് മാർപ്പാപ്പ ഉയർത്തുന്നത്. അത്ഭുതങ്ങൾ ദൈവമാണ് പ്രവർത്തിക്കുന്നതെങ്കിലും, സ്വർഗ്ഗത്തിലായിരിക്കുന്ന ഒരു വ്യക്തിയുടെ മദ്ധ്യസ്ഥം അപേക്ഷിച്ച് ഒരാൾ ഭൂമിയിൽ പ്രാർത്ഥിക്കുമ്പോൾ അത്ഭുതം സംഭവിക്കാമെന്ന് സഭ പഠിപ്പിക്കുന്നു. വത്തിക്കാൻ നിയമിച്ചിട്ടുള്ള

www.malankaralibrary.com





മെഡിക്കൽ കമ്മീഷൻ, ഈ അത്ഭുതം സംഭവിച്ചത് വൈദ്യശാസ്ത്രപരമായാണോ അല്ലയോ എന്ന് തീരുമാനിക്കും. (ഒരു വ്യക്തി രക്തസാക്ഷിയായാണ് മരിച്ചതെങ്കിൽ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുവാൻ അത്ഭുതം നടക്കണമെന്നില്ല). ഉദാഹരണത്തിന്, ജോൺ ഇരുപത്തിമൂന്നാമൻ മാർപ്പാപ്പയെ 2000 ലും, ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയെ 2011 ലും 'വാഴ്ത്തപ്പെട്ടവരായി' പ്രഖ്യാപിച്ചത് ഇത്തരം അത്ഭുതങ്ങളിലൂടെയാണ്. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ പേരിൽ രണ്ട് അത്ഭുതങ്ങൾ രേഖപ്പെടുത്തപ്പെട്ടു. വൈദ്യശാസ്ത്രത്തിന് സുഖപ്പെടുത്തുവാൻ



കഴിയാതിരുന്ന പാർക്കിൻസൺസ് രോഗം ബാധിച്ച ഒരു ഫ്രഞ്ച് സന്ന്യാസിനിയുടെ സൗഖ്യമാണ് ഒന്നാമത്തേത്. രണ്ടാമത്തേത്, മസ്തിഷ്ക അന്യൂറിസം (brain aneurysm) ബാധിച്ച ഒരു കോസ്റ്ററിക്കൻ സ്ത്രീയുടെ സൗഖ്യം. ഇവർ രണ്ടുപേരും ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ മദ്ധ്യസ്ഥം തേടി നിരന്തരം പ്രാർത്ഥിച്ചിരുന്നതായും, വൈദ്യശാസ്ത്രത്തിന് സൗഖ്യപ്പെടുത്തുവാൻ കഴിയാതിരുന്നപ്പോൾ (beyond hope by medicine) പാപ്പയുടെ മദ്ധ്യസ്ഥതയിലൂടെ സൗഖ്യം ലഭിച്ചതായും അവർ സാക്ഷ്യപ്പെടുത്തി. ആ അത്ഭുതങ്ങൾ വത്തിക്കാനിലെ നാമകരണ നടപടികളുടെ കാര്യാലയം സ്ഥിരീകരിക്കുകയും ചെയ്തു. നാമകരണ നടപടികളിലുള്ള വ്യക്തിയുടെ മദ്ധ്യസ്ഥതയിൽ നടന്നുവെന്ന് രേഖപ്പെടുത്തിയിട്ടുള്ള അത്ഭുതങ്ങൾ ഡോക്ടർമാരും ദൈവശാസ്ത്രജ്ഞന്മാരും പരിശോധിച്ച് വത്തിക്കാൻ കാര്യാലയത്തിന് റിപ്പോർട്ട് നല്കും. കാര്യാലയം ഇക്കാര്യങ്ങൾ സൂക്ഷ്മമായി പഠിച്ച്, ആ അത്ഭുതം സ്ഥിരീകരിച്ചാൽ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കും. വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെട്ടാൽ, പ്രാദേശികമായി അദ്ദേഹത്തെ അൾത്താരയിൽ വണങ്ങാനും, അദ്ദേഹത്തിന്റെ തിരുന്നാൾ ആഘോഷിക്കുവാനും അനുവാദം ഉണ്ട്.

**4. വിശുദ്ധൻ (Saint)**

വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെട്ട ശേഷം ഒരു അത്ഭുതം കൂടി സ്ഥിരീകരിക്കപ്പെടുമ്പോഴാണ് നടപടിക്രമങ്ങൾ പൂർത്തിയാക്കി പരിശുദ്ധ പിതാവ് ആ വ്യക്തിയെ 'വിശുദ്ധൻ' ആയി പ്രഖ്യാപിക്കുക. വിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ടയാൾ ലോകമെങ്ങുമുള്ള അൾത്താരകളിൽ വണങ്ങപ്പെടും.

## ആരാണ് വിശുദ്ധർ?

വിശ്വാസം പ്രഘോഷിക്കുകയും ആഘോഷിക്കുകയും ജീവിക്കുകയും ചെയ്തവരാണ് വിശുദ്ധർ. വിശുദ്ധമായ ജീവിതം നയിക്കുകയും, വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വരിക്കുകയും, സഭയുടെ പ്രബോധനങ്ങൾ കലർപ്പില്ലാതെയും തെറ്റില്ലാതെയും പഠിപ്പിച്ച് സഭാമക്കൾക്കായി കൈമാറ്റം ചെയ്യുകയും, പുണ്യജീവിതത്തിലൂടെ അനേകർക്ക് മാതൃകയാവുകയും, പ്രബോധനങ്ങൾകൊണ്ടും ജീവിതംകൊണ്ടും മറ്റുള്ളവർക്ക് സാക്ഷ്യമാവുകയും ചെയ്തവരെയാണ് കത്തോലിക്കാസഭ വിശുദ്ധരായി പ്രഖ്യാപിക്കുന്നത്. അടിയുറച്ച വിശ്വാസ ജീവിതം നയിച്ച, പ്രേഷിത തീക്ഷ്ണതയിൽ ജീവിച്ച, ജീവിതത്തിലൂടെയും പ്രവൃത്തിയിലൂടെയും വാക്കുകളിലൂടെയും വിശുദ്ധിയെ സംപ്രേക്ഷണം ചെയ്ത, സഹനത്തെ രക്ഷാകരമായി കണ്ട, അനശ്വരമായ ജീവിതത്തെ ലക്ഷ്യം വച്ച, ലോകത്തിലായിരുന്നിട്ടും ലോകത്തിന്റേതല്ലാതെ ജീവിച്ച, യേശുവിന്റെ ഹൃദയം സ്വന്തമാക്കിയ, ദൈവാനുഗ്രഹത്തിന്റെ പുറകെ പോകാതെ ദൈവത്തിന്റെ മാത്രം പുറകെ പോയ, ആത്മാവിന് മുറിവേല്ക്കാതെ അതിന്റെ സൗന്ദര്യം വർദ്ധിപ്പിച്ച, സ്വർഗ്ഗത്തെ മാത്രം ലക്ഷ്യം വച്ച് ജീവിച്ച, യേശുവിനെ സ്വന്തമാക്കുവാൻ പലതും നഷ്ടമാക്കിയ വ്യക്തികളാണ് വിശുദ്ധർ. ദൈവത്തിന്റെ മുമ്പിൽ പരിമളമായി ജീവിച്ചവരാണ് അവർ. ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും

www.malankaralibrary.com





# 'ധന്യൻ' പദവിയിൽ
## ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്

പൂർണ്ണതയിൽ ജീവിക്കുവാൻ അവർ പരിശ്രമിച്ചു. ദൈവത്തെ കണ്ടെത്തിയവരും, കണ്ടെത്തിയതിൽ സന്തോഷിച്ചവരും, ദൈവത്തെ കണ്ടെത്താൻ വിശുദ്ധിയുടെ മാർഗ്ഗത്തിൽ ചരിച്ചവരുമാണവർ. വിശുദ്ധിയാണ് ദൈവത്തെ കണ്ടെത്തുവാനുള്ള മാർഗ്ഗമെന്ന് ബോധ്യപ്പെട്ടവരാണ് അവർ. “ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും” (മത്താ. 5:8). ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു എന്ന് പറഞ്ഞ യേശുവിന്റെ പ്രകാശത്തിൽ ജീവിച്ചവരാണ് അവർ. അവരുടെ ജീവിതത്തിൽ യേശുവിന്റെ ജീവിതം പ്രതിഫലിച്ചിരുന്നു. അവർ യേശുവിനെ അനുകരിച്ചു, പ്രേഷിത തീക്ഷ്ണതയിൽ നിറഞ്ഞു, യേശുവിനുവേണ്ടി രക്തസാക്ഷിത്വംപോലും വരിക്കുന്നതിന് തയ്യാറായി, ആത്മാവിന്റെ പൂർണ്ണ വെടിപ്പും വിശുദ്ധിയും കാത്തു സൂക്ഷിച്ചു, ദൈവത്തോടും സഹോദരങ്ങളോടും ‘കത്തി ജ്വലിച്ച സ്നേഹം’ പ്രകടിപ്പിച്ചു, എളിമയുടെ ജീവിതം നയിച്ചു. ഫ്രാൻസിസ് മാർപ്പാപ്പയുടെ Gaudete et Exsultate (ആനന്ദിച്ച് ആഹ്ളാദിക്കുവിൻ) എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ഇപ്രകാരം പറയുന്നു: വിശുദ്ധരിൽ നിറഞ്ഞ് നിന്നിരുന്ന വിശുദ്ധിയുടെ പൂർണ്ണതയുടെ അളവ് വിലയിരുത്താനല്ല, മറിച്ച് അവരുടെ സമഗ്ര ജീവിതത്തെ ആഴത്തിൽ ധ്യാനിക്കാനാണ് പരിശ്രമിക്കേണ്ടത്. അവരുടെ ജീവിതയാത്രയിലെ വിശുദ്ധിയുടെ വളർച്ചയെയും, വിശ്വാസ ജീവിതത്തിന്റെ ശക്തിയെയും ഗ്രഹിക്കുമ്പോൾ ക്രിസ്തുവിന്റെ സാന്നിധ്യം അവരുടെ ജീവിതത്തിൽ നിരന്തരമായി പ്രതിഫലിച്ചിരുന്നുവെന്നത് കാണുവാൻ കഴിയും (നമ്പർ 22).

ഉത്തമ ജീവിതത്തിനും ക്രൈസ്തവ സാക്ഷ്യത്തിനും വിശുദ്ധ ജീവിതത്തിനും സഭ നല്കുന്ന അംഗീകാരമാണ് വിശുദ്ധ പദവി. വിശുദ്ധരുടെ മാതൃകാപരമായ ജീവിത വഴികൾ നമുക്കും വിശുദ്ധി പ്രാപിക്കുവാനും സ്വർഗ്ഗത്തിൽ എത്തിച്ചേരുവാനുമുള്ള മാർഗ്ഗദീപങ്ങളാണെന്നാണ് സഭ പഠിപ്പിക്കുക. വിശ്വാസതീക്ഷ്ണതയും ജീവിത വിശുദ്ധിയുമാണ് ഓരോ വിശുദ്ധന്റെയും ജീവിതത്തിൽ അനുകരണാർഹമായി നാം കാണുന്നത്. വിശ്വാസത്തിന്റെയും വിശുദ്ധിയുടെയും ദൈവസ്നേഹത്തിന്റെയും സുവിശേഷതക്ഷ്ണതയുടെയും അസാധാരണ ജീവിതം നയിച്ചവരാണ് വിശുദ്ധർ.

### സഭാമക്കളുടെ മനസ്സിൽ മാർ ഈവാനിയോസ് പിതാവ് ഇപ്പോഴേ വിശുദ്ധൻ

1930 ൽ കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുന്നതിന് മുമ്പുതന്നെ കത്തോലിക്കാസഭയെപ്പറ്റി കൂടുതൽ വായിക്കുകയും പഠിക്കുകയും അറിവ് നേടുകയും ചെയ്ത മാർ ഈവാനിയോസ് പിതാവ് ദൃഢനിശ്ചയത്തോടും ഉറച്ച തീരുമാനത്തോടുംകൂടെ തനിക്ക് ബോധ്യപ്പെട്ട സത്യം ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. വെല്ലുവിളികളും പ്രതിസന്ധികളും നിറഞ്ഞ വഴിയിൽ മുമ്പോട്ടുള്ള യാത്ര ദുഷ്ക്കരമാണെന്ന് അറിഞ്ഞിട്ടും, തനിക്ക് ബോധ്യപ്പെട്ട വഴിയിൽനിന്ന് മാറി നടക്കുവാൻ അദ്ദേഹം തയ്യാ



റായില്ല. ഒന്നും കരുതാതെ ഒന്നുമില്ലായ്മയുടെ നടുവിലൂടെ അദ്ദേഹം യാത്ര ആരംഭിച്ചു. ബലിയർപ്പിക്കാൻ മോറിയാമലയിലേക്ക് പോകുമ്പോൾ ‘ബലിക്കുള്ള കുഞ്ഞാട് എവിടെ’ എന്ന ഇസഹാക്കിന്റെ ചോദ്യത്തിന് ‘എല്ലാം ദൈവം കരുതും’ എന്നു പറഞ്ഞ അബ്രഹാമിന്റെ ഉറച്ച വിശ്വാസമായിരുന്നു മാർ ഈവാനിയോസ് പിതാവിന്റേത്. ദൈവം പ്രപഞ്ചത്തെ ശൂന്യതയിൽനിന്ന് സൃഷ്ടിച്ചുവെങ്കിൽ, ഒന്നുമില്ലായ്മയിൽനിന്ന് മാർ ഈവാനിയോസ് പിതാവ്, ഒരു സഭാകൂട്ടായ്മയെ രൂപപ്പെടുത്തി. മോശയുടെ നേതൃത്വത്തിൽ ഈജിപ്തിലെ അടിമത്വത്തിൽനിന്ന് ഇസ്രായേൽക്കാരെ പാലും തേനും ഒഴുകുന്ന കനാൻദേശത്തേക്ക് നയിച്ച യാത്ര പോലെയാണ് മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ കത്തോലിക്കാസഭയിലേക്ക് പ്രവേശിച്ച ‘അന്നത്തെ ഇസ്രായേല്യരായ’ സഭാമക്കൾ നടത്തിയത്. ഇരുപതാം നൂറ്റാണ്ട് കണ്ട ആ വലിയ ക്രാന്തദർശി

www.malankaralibrary.com



# 'ധന്യൻ' പദവിയിൽ
## ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്



കനാൻദേശമാകുന്ന കത്തോലിക്കാ സഭാകൂട്ടായ്മയിലേക്ക് ആ തീർത്ഥാടക സമൂഹത്തെ, മോശയെപ്പോലെ നേർവഴിയിൽ നയിച്ചു. പ്രാർത്ഥനാജീവിതംകൊണ്ടും ദൈവമാതൃഭക്തികൊണ്ടും വിശുദ്ധ ജീവിതംകൊണ്ടും പുനരൈക്യ തീക്ഷ്ണതകൊണ്ടും നിറഞ്ഞ ആ ജീവിതം, 'ദൈവസേവനത്തേക്കാൾ ദൈവസമ്പാദനം അത്യുത്തമം' എന്ന് മാലോകരോട് വിളിച്ചു പറഞ്ഞു. ജീവിച്ചു വളർന്ന സഭാഗാത്രത്തിലെ ആത്മീയ ശോഷണം കണ്ട മാർ ഈവാനിയോസ് പിതാവ് വെറുംകൈയ്യോടെ മുണ്ടൻമല വിട്ട്, പാലും തേനും ഒഴുകുന്ന കനാൻ ദേശത്തേക്ക് പുറപ്പെട്ടത് സ്വയം ശൂന്യവത്ക്കരിക്കലായിരുന്നു. ആ ലക്ഷ്യത്തിലേക്ക് എത്തിച്ചേരുന്നതിന് വെല്ലുവിളികൾ ഏറെ ഉണ്ടായിരുന്നുവെങ്കിലും, തേനിന്റെ രുചി അറിഞ്ഞ പിതാവ്, തേനീച്ചയുടെ കുത്തിന്റെ വേദന കാര്യമാക്കിയില്ല. കത്തോലിക്കാസഭയാണ് തന്റെ ജീവിതവഴി എന്ന് ബോധ്യപ്പെട്ട പിതാവ്, ആ സഭയിൽ അംഗമാകുന്നതിനേക്കാൾ വലുതായി മറ്റൊന്നുമില്ലെന്ന് കണ്ടെത്തി. ദൈവസമ്പാദനത്തിന് കുറുക്കുവഴികളില്ലെന്ന് ബോധ്യപ്പെട്ട അദ്ദേഹം, ദൈവസേവനം മാർഗ്ഗവും, ദൈവസമ്പാദനം ലക്ഷ്യവുമായി കണ്ടു. ദൈവസമ്പാദനത്തിന്റെ രണ്ട് പ്രധാന വഴികളാണ് ദൈവവചനവും വിശുദ്ധ കുർബാനയുമെന്ന് വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തു.



ദൈവം കാണിച്ച വഴിയെ നടക്കുവാനാണ് മാർ ഈവാനിയോസ് പിതാവ് എക്കാലവും ആഗ്രഹിച്ചത്. ആ വഴിയാണ് യഥാർത്ഥ ഇവാനിയൻ വഴി, ആ യാത്രയാണ് ഇവാനിയൻ യാത്ര, ആ ജീവിതത്തിന്റെ പേരാണ് ഇവാനിയൻ ജീവിതം. സ്നേഹത്തിന്റെ വഴിയാണ് ജീവിതത്തിന്റെ യഥാർത്ഥ വഴിയെന്ന് അദ്ദേഹം ജീവിതയാത്രയിലുടനീളം പഠിപ്പിച്ചു. തോമസ് അപ്പസ്തോലനെപ്പോലെ ഉറച്ച ബോധ്യവും വിശ്വാസവുമുണ്ടായിരുന്ന പിതാവ്, പൗലോസ് ശ്ലീഹായെപ്പോലെ തീക്ഷ്ണതയുള്ള വ്യക്തിയുമായിരുന്നു. യേശുവിന്റെ സുവിശേഷത്തെ ഉൾക്കൊണ്ട നാൾ മുതൽ, 'നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രഘോഷിക്കുക' എന്ന വചനപശ്ചാത്തലത്തിൽ ഭാരതം മുഴുവനും, ഭാരതത്തിന് പുറത്തും യേശുവിനെയും യേശുവിന്റെ സുവിശേഷത്തെയും പ്രഘോഷിക്കുവാനുള്ള തീക്ഷ്ണത പ്രകടിപ്പിച്ചു. സഭൈക്യത്തിലൂടെ എല്ലാവരും ഒന്നാകണമെന്ന–ഏക ഇടയനും ഏക തൊഴുത്തും – യേശുവിന്റെ പ്രാർത്ഥന സാക്ഷാത്ക്കരിക്കുന്നതിനായി അദ്ദേഹം അക്ഷീണം പരിശ്രമിച്ചു. ഇപ്രകാരമുള്ള ഒരു മഹത് ജീവിതത്തിന്റെ ഉടമയെ 'വിശുദ്ധൻ' എന്ന് കത്തോലിക്കാസഭ ഔദ്യോഗികമായി വിളിക്കുന്നത് കേൾക്കുവാനാണ് സഭാമക്കൾ കാത്തിരിക്കുന്നത്.

### ധന്യൻ മാർ ഈവാനിയോസിന്റെ കബറിടം
**(അവ്സാർ തുബൈയ്ൻ – ഭാഗ്യങ്ങളുടെ കലവറ)**
**വിശ്വാസ സമൂഹത്തിന്റെ ആശ്വാസ കേന്ദ്രം**

1953 ജൂലൈ 15–ാം തീയതി കാലം ചെയ്ത ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ, പട്ടം സെന്റ് മേരീസ് കത്തീഡ്രലിലുള്ള കബറിടത്തിലേക്ക് ആയിരക്കണക്കിനാളുകളാണ് ഓരോ വർഷവും തീർത്ഥാടകരായി എത്തി പ്രാർത്ഥിച്ച് അനുഗ്രഹം പ്രാപിച്ചുവരുന്നത്. മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച്, റാന്നി–പെരുന്നാട്ടിൽ നിന്നും (1919 ൽ മാർ ഈവാനിയോസ് പിതാവ് സ്ഥാപിച്ച ബഥനി

www.malankaralibrary.com





# 'ധന്യൻ' പദവിയിൽ
## ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്

ആശ്രമം) അഭിവന്ദ്യ പിതാക്കൻമാരുടെയും, വൈദികരുടെയും, സന്യസ്തരുടെയും, ആയിരക്കണക്കിനു വിശ്വാസികളുടെയും നേതൃത്വത്തിൽ എല്ലാ വർഷവും ജൂലൈ 10 മുതൽ 15 വരെ കബറിങ്കലേക്ക് പദയാത്രയും നടത്തുന്നു. ജൂലൈ 15-ാം തീയതിയിലെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച്, വിശ്വാസികളെയും തീർത്ഥാടകസമൂഹത്തെയും ആത്മീയമായി ഒരുക്കുവാൻ, എല്ലാ വർഷവും ജൂലൈ ഒന്ന് മുതൽ പതിന്നാലു വരെയുള്ള ദിവസങ്ങളിൽ വി. കുർബ്ബാനയും, പ്രഭാഷണ പരമ്പരയും നേർച്ച വിതരണവും പട്ടം കത്തീഡ്രലിൽ സംഘടിപ്പിക്കാറുണ്ട്. അതോടൊപ്പം കബറിനോടു ചേർന്ന് വി. കുമ്പസാരവും, മദ്ധ്യസ്ഥ പ്രാർത്ഥനകളും, ധ്യാനയോഗങ്ങളും ക്രമീകരിച്ചിരിക്കുന്നു. തീർത്ഥാടകരായി വരുന്നവർ ഈ സൗകര്യങ്ങളെല്ലാം പ്രയോജനപ്പെടുത്തി, ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ മദ്ധ്യസ്ഥം പ്രാർത്ഥനാപൂർവ്വം തേടുന്നു. തീർത്ഥാടകരുടെ അജപാലനപരമായ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി, എല്ലാ ദിവസവും ഒരു വൈദികന്റെ പൂർണ്ണമായ സേവനം കബറിങ്കൽ ലഭ്യമാക്കിയിട്ടുണ്ട്. അതുകൂടാതെ കഴിഞ്ഞ കുറേ വർഷങ്ങളായി, സുവിശേഷ സംഘത്തിന്റെ നേതൃത്വത്തിൽ കബർ ചാപ്പലിൽ എല്ലാ ദിവസവും അനുഗ്രഹീതമായ ശുശ്രൂഷകളും നടന്നു വരുന്നു. എല്ലാ വർഷവും, ഓർമ്മതിരുന്നാളിന്റെ തലേ ദിവസം നടത്തുന്ന മെഴുകുതിരി പ്രദക്ഷിണനേർച്ചയിൽ പങ്കെടുക്കുന്ന ആയിരങ്ങൾക്ക്, അത് ദിവ്യമായ അനുഭൂതി പകരുന്നു.




ഇന്ന്, ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിടം അനേകർക്ക് ആശ്വാസവും പ്രത്യാശയും നൽകുന്ന പുണ്യസ്ഥലമായി മാറിയിരിക്കുന്നു. എല്ലാ ദിവസവും 6.30 ന് കബറിങ്കൽ നടത്തുന്ന സന്ധ്യാപ്രാർത്ഥനയിൽ അനേകർ പങ്കെടുക്കുന്നു. പട്ടം കത്തീഡ്രലിൽ എല്ലാ ദിവസവുമുള്ള വി. കുർബാനയ്ക്ക് പുറമേ, എല്ലാ ഞായറാഴ്ചയും, എല്ലാ മാസത്തിന്റെയും 15-ാം തീയതിയും വൈകുന്നേരമുള്ള വി. കുർബ്ബാനയിൽ അനേകർ പങ്കെടുത്ത് അവരുടെ അനുഭവവും സാക്ഷ്യവും പങ്കുവയ്ക്കുന്നു. സഭയിലെ എല്ലാ ഭദ്രാസനങ്ങളിൽനിന്നും വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള വിശ്വാസ സമൂഹത്തിന്റെ വലിയ തോതിലുള്ള പങ്കാളിത്തം, പുണ്യപിതാവ് അവരുടെ മനസ്സിൽ ഇപ്പോഴേ വിശുദ്ധനായി നിലകൊള്ളുന്നു എന്നതിന്റെ പ്രത്യക്ഷമായ തെളിവാണ്. തീർത്ഥാടകരുടെ ആത്മീയകാര്യങ്ങൾക്കായും, പ്രാർത്ഥനകൾക്കായും കബർചാപ്പൽ എല്ലാ ദിവസവും തുറന്നിട്ടിരിക്കുന്നു. കബറിടം സന്ദർശിച്ച്, മാർ ഈവാനിയോസ് പിതാവിനോട് മദ്ധ്യസ്ഥം യാചിച്ച് പ്രാർത്ഥിക്കുന്നതിലൂടെ ഓരോ ദിവസവും അനേകർക്ക് വലിയ ആത്മീയനിർവൃതിയും ആത്മീയ ശക്തിയും ലഭിക്കുന്നു.

മാർ ഈവാനിയോസ് പിതാവിന്റെ ജീവിതവിശുദ്ധി കൂടുതൽ അറിയുവാനും പഠിക്കുവാനും അനുഭവിക്കുവാനും അനേകർ ദൈനംദിനം മുമ്പോട്ട് വരുന്നു എന്നത് ഏറെ സന്തോഷകരമാണ്. പിതാവിന്റെ വിശുദ്ധിയുടെ പരിമളവും, വിശ്വാസത്തിന്റെ ദൃഢതയും, ദൈവപരിപാലനയിലുള്ള ഉറച്ച ബോധ്യവും എല്ലാവർക്കും മാതൃകയാക്കുന്നതിനും, സാർവ്വത്രിക സഭയ്ക്ക് പൊതുവായും, മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് പ്രത്യേകമായും, മാർ ഈവാനിയോസ് പിതാവിലൂടെ ഒരു വിശുദ്ധന്റെ മദ്ധ്യസ്ഥം ലഭിക്കുന്നതിന് നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം. അതിന് വന്ദ്യ പിതാവിന്റെ മദ്ധ്യസ്ഥം നമുക്ക് തുണയാകട്ടെ.

www.malankaralibrary.com

**1932 – ൽ ഫീദ്സ് എന്ന അന്താരാഷ്ട്ര പത്രത്തിനായി ധന്യൻ മാർ ഈവാനിയോസ് പിതാവ് അനുവദിച്ച അഭിമുഖം.**

# സാർവ്വത്രിക സഭാകൂട്ടായ്മ ഒരു പരമസത്യം

## – ധന്യൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്



ധന്യൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 71–ാം ഓർമ്മപ്പെരുന്നാൾ സമാഗതമാകുന്നു. കണ്ടുമുട്ടിയവരോടും പരിചയപ്പെട്ടവരോടും ക്രിസ്തുവിന്റെ സുവിശേഷത്തെ അറിയിച്ച ഈ ദൈവമനുഷ്യൻ വിശുദ്ധിയുടെ വിസ്മയഭാവങ്ങൾ തന്റെ വിദേശപര്യടനത്തിലൂടെ അറിയിച്ചു.

അയർലണ്ടിലെ ഡബ്ലിനിൽവച്ച് 1932–ൽ നടന്ന അന്താരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസിൽ വച്ച് ഏവരുടേയും സവിശേഷ ശ്രദ്ധപിടിച്ചുപറ്റിയ യുഗപുരുഷനാണ് ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത. ഭാരതത്തിലെ യാക്കോബായ സഭയിൽ നിന്നും പുനരൈക്യപ്പെട്ട മാർ ഈവാനിയോസ് പിതാവ് 1932 മെയ് 2 ന് പരിശുദ്ധ മാർപ്പാപ്പായെ സന്ദർശിച്ച് പാലിയം സ്വീകരിച്ചു. ഇംഗ്ലീഷ്, സുറിയാനി, ലത്തീൻ ഭാഷകളിൽ പ്രാവീണ്യമുള്ള ബഹുമുഖപ്രതിഭാശാലിയായിരുന്നു ധന്യൻ മാർ ഈവാനിയോസ്. വത്തിക്കാനിൽ പരിശുദ്ധ പീയൂസ് മാർപ്പാപ്പയെ സന്ദർശിച്ചപ്പോൾ മാർപ്പാപ്പ മാർ ഈവാനിയോസ് പിതാവിനെ പ്രിയപ്പെട്ട മകൻ (Good son) എന്നാണ് അഭിസംബോധന ചെയ്ത് സ്വീകരിച്ചത്. റോമിൽ വച്ച് ഫീദ്സ് എന്ന പത്രത്തിന്റെ ലേഖകന് ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവ് അനു



**പരിഭാഷ :**
**ജോമി തോമസ്**
**കലയപുരം**

www.malankaralibrary.com





വദിച്ച ഇംഗ്ലീഷ് അഭിമുഖത്തിന്റെ പരിഭാഷ.

**ലേഖകൻ : ഭാരതക്രൈസ്തവ സഭയിലെ ഭിന്നതകളെക്കുറിച്ച് പറയാനുള്ളത്?**

**പിതാവ് :** ഭാരതത്തിലെ മലബാർ പ്രദേശത്ത് അധിവസിച്ചിരുന്ന ഒരു പൗരാണിക സമൂഹമാണ് അവർ. മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിത പ്രവർത്തനത്തിൽ ക്രിസ്തീയ മാർഗ്ഗം പിന്തുടർന്നുവന്ന അവരെ സെന്റ് തോമസ് ക്രിസ്ത്യാനികൾ എന്നാണ് വിളിച്ചുപോന്നിരുന്നത്. പതിനേഴാം നൂറ്റാണ്ടിലാണ് കേരളസഭയിൽ ഭിന്നതകൾ ഉടലെടുത്തത്. കേരളത്തിലെ പുത്തൻകൂർ, പഴയകൂർ എന്ന പേരിൽ രണ്ട് വിഭാഗം ഉണ്ടായി. സീറോ മലബാർ എന്ന പഴയകൂർ വിശ്വാസികളും യാക്കോബായക്കാർ എന്ന പുത്തൻകൂർ വിശ്വാസികളും. ഒരു നൂറ്റാണ്ടുകൂടി പിന്നിട്ടപ്പോൾ പുത്തൻകൂറുകാർക്കിടയിൽ പ്രൊട്ടസ്റ്റന്റ് പഠിപ്പിക്കലുകളും ഇടപെടലുകളും ഉണ്ടായതിന്റെ ഭാഗമായി മാർത്തോമ്മാ സഭ എന്ന വിഭാഗവും ഉടലെടുത്തു. യാക്കോബായ-വിഭാഗത്തിലും മാർത്തോമ്മാ വിഭാഗത്തിലുമായി ലക്ഷക്കണത്തിന് വിശ്വാസികളുമുണ്ട്. എന്നാൽ ഈ രണ്ടു വിഭാഗങ്ങളും പള്ളികളും, സ്കൂളുകളും, ആശുപത്രികളും മറ്റും സ്ഥാപിച്ച് തനതായ സുവിശേഷ പ്രവർത്തനങ്ങൾ ചെയ്യുന്നുമുണ്ട്. സാമൂഹ്യപരമായി കേരളത്തിലെ ക്രൈസ്തവർ ഉന്നതകുലത്തിൽപ്പെട്ടവരായിരുന്നു. ഭാരതത്തിലെ ഇതര മതസ്ഥരുമായി തികച്ചും സൗഹാർദ്ദത്തിലായിരുന്നു അവർ കഴിഞ്ഞിരുന്നത്.

**ലേഖകൻ : പിതാവിന്റെ പുനരൈക്യത്തെക്കുറിച്ചും ബഥനി പ്രസ്ഥാനത്തെക്കുറിച്ചും ഒന്നു വിവരിക്കാമോ?**

**പിതാവ് :** ഞാൻ യാക്കോബായ വിഭാഗത്തിലാണ് ജനിച്ചത്. മദ്രാസ് യൂണിവേഴ്സിറ്റിയിലായിരുന്നു എന്റെ പഠനം. അതിനുശേഷം ഞാൻ കൽക്കട്ട സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ പ്രൊഫസറായി സേവനമനുഷ്ഠിച്ചു. ഞാൻ കൽക്കട്ടയിലായിരിക്കുമ്പോൾ ക്രൈസ്തവ സഭയെക്കുറിച്ചും അതിന്റെ ചരിത്രത്തെക്കുറിച്ചും ധാരാളം വായിക്കാനിടയായി. പ്രത്യേകിച്ച് വിശുദ്ധരുടെ ജീവിതം എന്നെ വല്ലാതെ ആകർഷിച്ചു. ഞാൻ ഉൾപ്പെടുന്ന യാക്കോബായ സഭയുടെ സ്ഥാനത്തെക്കുറിച്ചും അതിന്റെ ചരിത്രത്തെക്കുറിച്ചുമെല്ലാം ഞാൻ പഠിച്ചുകൊണ്ടേയിരുന്നു. ഇങ്ങനെയിരിക്കെ ഞാൻ എന്റെ പ്രൊഫസർ പദവി ഉപേക്ഷിച്ച് ഒരു ചെറിയവിഭാഗം ശിഷ്യരെയുംകൂട്ടി റാന്നി വനാന്തരത്തിൽ ഒരു ചെറിയ ആശ്രമസമൂഹം സ്ഥാപിച്ചു. യാക്കോബായ സഭയിൽ ഇദം പ്രഥമമായിട്ടായിരുന്നു ഇത്തരത്തിൽ ഒരു ആശ്രമ പ്രസ്ഥാനം സമാരംഭിക്കുന്നത്. ഇക്കാലഘട്ടത്തിൽ തന്നെ ആദ്ധ്യാത്മികതയുള്ള ഏതാനും യുവതികളെ ഞാൻ കൽക്കട്ടയിൽ യൂണിവേഴ്സിറ്റി പഠനത്തിന് കൊണ്ടുപോയിരുന്നു. അവരുടെ ആദ്ധ്യാത്മിക ഉപദേഷ്ടാവായിരുന്ന ഞാൻ അവർക്കുവേണ്ടി ഒരു സന്ന്യാസിനി സമൂഹവും ആരംഭിച്ചു. രണ്ട് വിഭാഗവും തിരുവിതാംകൂറിൽ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയി. ഇക്കാലഘട്ടത്തിൽ എന്റെ സഭയിൽ മെത്രാനാകാൻ എന്നെ തെരഞ്ഞെടുത്തു. മെത്രാനാകുന്ന അവസരത്തിൽ വി. ലിയോയ്ക്കും കാൽസിഡോൺ സുന്നഹദോസിനും എതിരെയുള്ള ശാപവാക്കുകൾ പറയാൻ ഞാൻ സന്നദ്ധനായില്ല. പിന്നീട് ഞാൻ യാക്കോബായാ സഭയുടെ ബഥനി മെത്രാനായി. ഇക്കാലഘട്ടത്തിൽ സഭയിൽ വ്യവഹാരങ്ങളും ഭിന്നിപ്പും വർദ്ധിക്കുകയും പ്രൊട്ടസ്റ്റന്റ് വിശ്വാസത്തിന്റെ ആധിക്യം



www.malankaralibrary.com



സഭയുടെ വളർച്ചയ്ക്ക് തടസ്സമാവുകയും ചെയ്തു. മനുഷ്യത്വവും സാഹോദര്യവും നഷ്ടപ്പെട്ട ആദ്ധ്യാത്മികത നഷ്ടപ്പെട്ട ഒരു കൂട്ടമായി എന്റെ സഭ മാറുന്നത് എന്നെ വളരെയധികം വേദനിപ്പിച്ചു. എന്നാൽ സഭയിലെ ഭിന്നിപ്പിനു പരിഹാരം തേടിയുള്ള എന്റെ അന്വേഷണങ്ങൾ സത്യസഭ ഏതാണെന്ന സത്യം കണ്ടുപിടിക്കാൻ കാരണമായി. ഈ അന്വേഷണമാണ് സാർവ്വത്രിക സഭാകൂട്ടായ്മ എന്ന പരമസത്യത്തിലേക്ക് എന്നെ ആനയിച്ചത്. ഈ സത്യാന്വേഷണത്തിന്റെ യാഥാർത്ഥ്യം ഉൾക്കൊള്ളാനായി തിരുസിംഹാസനത്തിലേക്ക് ഞാൻ നിവേദനം അയച്ചു.

തിരുസിംഹാസനത്തിലേക്ക് ഞാൻ അയച്ച നിവേദനത്തിന് അനുകൂലമായ മറുപടി ഉണ്ടാവുകയും വി. പത്രോസിന്റെ പിൻഗാമിയാൽ നയിക്കപ്പെടുന്ന സാർവ്വത്രിക സഭാകൂട്ടായ്മയിലേക്ക് എന്നെ സ്വീകരിക്കുകയും ചെയ്തു. പരിശുദ്ധ പിതാവ് എന്നെ സ്വീകരിക്കുകയും രണ്ടുകൈകളും ചേർത്ത് എന്നെ ആലിംഗനം ചെയ്യുകയും ചെയ്തത് ഒരു ചരിത്രമുഹൂർത്തമായി ഞാൻ കാണുന്നു.

തദവസരത്തിൽ അപ്പസ്തോലിക് ഡെലിഗേറ്റായ ആർച്ച് ബിഷപ്പ് എഡ്വേർഡ് മൂണി പിതാവും സന്നിഹിതനായിരുന്നു. സ്വാഗതം സുസ്വാഗതം എന്ന് വിളിച്ചാണ് പരിശുദ്ധപിതാവ് എന്നെ വരവേറ്റത്.

1930 സെപ്റ്റംബർ 20 എന്ന ദിനം എനിക്ക് ഒരിക്കലും വിസ്മരിക്കാനാവാത്തതാണ്. ക്രിസ്തുവിന്റെ ഈ ലോകത്തെ വികാരിയെ സ്വീകരിച്ച സന്തോഷദിനമാണന്ന്. കത്തോലിക്കാ വിശ്വാസം സ്വീകരിക്കാൻ ഞങ്ങൾ അഞ്ചുപേർക്ക് ദൈവം വാഗ്ദാനം ചെയ്ത സുദിനം. 1931 ക്രിസ്തുമസിനും ഞാൻ പരിശുദ്ധപിതാവിന് ആശംസകളും പുനരൈക്യത്തെക്കുറിച്ചുള്ള പുരോഗതികളും അറിയിക്കുകയുണ്ടായി.

### ലേഖകൻ : പിതാവിന്റെ പുനരൈക്യ പ്രസ്ഥാനത്തിന്റെ നിലവിലെ പുരോഗതികൾ?

**പിതാവ് :** രണ്ട് സന്ന്യാസ സമൂഹവും നിരവധി വൈദികരും, ബ്രദേഴ്സും, നിരവധി അത്മായരും എന്നോടൊപ്പം സഭയിൽ ഇതിനോടകം ചേർന്നിട്ടുണ്ട്. നിരവധി യാക്കോബായക്കാരും ചേർന്നുകൊണ്ടിരിക്കുന്നു.

തിരുവിതാംകൂറിന്റെ തലസ്ഥാനമായ തിരുവനന്തപുരവും മദ്ധ്യതിരുവിതാംകൂറിലെ തിരുവല്ലയും കേന്ദ്രമാക്കിയുള്ള ഭരണസംവിധാനങ്ങൾ ഞങ്ങൾക്ക് അനുവദിക്കാമെന്ന് തിരു-സിംഹാസനം ഉറപ്പുനൽകിയിട്ടുണ്ട്. ഏറെ താമസിക്കാതെ സംവിധാനങ്ങൾ എല്ലാം നിലവിൽ വരും എന്നു ഞാൻ പ്രത്യാശിക്കുന്നു. നിലവിൽ സെമിനാരികളൊന്നും തന്നെയില്ല. എന്റെ സഹോദര മെത്രാൻ മാർ തെയോഫിലോസ് പിതാവ് തിരുവല്ലയിൽ താമസിച്ചുകൊണ്ടാണ് പുനരൈക്യപ്രസ്ഥാനങ്ങൾക്കുവേണ്ടി പരിശ്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്.




www.malankaralibrary.com





**ലേഖകൻ : പിതാവിന് പുനരൈക്യ പ്രസ്ഥാന ആരംഭത്തിനുശേഷം നേരിട്ട പ്രയാസങ്ങൾ?**

**പിതാവ് :** വളരെ വലിയ രീതിയിലുള്ള പുനരൈക്യങ്ങൾ വിവിധയിടങ്ങളിൽ നടന്നുവരുന്നു. അവർക്ക് സൗകര്യങ്ങളൊരുക്കുന്നതിൽ ധാരാളം പ്രയാസങ്ങൾ നേരിടുന്നു. പള്ളികളുടെയും ചാപ്പലുകളുടെയും അഭാവം ഞങ്ങളെ വല്ലാതെ അലട്ടുന്നു. പ്രാർത്ഥനകളും പരിത്യാഗങ്ങളും വഴി ദൈവം പ്രയാസങ്ങൾക്ക് പരിഹാരം നൽകും എന്നു ഞങ്ങൾ വിശ്വസിക്കുന്നു. പുനരൈക്യപ്പെട്ടവർക്കെതിരെ ധാരാളം അക്രമങ്ങളും വ്യവഹാരങ്ങളും എതിരാളികൾ നടത്തുന്നു. പുനരൈക്യം തടയാനുള്ള കുതന്ത്രങ്ങളും ചിലർ നടത്തുന്നുണ്ട്. വധഭീഷണികളും കുടിയിറക്കും വിലക്കുകളും പീഡനങ്ങളും പലയിടത്തും ഞങ്ങൾ നേരിടുന്നു. പക്ഷേ കാരുണ്യവാനായ ദൈവത്തിന്റെ കരുതൽ ഞങ്ങളെ മുന്നോട്ടുനയിക്കുന്നു. ബലഹീനനായ എനിക്കെതിരെയും വധഭീഷണി ഉണ്ടായിട്ടുണ്ട്.



**ലേഖകൻ : പുനരൈക്യപ്രസ്ഥാനത്തിന്റെ ഭാവിപരിപാടികളെപ്പറ്റി പിതാവിന് പറയാനുള്ളത്?**

**പിതാവ് :** തിരുവിതാംകൂറിലും മലബാറിലും പുനരൈക്യത്തിനായി ധാരാളം വിശ്വാസികൾ മുന്നോട്ടുവരുന്നു. ഭാരതമാനസാന്തരം ഞങ്ങളുടെ ലക്ഷ്യമാണ്. അതിനുവേണ്ടി ആവുന്നത്ര ഞങ്ങൾ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. സാമൂഹ്യപരമായും സാംസ്ക്കാരികപരമായും ക്രൈസ്തവരെ ഉയർത്താനും അവരെ രാഷ്ട്രത്തിന്റെ പുരോഗതിയിൽ ഭാഗമാക്കാനും വേണ്ട പരിശ്രമങ്ങളും ഞങ്ങൾ ആവിഷ്ക്കരിക്കുന്നു. പരിശുദ്ധ മാർപ്പാപ്പയുടെ കീഴിൽ സാർവ്വത്രിക സഭാകൂട്ടായ്മയിൽ ഒത്തൊരുമിച്ച് പ്രാർത്ഥിക്കുന്ന ഒരു സമൂഹമായി ഞങ്ങൾ മുന്നോട്ടുപോകും. ക്രിസ്തുവിന്റെ സുവിശേഷം മറ്റുള്ളവരെ അറിയിക്കുവാൻ ഞങ്ങൾ ജീവിതാവസാനം വരെ പരിശ്രമിക്കും.

●


www.malankaralibrary.com





ഫാ. യൽദോ മോഴശ്ശേരിൽ

# കേരള നവോത്ഥാന നായകൻ: ധന്യൻ മാർ ഈവാനിയോസ്



യൂറോപ്യൻ ഭൂഖണ്ഡത്തിൽ ഇരുണ്ട നൂറ്റാണ്ടുകൾക്കു ശേഷം കലയിലും സാഹിത്യത്തിലും ശാസ്ത്രത്തിലും രാഷ്ട്രീയ സാമ്പത്തിക ചിന്താധാരകളിലും സാംസ്കാരികവും മതപരവും വിദ്യാഭ്യാസപരവുമായ മേഖലകളിലുമുണ്ടായ അതിശയകരമായ മുന്നേറ്റം യൂറോപ്പിലെ പല രാജ്യങ്ങളെയും മറ്റുള്ള ഭൂഖണ്ഡങ്ങളിലെ രാജ്യങ്ങളെക്കാൾ മാനുഷികമായ പരിശ്രമങ്ങളിൽ പുരോഗമിക്കാൻ സഹായിച്ചു. നവോത്ഥാനം മനുഷ്യന്റെ ജ്ഞാനസമ്പാദനത്തിനും അറിവിന്റെ മേഖലയ്ക്കും പരിധികളില്ലാത്ത ലോകം തുറന്നിട്ടു. അപ്രകാരം തന്നെ കേരളസമൂഹത്തിനും അനേക മഹാത്മാക്കളുടെ അശ്രാന്തപരിശ്രമത്തിന്റെ ഫലമായി സാമൂഹികവും സാംസ്കാരികവും മതപരവുമായ മേഖലകളിൽ അധ്വാനിച്ച വ്യക്തികളിൽ വിസ്മരിക്കപ്പെട്ട വ്യക്തിയാണ് ധന്യനായ മാർ ഈവാനിയോസ്. വി. ചാവറ കുര്യാക്കോസ് ഏലിയാസ് എന്ന മഹാനായ സാമൂഹിക പരിഷ്ക്കർത്താവ് പോലും ഈ അടുത്തിടെയാണ് കേരള നവോത്ഥാന നായകനായി അംഗീകരിക്കപ്പെട്ടത്. ശ്രീനാരായണ ഗുരു, ചട്ടമ്പി സ്വാമികൾ, അയ്യങ്കാളി, വൈകുണ്ഠ സ്വാമികൾ, ഡോ. പൽപ്പു, വൈക്കം മൗലവി, മന്നത്ത് പദ്മനാഭൻ എന്നീ മഹാത്മാക്കളുടെ ഒപ്പം വാഴ്ത്തപ്പെടേണ്ട നാമമാണ് ധന്യൻ മാർ ഈവാനിയോസ് പിതാവിന്റേത്. ചാവറ പിതാവിനോടൊപ്പം തന്നെ പല സാംസ്കാരികവും മതപരവും വിദ്യാഭ്യാസപരവുമായ തലങ്ങളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച മഹാത്മാവാണ് അദ്ദേഹം.

www.malankaralibrary.com



## വിദ്യാഭ്യാസം

ധന്യൻ മാർ ഈവാനിയോസ് പിതാവ് വിദ്യാഭ്യാസത്തിന്റെ നന്മ സ്വന്തം ജീവിതത്തിൽ മനസ്സിലാക്കിയപ്പോൾ അദ്ദേഹം ഒരു വിശ്വഗുരുവായി പരിണമിക്കുവാനുള്ള എല്ലാ പരിശ്രമങ്ങളിലും ഏർപ്പെട്ടു. നമ്മുടെ കർത്താവായ യേശുമിശിഹാ ഇസ്രായേലിൽ ജനിച്ച് അവിടെ ദൈവരാജ്യം പ്രഘോഷിച്ചെങ്കിലും അവിടുത്തെ ശിഷ്യന്മാർക്ക് നല്കിയ ദൗത്യം താൻ നല്കിയ സന്ദേശം ഈ പ്രപഞ്ചം മുഴുവൻ പ്രഘോഷിക്കപ്പെടണം എന്നതാണ്. പ്രാദേശിക സഭയുടെ ചുരുങ്ങിയ ഇടങ്ങളിൽ മാത്രമല്ല സാർവ്വത്രികമായിട്ട് ഓരോ പ്രാദേശിക സഭയും വളരണം എന്നത് പിതാവിന്റെ വലിയ സ്വപ്നമായിരുന്നു. സാർവത്രികതയെ അംഗീകരിക്കാത്ത ഇടുങ്ങിയ ചിന്തയിൽ ജീവിക്കുന്ന ഒരു പ്രാദേശിക സഭയെ സാർവത്രിക സഭയായ കത്തോലിക്കാസഭയുമായി ഐക്യപ്പെടുത്തുവാനായി മോശയെപ്പോലെ ഒരു പുറപ്പാടിന്റെ അനുഭവത്തിലൂടെ വേർപിരിഞ്ഞുപോയ തിരുസഭയുടെ മക്കളെ തിരിച്ച് കത്തോലിക്കാസഭയിലേക്ക് ധന്യൻ മാർ ഈവാനിയോസ് പിതാവ് ആനയിച്ചു. പിതാവിന്റെ ജീവിതത്തിന്റെ ആദ്യഘട്ടങ്ങളിൽ നമുക്ക് കാണാൻ സാധിക്കുന്നത് അദ്ദേഹത്തിന്റെ വിദ്യാഭ്യാസപരമായ പരിശ്രമങ്ങളാണ്. കൺവൻഷൻ പ്രസംഗങ്ങളിലൂടെയും സുവിശേഷപ്രസംഗങ്ങളിലൂടെയും സഭയുടെ വിശ്വാസസത്യങ്ങളെയും കൂദാശകളെയും കൈമാറ്റം ചെയ്യുവാനും വികസനത്തിനുള്ള ഏകമാർഗ്ഗം വിദ്യാഭ്യാസമാണെന്നു വ്യക്തമാക്കുകയും അങ്ങനെ കൂദാശ ശെമ്മാശ്ശനെന്നും എം.എ അച്ചനെന്നും അദ്ദേഹം വാഴ്ത്തപ്പെടുകയുണ്ടായി. ആഴമായ വായനയിലൂടെ ലോകത്തിലെ പുതിയ മുന്നേറ്റങ്ങളെക്കുറിച്ചും സാമൂഹിക പരിഷ്ക്കരണങ്ങളെക്കുറിച്ചും വളർച്ചയുടെ നാനാമുഖങ്ങളെക്കുറിച്ചും പഠിച്ച് അവ മറ്റുള്ളവർക്ക് പകർന്നു കൊടുക്കാനും അദ്ദേഹം മറന്നില്ല. ജി. കെ. ചെസ്റ്റർട്ടൻ എന്ന ആംഗലേയ കവി അദ്ദേഹവുമായി ആഴത്തിലുള്ള ബന്ധം സൂക്ഷിക്കുവാൻ കാരണമായത് അദ്ദേഹത്തിന് ആംഗലേയ സാഹിത്യത്തിൽ ആഴമായ അവഗാഹം ഉണ്ടായിരുന്നതുകൊണ്ടാണ്. ഭാരതത്തിലെ അനേക സംസ്ഥാനങ്ങൾ അദ്ദേഹം സന്ദർശിക്കുകയും ശാന്തിനികേതനുമായും ആശയപരമായ അടുപ്പം പുലർത്തുകയും ചെയ്തു. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് വൈദികനായിരുന്നപ്പോൾ തന്നെ തനിക്ക് സെറാമ്പൂർ കോളേജിൽ നിന്ന് ലഭിച്ച വേതനം അനേക മക്കളെ ഉന്നതവിദ്യാഭ്യാസം നല്കാനും അവരെ സാമൂഹിക അവബോധത്തിൽ വളർത്തുവാനും അദ്ദേഹം അക്ഷീണം പരിശ്രമിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസം ഭാരതത്തെ ലോകത്തിന്റെ നെറുകയിൽ കൊണ്ട് നിർത്തും എന്ന് അദ്ദേഹത്തിന് ദീർഘവീക്ഷണമുണ്ടായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസ സമ്പ്രദായം സാമൂഹിക വളർച്ചയ്ക്കും ഭൗതിക വളർച്ചയ്ക്കും സഹായിക്കും എന്നും, ലോകപൗരന്റെ തലത്തിലേക്ക് ഉയരാൻ ആഗോളതലത്തിൽ സമ്പർക്കത്തിനും ആശയവിനിമയത്തിനും സാമ്പത്തിക പുരോഗതി ഉന്നം വച്ചുള്ള വ്യാപാര വാണിജ്യ ഇടപെടലുകൾക്കും ഇംഗ്ലീഷ് ഭാഷയുടെ പഠനം സഹായിക്കും എന്ന് ആ പ്രവാചക തുല്യനായ പിതാവ് വിശ്വസിച്ചു. ഓർത്തഡോക്സ് സഭയിൽ മേല്പ്പട്ട സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടതിനുശേഷം അദ്ദേഹം അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് തുടക്കം കുറിച്ചു. അദ്ദേഹത്തിന്റെ വിദ്യാഭ്യാസ വീക്ഷണത്തിന്റെ മകുടോദാഹരണമാണ് തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന മാർ ഈവാനിയോസ് കോളേജ്. സമൂഹത്തിലെ എല്ലാ തട്ടിലും ഉള്ള വ്യക്തികളിലേക്ക് ഉന്നതനിലവാരത്തിലുള്ള വിദ്യാഭ്യാസം എത്തിച്ചേരണമെന്ന് അദ്ദേഹം ആശിച്ചു. ഇന്നും മലങ്കര കത്തോലിക്കാസഭയുടെ വിദ്യാഭ്യാസ വീക്ഷണവും നയവും അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് ധന്യനായ പിതാവിന്റെ വിദ്യാഭ്യാസ തത്വശാസ്ത്രത്തിലാണ്. അമർത്യാസെൻ തന്റെ അനേകഗ്രന്ഥങ്ങളിൽ പ്രത്യേകിച്ച് “The Argumentative Indian: Writings on Indian History, Culture, and Identity (2005), Home in the World: A Memoir (2021)” എന്നീ ഗ്രന്ഥങ്ങളിൽ ഒരു രാജ്യം സാമ്പത്തികമായി സുസ്ഥിതി നേടുന്നത് ആ രാജ്യത്തിലെ സ്ത്രീകൾക്ക് ഉന്നതവിദ്യാഭ്യാസം ലഭ്യമാകുമ്പോഴാണ്. സാമ്പത്തിക ശാസ്ത്രത്തിൽ നൊബേൽ സമ്മാനം നേടിയ അമർത്യാസെൻ ഈ വീക്ഷണം മുന്നോട്ട് വയ്ക്കുന്നതിനുമുമ്പ് ധന്യൻ മാർ ഈവാനിയോസ് പിതാവ് സ്ത്രീകളുടെ വിദ്യാഭ്യാസ തലങ്ങളെക്കുറിച്ച് കൃത്യമായ ബോധ്യവും ഇടപെടലും നടത്തിയ വ്യക്തിയാണ്. ബാലികമഠം സ്കൂളും പെൺകുട്ടികൾക്ക് മാത്രമായുള്ള അനേക സ്കൂളുകളും അദ്ദേഹം സ്ഥാപിച്ചു. സ്ത്രീകളുടെ വിദ്യാഭ്യാസം പാടെ അവഗണിക്കപ്പെട്ട ഒരു സാമൂഹിക പശ്ചാത്തലത്തിലാണ് ഇപ്രകാരമുള്ള ധീരമായ ഇടപെടൽ അദ്ദേഹം നടത്തിയത്. സന്ന്യാസപ്രസ്ഥാനങ്ങളിൽ പുരുഷന്മാർ മാത്രമല്ല സ്ത്രീകളുടെ സാന്നിധ്യത്തെക്കൂടി ഉറപ്പുവരുത്തി. ഇന്ന് നാം ചർച്ച ചെയ്യുന്ന പാട്രിയാർക്കൽ സമൂഹത്തിന് ബദലായി സ്ത്രീകളുടെ ശക്തീകരണത്തിനും വിദ്യാഭ്യാസ ഉന്നമനത്തിനും സ്ത്രീകൾക്കുവേണ്ടി അന്നുവരെ കേരളത്തിലെ അന്ത്യോക്യൻ സുറിയാനി സമൂഹത്തിൽ കേട്ടുകേൾവി ഇല്ലായിരുന്ന സന്ന്യാസിനിസമൂഹങ്ങളെ രൂപപ്പെടുത്തുവാനും അതുവഴിയായി അനേക പ്രഗത്ഭരായ സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുവാനും പിതാവിന് ഇടയായി. ഉന്നതവിദ്യാഭ്യാസത്തിന് കേരളസമൂഹത്തിൽ ശക്തമായ അടിത്തറ ഇടുവാൻ ധന്യപിതാവിന് സാധിച്ചു. സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ട എല്ലാവരിലേക്കും വിദ്യാഭ്യാസത്തിന്റെ പ്രകാശം എത്തിച്ചേരണമെന്ന് പിതാവ് ആഗ്രഹിച്ചു. വിദ്യാഭ്യാസത്തിന്റെ

www.malankaralibrary.com


നൂതനമായുള്ള അനേക രൂപഭാവങ്ങൾ അന്താരാഷ്ട്ര തലത്തിലുള്ള സർവകലാശാലകൾ സന്ദർശിക്കുകയും അവരുമായി പരസ്പരമുള്ള വിദ്യാഭ്യാസ ചിന്തകൾ കൈമാറുകയും ചെയ്തു. അദ്ദേഹത്തിന്റെ ഇംഗ്ലണ്ട് സന്ദർശനവേളയിൽ ഇപ്രകാരമുള്ള പരിശ്രമങ്ങൾ പലതും ഉണ്ടായതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ ഒരു വിശ്വഗുരുവായി മാർ ഈവാനിയോസ് പിതാവിനെ നിസ്സംശയം പ്രതിഷ്ഠിക്കാൻ കഴിയും. ഈ ലോകത്തിലെ എല്ലാ ഭൂഖണ്ഡങ്ങളും സന്ദർശിക്കുകയും സാർവത്രിക സഭയിലെ പുരാതനമായ മലങ്കര കത്തോലിക്കാസഭയെക്കുറിച്ച് അനേക നാടുകളിൽ അത് പ്രസിദ്ധമാക്കുകയും ചെയ്യാൻ ധന്യനായ പിതാവിന് സാധിച്ചു. അമേരിക്കൻ പ്രസിഡന്റുമായും അനേക രാഷ്ട്രീയ സാമൂഹിക സാഹിത്യരംഗങ്ങളിലെ മഹാന്മാരുമായി ആശയങ്ങൾ പങ്കുവയ്ക്കുവാനും അവരിലൂടെ ലഭിച്ച വലിയ അറിവുകളെ കേരളസമൂഹത്തിൽ പകരുവാനും അദ്ദേഹത്തിന് സാധിച്ചു. അദ്ദേഹത്തെ ഏറ്റവും കൂടുതൽ എതിർത്ത ദിവാൻ സർ സി.പി. പോലും അദ്ദേഹത്തിന്റെ വിദ്യാഭ്യാസ പരിഷ്ക്കരണങ്ങളെ മനസ്സോടെ അംഗീകരിച്ചിരുന്നു.

## ആരോഗ്യരംഗം

മലങ്കര കത്തോലിക്കാസഭയുടെ മറ്റൊരു കർമ്മമേഖലയാണ് ആരോഗ്യരംഗം. പിതാവിന്റെ വലിയ സ്വപ്നത്തിന്റെ അടിസ്ഥാനത്തിലാണ് മലങ്കര കത്തോലിക്കാസഭയിൽ ആരോഗ്യരംഗങ്ങളും പ്രവർത്തകരും ഇന്ന് ഇടപെടുന്നത്. കർത്താവായ യേശുമിശിഹായുടെ രക്ഷാകര പ്രവർത്തനങ്ങളിൽ പ്രാധാന്യം അർഹിക്കുന്ന ഒരു മേഖലയാണ് രോഗികളുടെ പരിചരണം. സമൂഹത്തിന്റെ ആരോഗ്യമേഖലയിൽ മെച്ചപ്പെട്ട സേവനം നല്കുവാൻ പിതാവ് അഹോരാത്രം പ്രവർത്തിച്ചു. പിതാവിന്റെ പരിശ്രമഫലമായി അനേക ആരോഗ്യ പരിപാലന കേന്ദ്രങ്ങൾക്ക് രൂപം നല്കാൻ കഴിഞ്ഞു.

## സാമൂഹിക ക്ഷേമപദ്ധതികൾ

കമ്മ്യൂണിറ്റി വികസനപദ്ധതികൾക്ക് ധന്യൻ രൂപം നല്കി. സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നില്ക്കുന്ന സമൂഹങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാനും ഉയർത്തുവാനുമായി അനേകപദ്ധതികൾക്ക് രൂപം നല്കി. ഇന്നു മലങ്കര കത്തോലിക്കാസഭയിലുള്ള സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ പിതാവിന്റെ ചിന്തയിൽ നിന്ന് യാഥാർത്ഥ്യം പ്രാപിച്ചതാണ്. നവതിയുമായി ബന്ധപ്പെട്ട് എല്ലാവർക്കും ഭവനം എന്ന സ്വപ്നം ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്നത്തിന്റെ സാക്ഷാത്ക്കാരമായിരിക്കും. നിർധനർക്കുവേണ്ടി പിതാവ് നിലകൊണ്ടത് ചരിത്രസത്യമായി ഇന്നും പ്രഘോഷിക്കപ്പെടുന്നത് മലങ്കരകത്തോലിക്കാസഭയുടെ സാമൂഹിക ക്ഷേമപദ്ധതികളിലൂടെയാണ്. ഇപ്രകാരം നമ്മുടെ സാമൂഹിക വളർച്ചയ്ക്കുവേണ്ടി വിദേശ രാജ്യങ്ങളുമായി ബന്ധപ്പെട്ട് പിതാവ് അനേക പദ്ധതികൾ രൂപം നല്കി. മലങ്കര കത്തോലിക്കാസഭയെ പരിഹാസത്തോടെ പാൽപ്പൊടി സഭയെന്ന് പറയുന്നവർ പോലും ഈ സഭയുടെ സാമൂഹിക അവബോധത്തെ അറിയാതെതന്നെ മാനിക്കുന്നുണ്ട്. മലങ്കര കത്തോലിക്കാസഭ അടിസ്ഥാനപരമായിട്ട് മനുഷ്യരുടെ സാഹോദര്യം, സമത്വം, സ്വാതന്ത്ര്യം എന്നീ ത്രിവിധ മാനുഷികവും ജനാധിപത്യപരവുമായ മൂല്യങ്ങളെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു. സാർവത്രിക പൗരന്റെ അവബോധത്തിൽ നിന്നാണ് ധന്യനായ പിതാവിന് ഈ ചിന്തകൾ രൂപപ്പെടുന്നത്. ഒരു സാമൂഹിക പരിഷ്ക്കർത്താവ് എന്ന നിലയിൽ പിതാവ് ലോകചരിത്രത്തെയും ഭാരതത്തിന്റെ ചരിത്രത്തെയും വളരെ ആഴത്തിൽ പഠിക്കുകയും അപഗ്രഥിക്കുകയും ചെയ്തിരുന്നു. ചരിത്രത്തിൽ നിന്ന് പഠിക്കുക എന്നുള്ള വലിയ അവബോധം പിതാവ് സൂക്ഷിച്ചിരുന്നു. ചരിത്രത്തെ അറിയാവുന്നതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ പല സാമൂഹിക പരിഷ്ക്കരണങ്ങളും ഭാവിയെ ലക്ഷ്യമാക്കിക്കൊണ്ട് ഉള്ളതാണെന്ന് നാം ഇന്ന് തിരിച്ചറിയുന്നു. പിതാവിന്റെ എഴുത്തുകളും പ്രസംഗങ്ങളും എല്ലാംതന്നെ ഭാവിയെ ചൂണ്ടിക്കൊണ്ട് ദീർഘവീക്ഷണത്തോടുകൂടെ ഉള്ളതായിരുന്നു.



www.malankaralibrary.com



## സാമൂഹിക നീതി

സാമൂഹിക നീതിക്കുവേണ്ടി പോരാടുവാനായിട്ട് വന്ദ്യതാതൻ സമൂഹത്തിൽ സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിന്ന സമൂഹങ്ങളെ മുമ്പോട്ട് കൊണ്ടുവരുവാൻ പല പദ്ധതികൾക്ക് രൂപകല്പന നല്കി. ദളിത് സമൂഹങ്ങൾക്കിടയിൽ പിതാവ് നിർവ്വഹിച്ച അനേക പരിശ്രമങ്ങൾ ഇന്നും വാഴ്ത്തപ്പെടുന്നവയാണ്. ഒരു സമൂഹം സാമ്പത്തികമായി മാത്രമല്ല വിജ്ഞാനപരമായും വികസിക്കണമെന്നുള്ളത് പിതാവിന്റെ വലിയ ദൗത്യമായിരുന്നു. മറ്റ് മതങ്ങളുമായും സമൂഹങ്ങളുമായും പിതാവ് പുലർത്തിയിരുന്ന ഗാഢമായ ബന്ധം ഇത്തരുണത്തിൽ സ്മരണീയമാണ്. എല്ലാ മനുഷ്യരുടെയും ഉന്നമനത്തിന് തുല്യമായ അവകാശങ്ങളും അവസരങ്ങളും ലഭിക്കുക എന്നുള്ളത് പിതാവിന്റെ വലിയ സ്വപ്നമായിരുന്നു. അതിനുവേണ്ടി പിതാവ് പിന്നോക്ക സമൂഹങ്ങൾക്ക് അനേക അവസരങ്ങൾ നല്കി സാമൂഹികമായി അവരെ വളർത്തുകയും ചെയ്തു.

പാർശ്വവത്ക്കരിക്കപ്പെട്ട സമൂഹങ്ങളുടെ ശക്തീകരണത്തിന് അദ്ദേഹം മലങ്കര സഭയെ പ്രത്യേകമായി പഠിപ്പിക്കുകയും യേശുക്രിസ്തുവിന്റെ സന്ദേശത്തിന്റെ അടിസ്ഥാനപരമായ കാതൽ എല്ലാ മനുഷ്യന്റെയും സമത്വമാണെന്ന് വന്ദ്യ പിതാവ് വിശ്വസിക്കുകയും ചെയ്തു. ജാതിവ്യവസ്ഥിതിയിലുള്ള തൊട്ടുകൂടായ്മകൾ നിലനിന്നിരുന്ന സമൂഹത്തിൽ വന്ദ്യ പിതാവ് ധീരതയോടെ അവയുടെ ഉന്മൂലനത്തിനു വേണ്ടി പ്രവർത്തിച്ചു. അനേക ദളിത് കോളനികളിൽ മിഷൻ പ്രവർത്തനങ്ങൾ ആരംഭിക്കുകയും അവർക്ക് വേണ്ടതായിട്ടുള്ള സാമൂഹികസംരക്ഷണങ്ങൾ ഒരുക്കുകയും ചെയ്തു. പിതാവ് അനേക തവണ ദളിത് മിഷനുകൾ സന്ദർശിക്കുകയും അവരുടെ മനസ്സിലുള്ള അപകർഷതാബോധത്തെ മാറ്റുകയും സമൂഹത്തിന്റെ അനിവാര്യ ഘടകങ്ങളായി അവരെ മാറ്റുകയും ചെയ്തു. അനേക അനാഥാലയങ്ങൾക്കും ഭിന്നശേഷിയുള്ള വ്യക്തികൾക്കായുള്ള സ്ഥാപനങ്ങളും ആരംഭിച്ചുകൊണ്ട് സമൂഹത്തിലെ ബലഹീന ഗ്രൂപ്പുകൾക്കുവേണ്ടി പ്രവർത്തിച്ചു. സമൂഹത്തിലുള്ള ദുരാചാരങ്ങളും അന്ധവിശ്വാസങ്ങളും മദ്യപാനവും ചൂതാട്ടങ്ങളും എന്നീ സാമൂഹിക തിന്മകൾക്കെതിരെ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരുകയും സമൂഹത്തിൽ പല ബോധവത്ക്കരണ പരിപാടികളും ആസൂത്രണം ചെയ്യുകയും ചെയ്തു. സ്ത്രീ ശക്തീകരണത്തിനു വേണ്ടി പിതാവ് അനേക പദ്ധതികൾക്ക് രൂപം നല്കി. സ്ത്രീ പുരുഷന്മാരുടെ സമത്വത്തിനുവേണ്ടി വാചാലനായി പ്രസംഗിക്കുകയും ചെയ്തു. ചുരുക്കത്തിൽ പിതാവ് ഒരു സാമൂഹിക ശാസ്ത്രജ്ഞനും വലിയ വീക്ഷണങ്ങളുടെയും ദൗത്യങ്ങളുടെയും പ്രവാചകനുമാണ്. പലപ്പോഴും അദ്ദേഹത്തെ മതത്തിന്റെ നാലു ചുവരുകൾക്കുള്ളിൽ മാത്രം ഒതുക്കാൻ നോക്കുന്നത് അദ്ദേഹത്തോട് കാണിക്കുന്ന അനീതിയാണ്.



www.malankaralibrary.com


## മതപരമായ സംഭാവനകൾ

ഒരു പ്രാദേശിക സമൂഹമായി മാത്രം അധഃപതിച്ച് പോയ തന്റെ മാതൃസഭയെ കത്തോലിക്കാസഭയുടെ സാർവ്വത്രിക കൂട്ടായ്മയിലേക്ക് കൊണ്ടുവരാൻ അക്ഷീണമായി പരിശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്ത മഹാനായ പരിഷ്ക്കർത്താവാണ് ധന്യൻ മാർ ഈവാനിയോസ്. 1653 ലെ വിഭജനത്തിനു ശേഷം അനേക പുതിയകൂറ്റ് സമൂഹത്തിലെ ഇടയന്മാരുടെയും നായകന്മാരുടെയും പരിശ്രമം വിജയം കണ്ടത് ധന്യനായ മാർ ഈവാനിയോസ് പിതാവിലാണ്. തന്റെ സഭയിലുള്ള കലഹങ്ങൾക്ക് പരിഹാരം കാണുവാനായി സന്ന്യാസസഭകൾക്ക് രൂപം നല്കി പ്രാർത്ഥിക്കുന്ന ഒരു സമൂഹത്തെ രൂപപ്പെടുത്തുവാനും പിതാവ് പരിശ്രമിച്ചു. തന്റെ മാതൃസഭയിൽ ഒരു സന്ന്യാസ പ്രസ്ഥാനത്തിന് രൂപം നല്കാൻ കാരണം സഭയിൽ അച്ചടക്കവും ക്രമവും പുലർത്താനും സന്ന്യാസ പ്രസ്ഥാനത്തിന് കഴിയും എന്ന് പിതാവ് വിശ്വസിച്ചു. കൽക്കട്ടയിൽ ആയിരിക്കുമ്പോൾ തന്നെ കൽക്കട്ട സർവകലാശാലയിൽ പഠിക്കുന്ന സ്ത്രീകളുടെ ആത്മീയ ഉപദേഷ്ടാവായി പ്രവർത്തിച്ചു. അങ്ങനെ സ്ത്രീ ശാക്തീകരണത്തിന് ഉന്നത വിദ്യാഭ്യാസം നേടിയ സ്ത്രീജനങ്ങളുടെ സഹായം ഉറപ്പ് വരുത്തി. അങ്ങനെ മലങ്കരയിൽ രണ്ട് സന്ന്യാസി-സന്ന്യാസിനി സഭകൾക്ക് രൂപം നല്കി. സുറിയാനി ഭാഷയിലും അന്ത്യോക്യൻ ആരാധനക്രമത്തിലും ആഴമായ അവഗാഹവും പാണ്ഡിത്യവും ഉണ്ടായിരുന്ന വന്ദ്യ പിതാവ് ആരാധനക്രമപരമായ പരിഷ്ക്കാരങ്ങൾക്കും നേതൃത്വം നല്കി. അനേക ഗ്രന്ഥങ്ങൾ അദ്ദേഹം വിശ്വാസസത്യങ്ങളെക്കുറിച്ചും കൂദാശകളെക്കുറിച്ചും രചിക്കുകയുണ്ടായി. അദ്ദേഹം സ്പർശിക്കാത്ത മേഖലകളില്ല. എല്ലാ മേഖലയിലും അദ്ദേഹത്തിന്റെ വ്യക്തിമുദ്ര പതിപ്പിക്കുവാനും കേരള നവോത്ഥാനത്തിന് തന്റേതായ വലിയ സംഭാവനകൾ നല്കാനും 19-ാം നൂറ്റാണ്ടിന് മുമ്പ് കേരളത്തിൽ ഉണ്ടായിരുന്ന മാനുഷികമായ അസമത്വങ്ങൾ, ആരാധന സ്വാതന്ത്ര്യമില്ലായ്മകൾ, ജാതിവ്യവസ്ഥിതി എന്നീ തിന്മകൾക്കെതിരെ തന്റെ വ്യക്തി പ്രഭാവം കൊണ്ടും പ്രവാചക തുല്യമായ വചനങ്ങൾകൊണ്ടും ശ്രേഷ്ഠ പൗരോഹിത്യപരമായ ശക്തികൊണ്ടും സാമൂഹിക ഉന്നമനം നടത്തിയ നവോത്ഥാന നായകന്മാരിൽ മുൻപന്തിയിലാണ് ധന്യനായ മാർ ഈവാനിയോസ് പിതാവ്. വി. ചാവറ കുര്യാക്കോസ് നവോത്ഥാന നായകന്മാരിൽ എണ്ണപ്പെട്ടതുപോലെ അംഗീകരിക്കപ്പെടേണ്ട ശ്രേഷ്ഠ വ്യക്തിത്വത്തിന് ഉടമയാണ് ധന്യനായ മാർ ഈവാനിയോസ് പിതാവ്.



## ഉപസംഹാരം

ധന്യൻ മാർ ഈവാനിയോസ് പിതാവിനെ ഏറ്റവും അനുഗ്രഹിതനായ സാമൂഹിക പരിഷ്കർത്താവാക്കുന്നത് അദ്ദേഹത്തിന്റെ ആഗോള വ്യാപകമായ വീക്ഷണവും തത്വശാസ്ത്രവുമാണ് താൻ ജീവിച്ച ലോകത്തിന്റെ രാഷ്ട്രീയ സാമ്പത്തിക, മതപരമായ എല്ലാ മേഖലകളെയും കുറിച്ച് അദ്ദേഹത്തിന് ആഴത്തിലുള്ള അവഗാഹവും അറിവും ഉണ്ടായിരുന്നു. തന്റെ മാതൃസഭയുടെ ഇടുങ്ങിയ വീക്ഷണത്തിൽ നിന്ന് വിശാലമായ ചിന്താഗതിയിലേക്ക് സഭയെ നയിക്കുവാനും ഒരു വിശ്വപൗരനാകാനുള്ള എല്ലാ സാഹചര്യങ്ങളെ സഭയിൽ ഒരുക്കുവാനും ധന്യനായ പിതാവ് പരിശ്രമിച്ചു. ആ ചുവട് വെയ്പ്പാണ് 1930 ലെ പുനരൈക്യത്തിലൂടെ സാധിതമായത്. ദീർഘദർശിയായ പിതാവ് തെളിയിച്ച വഴിയിലൂടെ പോകാനുള്ള വിളിയാണ് മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് ലഭിച്ചിരിക്കുന്നത്. എല്ലാവരുടെയും ഉന്നമനം ഉദ്ദേശിച്ച പിതാവിന്റെ സ്വപ്നം പൂവണിയാൻ പോകുന്നത് എല്ലാവർക്കും ഭവനം എന്ന സ്വപ്നപദ്ധതിയായ ഇവാനിയൻ ഭവനപദ്ധതിയിലൂടെ ആണ്. സാമൂഹിക വളർച്ചയ്ക്ക് മാർ ഈവാനിയോസ് പിതാവിന്റെ ആത്മീയ വഴിയിൽ ഉള്ള മറ്റൊരു പദ്ധതി. ധന്യനായ പിതാവിന്റെ ആ വഴിയിലൂടെ നമുക്കും മുന്നേറാം.

www.malankaralibrary.com



തയ്യാറാക്കിയത് :
**ബിജു ജോർജ്ജ്, പ്രസിഡന്റ്, MCA തിരുവല്ല മേഖല**
**ശ്രീ. ജോൺ മാമൻ, ശ്രീ. റെജി എ. സി.,**
**ശ്രീമതി മിനി ജോയി കൂളിയാട്ട്**

**MCA** തിരുവല്ല മേഖല ഗുഡ്ഗാവ് ഡൽഹി ഭദ്രാസനത്തിലെ പഞ്ചാബ്, ജമ്മു, ഉത്തർപ്രദേശ്, ഹരിയാന, ഡൽഹി തുടങ്ങിയ സംസ്ഥാനങ്ങളിലെ വിവിധ മിഷനുകൾ സന്ദർശിക്കാൻ എടുത്ത തീരുമാനം എന്തുകൊണ്ടും പരിശുദ്ധാത്മ പ്രേരിതമെന്ന് കരുതുന്നു. അത്രയേറെ ഹൃദ്യമായ ഒരു അനുഭവമായിരുന്നു ആ യാത്ര. മലങ്കര സഭയുടെ മിഷൻ കേന്ദ്രങ്ങളിലൂടെയുള്ള ഞങ്ങളുടെ കുറച്ചു ദിനരാത്രങ്ങൾ...

പലയിടത്തും യാത്രകൾ നടത്തിയിട്ടുണ്ടെങ്കിലും പലരെയും കണ്ടുമുട്ടിയിട്ടുണ്ടെങ്കിലും ഈ പ്രത്യേക യാത്രയുടെ ജിജ്ഞാസയിൽ ആയിരുന്നു ഞങ്ങൾ; തിരുവല്ല മേഖലയിലെ വിവിധ ഇടവക പള്ളികളിൽ നിന്നുമുള്ള വൃദ്ധരും കുട്ടികളും കുടുംബങ്ങളും ഉൾപ്പെടുന്ന 20 പേരടങ്ങുന്ന ഒരു സംഘം, 2024 ഏപ്രിൽ

# ഒരു മിഷൻ യാത്രയുടെ ഓർമ്മക്കുറിപ്പുകൾ



www.malankaralibrary.com




27 നു ബഹു. ഫാ. ജസ്റ്റിൻ ഓലിക്കൽ ഫ്ളാഗ് ഓഫ് ചെയ്ത യാത്ര പ്രാർത്ഥനയോടെ തിരുവല്ലയിൽ നിന്ന് ബഹു. ഫാ. മാത്യു വാഴയിലിന്റെ നേതൃത്വത്തിൽ ചങ്ങനാശ്ശേരി പള്ളിയിൽ അതിരാവിലെ രണ്ട് മണിക്ക് വിശുദ്ധ കുർബാന അർപ്പിച്ച് യാത്ര ആരംഭിച്ചു.

കൊച്ചിയിൽനിന്നും ഡൽഹി എയർപ്പോർട്ടിൽ. കൊച്ചിയിൽവച്ച് സീറോമലബാർ സഭാ തലവൻ അഭി. റാഫേൽ തട്ടിൽ പിതാവിനെ കാണുകയും നമ്മുടെ യാത്രാവിവരങ്ങൾ ചോദിച്ചറിഞ്ഞു, നിങ്ങളുടെ ഈ ത്യാഗം ദൈവം ഓർക്കും തീർച്ച എന്നു പറഞ്ഞ് ഞങ്ങളെ യാത്രയാക്കി,

പകൽ 6 മണിക്ക് കൊച്ചി വിമാനത്താവളത്തിൽ എത്തുകയും അവിടെനിന്ന് വിമാനമാർഗ്ഗം രാവിലെ 10 മണിയോടുകൂടി ഡൽഹി എയർപോർട്ടിൽ എത്തുകയുമുണ്ടായി. ഡൽഹി എയർപോർട്ടിൽ ബഹു. സാം പതാക്കലിന്റെ നേതൃത്വത്തിൽ ഡൽഹി ഗുഡ്ഗാവ് രൂപതാ, മേഖല എംസിഎ ഭാരവാഹികൾ ഞങ്ങളെ സ്വീകരിക്കുവാൻ നേരത്തേതന്നെ ഒരു വാഹനവുമായി എത്തിയിരുന്നു. ബൊക്കെ നൽകിയാണ് ഞങ്ങളെ അവർ സ്വീകരിച്ചത്. ഞങ്ങൾക്കായി ഉച്ചഭക്ഷണവും കരുതിയിരുന്നു. ഹൃദ്യമായ സ്വീകരണം.

## ഡൽഹി എയർപോർട്ടിൽനിന്നും ജലന്ധറിലേക്ക്...

ഡൽഹിയിൽ നിന്ന് ജലന്ധറിലേക്ക് ദീർഘമായ ഒരു യാത്രയായിരുന്നു. 12 മണിക്കൂർ റോഡ് മാർഗ്ഗം, ജലന്ധറിലേക്കുള്ള യാത്രാമധ്യേ ചെറിയ തടസ്സങ്ങൾ (ടയർ മാറേണ്ടി വന്നു, ഡൽഹിയിലേക്ക് കർഷകർ വരാതിരിക്കാൻ ഹൈവേ ബ്ലോക്ക് ചെയ്തതുമൂലം അൽപ്പദൂരം കറങ്ങി യാത്ര ചെയ്യേണ്ടിവന്നു) ഉണ്ടായെങ്കിലും അത് ഞങ്ങളെ സാരമായി ബാധിച്ചില്ല; എങ്കിലും ജലന്ധറിൽ ഞങ്ങൾ എത്തുമ്പോൾ ഒത്തിരി വൈകിയിരുന്നു. ജലന്ധറിലെ ഇടവക ജനങ്ങൾ ഞങ്ങൾ വൈകിട്ട് പത്തുമണിക്ക് എത്തുമെന്ന് കരുതി ഞങ്ങൾക്കായി വിഭവസമൃദ്ധമായ കേരള ഭക്ഷണം അവർ തയ്യാറാക്കി കാത്തിരുന്നെങ്കിലും രാത്രി ഒരു മണിക്ക് ഞങ്ങൾ എത്തിയപ്പോഴേക്കും അവർ പോയിരുന്നു. എങ്കിലും കേരള തനിമയിലുള്ള ഭക്ഷണം രാത്രി 2 മണിക്ക് ഞങ്ങൾ ആസ്വദിച്ച് കഴിച്ചു. പള്ളിയുടെ അടുത്ത് തന്നെയുള്ള ലാറ്റിൻ സഭയുടെ പാസ്റ്ററൽ സെന്ററിൽ ഞങ്ങൾ അന്തിയുറങ്ങി. പിറ്റേ ദിവസം ഞായറാഴ്ച ആയതുകൊണ്ടുതന്നെ ഞങ്ങൾ അതിരാവിലെ ഉണർന്നു 7 മണിക്ക് ജലന്ധർ ഇടവകയിൽ വി. കുർബാനയ്ക്ക് സംബന്ധിച്ചു. പകുതി ഹിന്ദിയും പകുതി മലയാളവും ഇടകലർന്ന വി. കുർബാന, ഞങ്ങൾ സന്ദർശകരെ ഒഴിച്ചാൽ ആകെ 15 അംഗങ്ങൾ പഞ്ചാബികൾ ഉൾപ്പെടെ, അതിൽ അഞ്ചു പേർ മദ്ബഹായിലും ബാക്കി അംഗങ്ങൾ ഹൈക്കലായിലുമായിരുന്നുവെങ്കിലും പരിശുദ്ധാരൂപിയുടെ സാന്നിധ്യം വളരെ അനുഭവിക്കുവാൻ സാധിച്ചു.

രാത്രിയിൽ ഞങ്ങൾക്ക് ഭക്ഷണമൊരുക്കി കാത്തിരുന്ന അവിടുത്തെ പ്രേഷിതരായ ഇടവക ജനങ്ങളെ ഞങ്ങൾ കണ്ടു. അതിൽ പഞ്ചാബി കുടുംബങ്ങളും ഉണ്ടായിരുന്നു. ഒരു വീടാണ് ദൈവാലയമായി ക്രമീകരിച്ചിട്ടുള്ളത്. താഴത്തെ നില പാഴ്സനേജ് ആയും മുകളിലത്തെ നില ചെറിയ പള്ളിയായും രൂപപ്പെടുത്തിയിരിക്കുന്നു. വി. കുർബാനയ്ക്ക് ശേഷം ഡൽഹി സൺഡേ സ്കൂളിൽ റാങ്ക് നേടിയ മൂന്നു കുട്ടികളെ അനുമോദിച്ചു. സന്ദർശകരായ ഞങ്ങളിൽ ഒരാൾ എല്ലാവർക്കും ഒരു തുക സമ്മാനമായി നൽകി. ഞങ്ങളുടെ സാന്നിധ്യം അവർക്ക് ഏറെ അത്ഭുതവും സന്തോഷവും ആയിരുന്നു. ഭക്ഷണം കഴിച്ച് ഏറെ താമസിയാതെ ഞങ്ങൾ അടുത്ത മിഷൻ കേന്ദ്രത്തിലേക്ക് തിരിച്ചു.

www.malankaralibrary.com





## ജലന്ധറിൽനിന്നും ഫിറോസ്പൂരിലേക്ക്...

ഫിറോസ്പൂർ മിഷനിലേക്ക് ഞങ്ങളെ നയിച്ചത് ബഹു. ഫാ. സാം പതാക്കൽ ആയിരുന്നു. അവിടെ പഞ്ചാബി ഭാഷയിൽ മലങ്കര കുർബാനയിൽ സംബന്ധിച്ചത് ഒരു അനുഭവമായിരുന്നു. പൂർണ്ണമായി പഞ്ചാബിയിലുള്ള വി. കുർബാന ഉച്ചത്തിൽ പ്രതിവാക്യങ്ങൾ ചൊല്ലുകയും ആലപിക്കുകയും ചെയ്യുന്ന വിശ്വാസികൾ എല്ലാവരും ആ പ്രദേശത്തുള്ള കുടുംബാംഗങ്ങൾ തന്നെയായിരുന്നു. ഒരു വൃദ്ധനായ മനുഷ്യൻ ദൈവസ്നേഹത്താൽ സൗജന്യമായി നൽകിയ സ്ഥലത്ത് നിർമ്മിച്ചതാണ് പള്ളി. ഒരു ചെറിയ ഗ്രാമം ആയിരുന്നു അത്. ഞങ്ങൾ ചെല്ലുമ്പോൾ ഗോതമ്പ് കൊയ്തതിന് ശേഷം കാലാപെറുക്കി പാറ്റിയെടുക്കുന്നവരെ ഞങ്ങൾ കണ്ടു. അപ്പോൾ പഴയ നിയമത്തിലെ ഒരു വേദവാക്യമാണ് ഓർമ്മയിൽ വന്നത്. “നിങ്ങൾ വിളവെടുക്കുമ്പോൾ മുഴുവൻ എടുക്കരുത് കാലാപെറുക്കുന്നവർക്കും പക്ഷികൾക്കുമായി അല്പം മിച്ചം വയ്ക്കണം” (ലേവ്യ 23:22). സ്ത്രീകളും പെൺകുട്ടികളും നല്ല വൃത്തിയായി വേഷം ധരിച്ചിരിക്കുന്നു. തലപ്പാവുധാരികളായ പുരുഷന്മാർ, അല്പം മുഷിഞ്ഞ മുണ്ടും, കൈലിയും ഉടുത്ത വൃദ്ധന്മാരും അക്കൂട്ടത്തിൽ ഉണ്ടായിരുന്നുവെങ്കിലും അവരുടെ മുഖങ്ങളിൽ ദൈവത്തോടുള്ള വിശ്വാസവും സ്നേഹവും ആരാധനയും ഏറെ വ്യക്തമായിരുന്നു. വി. കുർബാനയ്ക്കു ശേഷം ഞങ്ങളെ എല്ലാവരെയും അവരുടെ വീടുകളിൽനിന്നും കൊണ്ടുവന്ന പൂമാലയിട്ട് അവർ സ്വീകരിച്ചു. അവർക്കെല്ലാവർക്കും ഞങ്ങൾ ജപമാലയും ഫോട്ടോകളും സമ്മാനമായി നൽകി. അതിനുശേഷം അവിടുത്തെ ഹാളിൽ ഞങ്ങൾക്ക് വേണ്ടി അവർ പാട്ടുകളും നൃത്തങ്ങളും ഒക്കെ തയ്യാറാക്കി അവതരിപ്പിച്ചു. “ദൈവസ്നേഹം വർണ്ണിച്ചീടാൻ വാക്കുകൾ പോരാ” എന്ന മലയാള ഗാനം പഞ്ചാബി കുട്ടികൾ ആലപിച്ചത് ഞങ്ങൾക്ക് കൗതുകവും ആശ്ചര്യവുമുളവാക്കി. അവരുടെ തനതായ ഭക്ഷണം ഞങ്ങൾക്ക് നൽകി അതിനുശേഷം തിരുവല്ല മേഖല ആ ഇടവകയ്ക്ക് നൽകിയ തണുത്ത വെള്ളം ലഭിക്കുന്ന വലിയ ഫിൽറ്റർ കൂളർ മാത്യു വാഴയിലച്ചൻ ഉദ്ഘാടനം ചെയ്തു. കുട്ടികൾ വളരെ അതിശയത്തോടുകൂടി അതിൽ നിന്ന് വെള്ളം കുടിക്കുകയും ആശ്ചര്യപ്പെടുകയും ചെയ്യുന്നത് ഞങ്ങൾ സന്തോഷത്തോടെ നോക്കി നിന്നു. ഈ ദൈവാലയത്തിന്റെ അടിയിലെ നില അച്ചൻ താമസിക്കുന്ന മുറി ഉൾപ്പെടെ ഫ്ളോർ നന്നാക്കാൻ സഹായം വാഗ്ദാനം ചെയ്തു. സാം പതാക്കൽ അച്ചനിൽനിന്നും ഞങ്ങളുടെ നേതൃത്വം മാത്യു കുറ്റിയിൽ അച്ചൻ ഏറ്റെടുത്തു.

മാത്യു കുറ്റിയിൽ അച്ചൻ ഞങ്ങളെ ആ ഇടവകജനങ്ങളുടെ ഭവനങ്ങൾ കാണിക്കുന്നതിനായി കൊണ്ടുപോയി. ഇഷ്ടികക്കട്ടകൾ മണ്ണിൽ കെട്ടിപ്പൊക്കിയ ഒറ്റമുറി വീടുകൾ. വെയിലും മഴയും ഏൽക്കാതെ അന്തിയുറങ്ങാൻ ഒരിടം അത്രമാത്രം. അതിന്റെ പരിസരത്ത് കട്ടയിൽ കെട്ടിയുയർത്തിയ ശുചിമുറി എന്ന് പറയാവുന്ന ഒരു സ്ഥലം. രണ്ടിനും വാതിൽ എന്നു പറയുന്നത് തുണി കർട്ടൻ മാത്രമായിരുന്നു. മുറ്റം എന്ന് പറയുന്ന സ്ഥലത്ത് മണ്ണിൽ കെട്ടി ഉണ്ടാക്കിയ ഒരു അടുപ്പ് ഉണ്ടായിരുന്നു. അതിനുള്ളിൽ ചാണകപ്പൊടി വച്ച് കത്തിച്ചാണ് പാചകം. വീടുകൾക്കും ബാത്റൂമുകൾക്കും വേണ്ട വാതിലുകൾ നിർമ്മിക്കാനുള്ള സൗകര്യം ഞങ്ങൾ ചെയ്തു കൊടുക്കാമെന്ന് ഏറ്റു.

സാമാന്യം വലിയ ഒരു വീട്ടിലേക്കായിരുന്നു ഞങ്ങളെ മാത്യു കുറ്റിയിൽ അച്ചൻ കൊണ്ടുപോയത്. രണ്ടു മുറി സിറ്റൗട്ട് അടങ്ങുന്ന ഒരു വീട് അതിനു ചുറ്റും ഒരു കോമ്പൗണ്ട് കെട്ടിയിരുന്നു. അതിന് ഒരു ഗേറ്റ് ഉണ്ടായിരുന്നു. ആ ഗേറ്റ് അടച്ചാൽ എല്ലാം ഭദ്രമായി

www.malankaralibrary.com


എന്ന് അവർ കരുതി. 13 അംഗങ്ങൾ അവിടെ ഉണ്ടായിരുന്നു. അപ്പനും അമ്മയും സഹോദരങ്ങളും അടങ്ങുന്ന കുടുംബം. വളരെ സന്തോഷമായി കഴിഞ്ഞിരുന്ന അവരുടെ കുട്ടികൾ നല്ല വിദ്യാഭ്യാസമുള്ളവർ ആണ്. ഒരു മകൻ ഡോക്ടർ ആണെന്ന് പറഞ്ഞു. അവന്റെ വിവാഹം കഴിഞ്ഞതേ ഉണ്ടായിരുന്നുള്ളൂ. പിന്നീട് അംഗപരിമിതനായ ഇടവകാംഗത്തിന്റെ വീട്ടിലേക്കാണ് പോയത്. വീടിനോട് ചേർന്ന് ഒരു കട ഉപജീവനത്തിനായി അവൻ നടത്തിയിരുന്നു. അതിലേക്ക് സാധനങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം ഞങ്ങൾ ചെയ്തു. അവിടെനിന്ന് വീണ്ടും അടുത്ത മിഷൻ കേന്ദ്രത്തിലേക്ക്...

## ഫിറോസ്പൂരിൽനിന്നും മോഗ മിഷനിലേക്ക്....

ഒന്നര മണിക്കൂർ യാത്രയുണ്ടായിരുന്നു ഫിറോസ്പൂരിൽ നിന്നും മോഗ മിഷൻ കേന്ദ്രത്തിലേക്ക്. ഇരുനില കെട്ടിടം, അടുത്തയിടെ കൂദാശ ചെയ്ത ചെറിയ ദൈവാലയം മുകളിലെ നിലയിൽ ആണ്. (ഈ ദൈവാലയത്തിലേക്ക് MCA തിരുവല്ല മേഖല സഹായം നൽകിയത്) താഴത്തെ ഹാളിൽ ഞങ്ങളെ സ്വീകരിക്കാൻ പഞ്ചാബികളായ ഇടവകക്കാർ ഏറെ നേരമായി കാത്തുനിൽക്കുകയായിരുന്നു. അവർക്ക് വലിയ സന്തോഷമായി കേരളത്തിൽ പദയാത്രയ്ക്കായി പല പ്രാവശ്യം എത്തിയിട്ടുള്ളവരാണ് അവരിൽ പലരും.

## മോഗയിൽനിന്നും മുല്ലം പൂർ മിഷനിലേക്ക്

ബഥനി വൈദികർ നേതൃത്വം കൊടുക്കുന്ന മിഷൻ കേന്ദ്രമാണ് മുല്ലം പൂരിലേത്. ബഥനിയിലെ ഫാ. ജോസഫ് കളീക്കലിന്റെ ഫേസ്ബുക്ക് വീഡിയോകളാൽ പലർക്കും സുപരിചിതമായ മിഷനാണിത്. ഞങ്ങളെ ഗ്രാമത്തിലെ ചേരിപ്രദേശത്തുള്ള സ്കൂളിലേക്കാണ് കൂട്ടിക്കൊണ്ടു പോയത്. ഗ്രാമത്തിന്റെ ഇടവഴിയിലൂടെ സഞ്ചരിച്ചാണ് അവിടെ എത്തിയത്. അവിടുത്തെ കാഴ്ച്ച ഞങ്ങളെ ഏറെ അമ്പരപ്പിച്ചു. ജോസഫ് അച്ചനെ കണ്ടതോടുകൂടി 15 വയസ്സിൽ താഴെ വരുന്ന 100 ൽ പരം കുട്ടികൾ അവിടെ ഓടിയെത്തി. ജോസഫ് അച്ചന്റെ ബുള്ളറ്റിലും തോളിലും ദേഹത്തും എല്ലാം നീറുകൾ (ഉറുമ്പ്) പോലെ കുട്ടികൾ പൊതിഞ്ഞു. "ശിശുക്കൾ എന്റെ അടുക്കൽ വരട്ടെ അവരെ തടയേണ്ട" എന്ന യേശുവിന്റെ ഒരു ഭാവം ഞാൻ അവിടെ കണ്ടു.

തിരുവല്ല മേഖല നിർമ്മിച്ചു നൽകുന്ന മൂന്നു വീടുകൾ സന്ദർശിക്കുന്നതിനായി ഞങ്ങൾ പോയി. മുൻപ് കണ്ടതുപോലെ ഇഷ്ടിക കെട്ടിയ ഒറ്റമുറി വീട്. ഒരു അടുക്കള, സിറ്റൗട്ട്, ബാത്റൂം മുകളിൽ ഷീറ്റ്, അവരെ സംബന്ധിച്ച് ഒരു കുടുംബത്തിന് സ്വസ്ഥമായി താമസിക്കാൻ ഇത് അധികമാണ്. അതിന്റെ നിർമ്മാതാക്കൾ ജോസഫ് അച്ചനും ആ വീടിന്റെ ഉടമസ്ഥരും ആണ് എന്നത് ആശ്ചര്യപ്പെടുത്തി. ഞങ്ങൾ കണ്ട



www.malankaralibrary.com





കുട്ടികളിൽ അധികവും മാതാപിതാക്കളുടെ ശ്രദ്ധയില്ലാതെ വളരുന്ന കുട്ടികളാണ്. അവർക്ക് വിദ്യാഭ്യാസം നൽകി വളർത്തിയെടുക്കാൻ പരിശ്രമിക്കുകയാണ് ബഥനി വൈദികർ. അതിന്റെ പുറകിലായി സ്ത്രീകൾക്ക് തയ്യൽ ക്ലാസ്സ് നടക്കുന്നുണ്ട്. അവിടെയും MCA യുടെ ചെറിയ ധനസഹായം നൽകി. അന്ധവിശ്വാസത്തിന്റെ പേരിൽ ചികിത്സ നൽകാതെ മരിക്കാറായ ഒരു കുട്ടിയെ ജോസഫ് അച്ചൻ രക്ഷപ്പെടുത്തിയത് അവർക്ക് വിശ്വാസത്തിലേക്ക് വരുന്നതിന് ഒരു വഴിയായി. ഞങ്ങൾ കൊണ്ടുപോയ പുതിയ വസ്ത്രങ്ങൾ അവർക്ക് നൽകി. വൈദികരുടെയും സന്ന്യസ്തരുടെയും കുറവ് മിഷൻ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. സന്നദ്ധരായ മിഷൻ പ്രവർത്തകരെ ഈ മേഖലയിലേക്ക് അയച്ചാൽ ശക്തമായ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയും. വീടുകൾക്ക് വേണ്ടിയുള്ള തുക ജോസഫ് അച്ചനെ ഏൽപ്പിച്ചു ഞങ്ങൾ അന്നത്തെ യാത്ര അവസാനിപ്പിച്ചു. ജലന്ധറിലേക്ക് പോയി അതിരാവിലെ തന്നെ ഞങ്ങൾ അടുത്ത സ്ഥലമായ കപൂർത്തല മിഷനിലേക്ക് തിരിച്ചു.

## മുല്ലം പൂർ മിഷനിൽനിന്നും കപൂർത്തല വഴി വാഗ ബോർഡർ

രണ്ടര മണിക്കൂർ യാത്രയുണ്ട് കപൂർത്തലമിഷനിലേക്ക്, മേരീ മക്കൾ (DM) സിസ്റ്റേഴ്സിന്റെ കോൺവെന്റിൽ എത്തി വി. കുർബാനയിൽ സംബന്ധിക്കാൻ സാധിച്ചു. പ്രഭാത ഭക്ഷണം അവിടെയാണ് തയ്യാറാക്കിയിരുന്നത്. പഞ്ചാബായതു കൊണ്ടുതന്നെ പ്രഭാതഭക്ഷണത്തിനും ഗോതമ്പുപായസം ഉണ്ടായിരുന്നു. അവർ തന്നെ കെട്ടി ഉണ്ടാക്കിയ ജപമാല ഞങ്ങൾക്ക് തന്നു ഞങ്ങളിൽ പലരും അവിടുന്ന് ജപമാല വിലക്ക് വാങ്ങുകയും ചെയ്തു. സന്തോഷത്തോടെ അവിടുന്ന് യാത്ര തിരിച്ചു സുവർണ്ണ ക്ഷേത്രം സന്ദർശിക്കുന്നതിനായി എത്തിച്ചേർന്നു, വ്യത്യസ്തമായ ഒരു അനുഭവമായിരുന്നു. ഉച്ചഭക്ഷണം സുവർണ്ണ ക്ഷേത്രത്തിൽനിന്ന് കഴിച്ചു. പ്രത്യേകമായി ശ്രദ്ധിച്ച ഒരു കാര്യം അവിടത്തെ സേവന മനോഭാവമാണ്. മറ്റൊന്ന് ഇത്രയധികം ആളുകൾക്ക് 24 മണിക്കൂറും ഭക്ഷണം നൽകുന്നത് അതിശയിപ്പിക്കുന്ന കാര്യം തന്നെയാണ്. അവിടുന്ന് ഞങ്ങൾ ജാലിയൻവാലാബാഗ് സന്ദർശിച്ചു. തുടർന്ന് വാഗാ ബോർഡിൽ എത്തി ധീര ജവാന്മാരുടെ രാജ്യസ്നേഹം തുളുമ്പുന്ന പ്രകടനങ്ങൾ വീക്ഷിച്ചു. ഞങ്ങൾക്ക് VIP seat തരപ്പെടുത്തി നമ്മുടെ പ്രസിഡന്റ് അത് വളരെ വലിയ അനുഗ്രഹമായി, പാക്കിസ്ഥാനും ഇന്ത്യയും മുഖാമുഖം കാണാൻ സാധിച്ചു. മടങ്ങാൻ സമയമായപ്പോൾ ഒരു ശക്തമായ കാറ്റ് പാക്കിസ്ഥാനിൽ നിന്നും ഇന്ത്യയിലേക്ക് അടിച്ചു. അതിന്റെ പിന്നാലെ ശക്തമായ മഴയും അതിനെ ചെറുക്കുന്നതിനായി ഞങ്ങൾ ഒരു ബിൽഡിംഗിന്റെ അടിയിലേക്ക് എത്തി. അപ്പോൾ നേരം സന്ധ്യ ആയിരുന്നു. അവിടുന്ന് ഇനി ദീർഘ

www.malankaralibrary.com




മായ യാത്രയാണ് 16 മണിക്കൂർ ഡൽഹിയിലേക്ക് ഇടയ്ക്കുവെച്ച് ഞങ്ങളുടെ യാത്രയ്ക്ക് നേതൃത്വം നൽകി കൂടെയുണ്ടായിരുന്ന മാത്യു കുറ്റിയിലച്ചൻ യാത്ര പറഞ്ഞ് ഫിറോസ് പൂറിലേക്ക് പിരിഞ്ഞു.

## ഗുഡ്ഗാവ് ഭദ്രാസന അരമനയിൽ

അടുത്ത ദിവസം രാവിലെ 7 മണിയോടുകൂടി ഗുഡ്ഗാവ് ഭദ്രാസന അരമനയിൽ എത്തി. അവിടെ അടുത്തായി ഒരു അപ്പാർട്ട്മെന്റിൽ ഞങ്ങൾക്ക് താമസം ക്രമീകരിച്ചിരുന്നു. എട്ടുമണിയോടുകൂടി അഭി. ആബൂൻ തോമസ് മോർ അന്തോണിയോസ് മെത്രാപ്പോലീത്തായെ സന്ദർശിച്ചു. പ്രഭാത ഭക്ഷണം കഴിച്ചിറങ്ങുമ്പോൾ അവിടെ സോഷ്യൽ സർവീസ് സൊസൈറ്റി ഡൽഹിയിലെ മാനസസരോവർ ചേരിയിലെ 750 ഓളം കുട്ടികൾക്ക് ഭക്ഷണം തയ്യാറാക്കുന്നുണ്ടായിരുന്നു. അന്നത്തെ ഭക്ഷണം MCA തിരുവല്ല മേഖലയുടെ വകയായിട്ടായിരുന്നു ഞങ്ങളും പാചകം ചെയ്യുന്നതിൽ പങ്കുചേർന്നു. ഉച്ചയോടു കൂടി അത് വിതരണം ചെയ്യുന്നതിനായി ഞങ്ങൾ ചേരിയിലേക്ക് പോയി. കിലോമീറ്റർ നീണ്ടു കിടക്കുന്ന ഒരു വഴി ഫ്ളക്സ്, തുണികൾ, പ്ലാസ്റ്റിക് ഷീറ്റുകൾ ഇവകൊണ്ട് നിർമ്മിച്ച ചെറിയ ചെറിയ കുടിലുകൾ മുകളിലൂടെ ഒരു മെട്രോ ലൈൻ കടന്നുപോകുന്നു. സൈഡിലൂടെ റെയിൽവേ ലൈനും കടന്നുപോകുന്നുണ്ട്. ഇതിന്റെ ഇടയിൽ ചിലർ കടകളും നടത്തുന്നുണ്ട്. ജനങ്ങൾ ഇങ്ങനെയും ജീവിക്കുന്നു എന്നത് അമ്പരപ്പിക്കുന്ന കാഴ്ചയായിരുന്നു.




ആ വഴിയുടെ അറ്റത്തായി ഒരു ചെറിയ ഷെഡ് (ഇത് ബാർണബാസ് തിരുമേനി സ്ഥാപിച്ചതായിരുന്നു) അവിടെ കുറച്ചു കുട്ടികൾ പഠിക്കാനായിട്ട് ഇരിക്കുന്നു. അർദ്ധ വസ്ത്ര ധാരികളായ ആൺകുട്ടികൾ, മുഴുവൻ വസ്ത്രം ധരിച്ച പെൺകുട്ടികൾ മിക്കതും മുഷിഞ്ഞതും കീറിയതും. ഞങ്ങളുടെ വാഹനം കണ്ടത് അവർക്ക് സന്തോഷമായി, അപ്പോൾതന്നെ പുറത്തുനിന്ന് കുറെ കുട്ടികൾ ഓടിയെത്തി പാത്രവുമായി, അധ്യാപകൻ എന്ന് പറയുന്ന ഒരാൾ അവിടെ ഉണ്ടായിരുന്നു അയാൾ പറഞ്ഞു: "ആദ്യം പഠിക്കുന്ന കുട്ടികൾക്ക്, അത് കഴിഞ്ഞ് നിങ്ങൾക്ക്, നാളെ ക്ലാസ്സിൽ വരികയാണെങ്കിൽ നിങ്ങൾ

www.malankaralibrary.com





ക്കും ഇതുപോലെ നേരത്തെ ലഭിക്കും" കുട്ടികളെല്ലാം സമ്മതിച്ചതുപോലെ തലയാട്ടി, ചോറും, ദാൽ കറിയും, മുട്ട റോസ്റ്റും സമൃദ്ധമായ ഭക്ഷണം സന്തോഷത്തോടെ എല്ലാവരും വാങ്ങി കുടിലിലേക്ക് കൊണ്ടുപോയി. ഉച്ചകഴിഞ്ഞ് അമ്മമാർക്കുള്ള തയ്യൽ ക്ലാസ് ട്രെയിനിംഗാണ് അവിടെ നടക്കുക. അതിന്റെ ഒരു മൂലയിൽ ഒരു കമ്പ്യൂട്ടറുമായി ഒരാൾ ഇരിപ്പുണ്ട്. സർക്കാർ സംബന്ധമായ കാർഡുകൾ തയ്യാറാക്കി കൊടുക്കുന്നതിനാണ്. അതും സഭയുടെ ഒരു സേവനമാണ്. തിരിച്ചു മടങ്ങുമ്പോൾ കണ്ട കാഴ്ച കൊച്ചു കുട്ടികൾ റെയിൽവേ ട്രാക്കിലൂടെയും ചവറുകൾക്കിടയിലൂടെയും അലസമായി നടക്കുന്നു. ആർക്കും ആരെയും ശ്രദ്ധയില്ല; ഭയവുമില്ല. ഉച്ചകഴിഞ്ഞ് ഞങ്ങൾ മുൻ പ്രധാനമന്ത്രിമാരായ ഇന്ദിരാഗാന്ധി, രാജീവ് ഗാന്ധി എന്നിവരുടെ ഭവനങ്ങൾ സന്ദർശിച്ചു. മറ്റ് ചില സ്ഥലങ്ങളും C.B.C.I. ഓഫീസും സന്ദർശിച്ച് വൈകുന്നേരത്തോടെ തിരിച്ചെത്തി കുളിച്ച് ഫ്രഷ് ആയി. ആറുമണിക്ക് വി. കുർബാന അതിനുശേഷം ഡൽഹി മേഖല ഒരുക്കിയ സ്വീകരണം. ആ മീറ്റിങ്ങിൽ വച്ച് ഞങ്ങളെ അവർ അഭിനന്ദിച്ചു. അഭി. അന്തോണിയോസ് തിരുമേനി, വികാരി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ട് ഉൾപ്പെടെയുള്ള വൈദികരും ഗുഡ്ഗാവ് ഭദ്രാസന MCA പ്രസിഡന്റും മറ്റു 100 ൽപരം MCA പ്രവർത്തകരും സന്നിഹിതരായിരുന്നു. മീറ്റിംഗിൽ വച്ച് ചേതന സോഷ്യൽ സർവീസ് സൊസൈറ്റിക്ക് ഉള്ളതായ സംഭാവനയും ഞങ്ങൾ നൽകി. ശേഷം ഡൽഹി മേഖലയുടെ വകയായിട്ടുള്ള ഗംഭീരമായ ഭക്ഷണം കഴിച്ച് അന്നത്തെ ദിവസം അവസാനിപ്പിച്ചു.



നാലാം ദിവസം അതിരാവിലെ ഉണർന്നു അന്ന് ഡൽഹി ദർശനാണ് പ്ലാൻ ചെയ്തിരുന്നത്, കുത്തബ്മിനാർ, ലോട്ടസ് ടെമ്പിൾ, രാജ്ഘട്ട് തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചു.

അഞ്ചാം ദിവസം അതിരാവിലെ തന്നെ ഞങ്ങൾ ആഗ്രയിലേക്ക് പോയി. അതിശയിപ്പിക്കുന്ന ഹൈവേ, മിന്നായം പോലെ പായുന്ന വാഹനങ്ങൾ. ഞങ്ങൾ താജ്മഹലിലെത്തി (അവിടെ എത്തിയപ്പോൾ പലരും മുംതാസും ഷാജഹാനും ആയി) കാഴ്ച കണ്ടു ഫോട്ടോ എടുത്തു. നേരെ ആഗ്ര കോട്ട, അതിനുശേഷം മിഷൻ സന്ദർ

www.malankaralibrary.com




ശനം. ശേഷം അവിടുന്ന് രാത്രിയോടുകൂടി ഡൽഹിയിൽ തിരിച്ചെത്തി.

ആറാം ദിവസം രാവിലെ കത്തീഡ്രൽ പള്ളിയിൽ വിശുദ്ധ കുർബാന, ബർണ്ണബാസ് പിതാവിന്റെ കബറിങ്കൽ ധൂപപ്രാർത്ഥന, പ്രഭാത ഭക്ഷണം അതിനു ശേഷം വീണ്ടും ഡൽഹി ദർശൻ, പാർലമെന്റ്, രാജ്ഭവൻ, ഇന്ത്യ ഗേറ്റ്, രാഷ്ട്രപതിഭവൻ, പാർലമെന്റ് മന്ദിരം, ജന്തർ മന്തർ, റെഡ്ഫോർട്ട്, കുത്തബ്മിനാർ, ലോട്ടസ് ടെംമ്പിൾ അതിനുശേഷം അല്പം പർച്ചേസിംഗ് കഴിഞ്ഞ് രാത്രി വീണ്ടും ഉറങ്ങാൻ സമയമില്ല; രാത്രി 2 മണിക്ക് യാത്ര തിരിക്കണം. രാവിലെ അഞ്ചുമണിക്കാണ് മടക്കം. ഫ്ളൈറ്റ് രാവിലെ 7 മണിയോടുകൂടി കൊച്ചിയിലെത്തി. അവിടെ നിന്ന് ഞങ്ങൾക്കായി തയ്യാറാക്കിയത് പോലെ ഒരു പത്തനംതിട്ട സൂപ്പർഫാസ്റ്റ്. അതിൽ ഞങ്ങളെല്ലാവരും കയറി ഓരോരുത്തർ അവരുടേതായ സ്ഥലങ്ങളിൽ കൃത്യമായി ഇറങ്ങാൻ സാധിച്ചു. ദൈവം എല്ലാം ഞങ്ങൾക്കായി ക്രമീകരിച്ചു തന്നു. ഗ്രൂപ്പിൽ ആർക്കും യാതൊരു അസുഖങ്ങളും മറ്റു ബുദ്ധിമുട്ടുകളും ഇല്ലാതെ തിരിച്ചു വരാൻ ദൈവം സഹായിച്ചു. എല്ലാ അംഗങ്ങളും വളരെ സന്തോഷത്തിൽ അവരുടെ അനുഭവസാക്ഷ്യം പങ്കുവെച്ചു, ഇനിയും മറ്റു മിഷനുകളിൽ പോകാൻ തയ്യാറായി മറ്റൊരു ഗ്രൂപ്പ് തയ്യാറായികൊണ്ടിരിക്കുന്നു എന്നത് വലിയ സന്തോഷം തരുന്നു.

ഈ യാത്രാ ഗ്രൂപ്പിൽ വന്നവരെല്ലാം സ്വന്തമായി പണം ചിലവാക്കിയാണ് വന്നത്, അനവധി സഹായങ്ങൾ മിഷനുകളിൽ MCA തിരുവല്ല മേഖല നൽകി. സാമ്പത്തികമായി മേഖലയെ സഹായിച്ച എല്ലാം MCA യൂണിറ്റ് സമിതിക്കും വികാരി അച്ചന്മാർക്കും നന്ദി. ഞങ്ങൾ സന്ദർശിച്ച ഇടങ്ങൾക്കായി, ഞങ്ങൾ കണ്ട കുട്ടികൾക്കായി, ആഴ്ചയിൽ ഒരു ദിവസം കൂടി ഉപവസിച്ചു പ്രാർത്ഥിക്കുവാൻ ഉള്ള ഒരു പ്രേരണ ഞങ്ങൾക്ക് ലഭിച്ചു. വയലിലെ ലില്ലികളെ നോക്കുവിൻ. അവ നൂൽക്കുന്നില്ലെങ്കിലും എത്ര സൗന്ദര്യമായി ദൈവം അവയെ പരിപാലിക്കുന്നു. വൈദികരുടെയും സന്ന്യസ്തരുടെയും കുറവ് മിഷൻ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. സന്നദ്ധരായ മിഷൻ പ്രവർത്തകരെ ഈ മേഖലയിലേക്ക് അയച്ചാൽ ശക്തമായ പ്രവർത്തനങ്ങൾ നടത്താൻ കഴിയും, മിഷൻ കേന്ദ്രങ്ങളിലെ ഗ്രാമപ്രദേശത്ത് ജീവിക്കുന്നവരുടെ അടിസ്ഥാന വികസനം മറ്റൊരു പ്രധാന വിഷയമാണ്. ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ മേഖല എന്നിവയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രവർത്തനമാണ് അഭികാമ്യം. അതിന് ശക്തമായ സാമ്പത്തിക പിന്തുണ ആവശ്യമാണ്, നമ്മുടെ പല ദൈവാലയങ്ങളും ഓരോ മിഷൻ ഏറ്റെടുത്ത് നേതൃത്വം കൊടുക്കണം, മിഷൻ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ നമുക്ക് സാധിക്കട്ടെ...

www.malankaralibrary.com



# ധന്യൻ മാർ ഈവാനിയോസ് (1882 – 1953)

മുരളീ കൈമൾ



ദേശസ്നേഹം ഊട്ടി ഉറപ്പിച്ചതിന്, പിറന്ന നാടിനെ കാത്തുരക്ഷിക്കാൻ ആളും അർത്ഥവും നൽകിയതിന് തിരുവിതാംകൂറിന്റെ മഹാരാജാവ് അനിഴം തിരുനാൾ മാർത്താണ്ഡ വർമ്മ – 'പണിക്കർ'സ്ഥാനം നൽകി ആദരിച്ച ഒരു ക്രൈസ്തവ തറവാട് മാവേലിക്കരയിൽ ഉണ്ടായിരുന്നു. 'പണിക്കരു വീട്' എന്ന് അറിയപ്പെട്ട ആ തറവാട്ടിൽ 1882 സെപ്തംബർ 21 ന് ജന്മമെടുത്ത ഗീവറുഗീസിന്, സ്വർഗ്ഗീയ നിയോഗങ്ങളുടെ പൂർത്തീകരണത്തിന് വേറിട്ട വഴികളിലൂടെ നടക്കുവാൻ വിധിയായി.

ധന്യൻ എന്ന് നാമകരണം ചെയ്ത മാർ ഈവാനിയോസ് പിതാവിന്റെ യാത്രകൾ സീറോ മലങ്കര കത്തോലിക്കാ സഭയുടെ ജന്മത്തിന്, കാരണമായി.

കോട്ടയം MD സെമിനാരി സ്കൂളിലെ വിദ്യാഭ്യാസം പിതാവിന്റെ ഉള്ളിലെ ആത്മീയ വളർച്ചയിലെ അടിസ്ഥാന ശിലയായി. തുടർന്ന് സെറാംപൂരിലേക്ക് പോകുന്നതിന് മുൻപ്, കോട്ടയം സി.എം.എസ്സ് കോളേജിൽ നിന്നുമാണ് ധനതത്ത്വശാസ്ത്രത്തിൽ ബിരുദമെടുത്തത്. ബിരുദാനന്തര ബിരുദം സമ്പാദിച്ചത് മദ്രാസ് ക്രിസ്റ്റ്യൻ കോളേജിൽ നിന്നായിരുന്നു. വിദ്യാഭ്യാസത്തിന് ശേഷം MD സെമിനാരി സ്കൂളിൽ അദ്ധ്യാപകനായെങ്കിലും, ഉള്ളിലെ ജ്ഞാനതൃഷ്ണ സെറാംപൂരിൽ എത്തിച്ചു. എം. എ ബിരുദ ധാരിയായതു കൊണ്ട് വട്ടശ്ശേരിൽ ബാവാ പോലും തിരുമേനിയെ 'MA അച്ചൻ' എന്ന് സ്നേഹത്തോടെ വിളിച്ചു. അക്കാലത്ത്, മലങ്കര സഭയിൽ ബിരു

www.malankaralibrary.com

ദാനന്തരബിരുദം ഉള്ള ഏക വൈദികനായിരുന്നു ഗീവറുഗീസ് അച്ചൻ.

വേദപുസ്തകം തന്നെയായിരുന്നു അദ്ദേഹത്തിന്റെ വഴി. പള്ളികളിലെ ബൈബിൾ കൺവൻഷൻ സംഘാടകനായിരുന്ന കാലത്ത് തന്നെ കൂദാശ ശെമ്മാശൻ എന്ന ഓമനപ്പേരിൽ അദ്ദേഹം അറിയപ്പെട്ടിരുന്നു. തീവ്രമായ ധ്യാനവും, പഠനവും സെറാംപൂർ സെമിനാരി കാലത്ത് പിതാവിനെ പരിശുദ്ധ ബാസിൽ തിരുവെഴുത്തുകളുടെ കൈ പിടിച്ച് നടക്കാൻ പ്രേരിപ്പിച്ചു.

ടാഗോറിന്റെ ശാന്തിനികേതനിലും, മഹാത്മാഗാന്ധിയുടെ സബർമതിയിലും അക്കാലത്ത് അദ്ദേഹം സന്ദർശനം നടത്തി. ഈ വിദ്യാഭ്യാസ രീതികൾ, തിരുമേനിയുടെ ഉള്ളിലെ അന്വേഷിയെ ഉണർത്തി. ഭാരതത്തിലെ ഇവാഞ്ചലിസ്റ്റുകളുടെ പരിവർത്തനത്തിന് തുടക്കമിടാൻ ഇവയെല്ലാം പിതാവിന് ഊർജ്ജം നൽകിയിരിക്കണം. സെറാംപുരിൽ നിന്ന് മടങ്ങിയ പിതാവ് ആശ്രമം കെട്ടിപ്പടുക്കുന്നതിൽ വ്യാപൃതനായി.

റാന്നിക്കടുത്ത്, മുണ്ടമലയിൽ,പമ്പയുടെ തീരത്തെ ആത്മീയാന്വേഷികളുടെ ആശ്രമം അദ്ദേഹം പടുത്തുയർത്തിയത് പിന്നീട് ഇന്ത്യക്ക് സ്വാതന്ത്രം ലഭിച്ച ആഗസ്റ്റ് 15 ന് തന്നെയായിരുന്നു. പിതാവ് മുൻപേ പറന്ന പക്ഷിയാണ് എന്നതിന്റെ ദൃഷ്ടാന്തമാണ് ഇത്.

**സഹനത്തിന്റെ പാതയിൽ ഒരു സഭയെ കെട്ടിപ്പടുത്ത തിരുമേനിയെ 'ധന്യൻ' പദവിയിലേക്ക് ഉയർത്തിയിരിക്കുന്നു.**

പ്രാർത്ഥനയോടെ വേദപുസ്തകം തുറന്നപ്പോൾ ലഭിച്ച 'ബഥനി' എന്ന പേരാണ് ആശ്രമത്തിന് 1919 ൽ അദ്ദേഹം നൽകിയത്. 28 വർഷങ്ങൾക്ക് ശേഷം ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചത് 1947 ഓഗസ്റ്റ് 15 ന് ആയിരുന്നു എന്ന് ചേർത്തു വായിക്കുക.

പിതാവ് സീറോ മലങ്കര കത്തോലിക്കാ സഭയുടെ പ്രാഗ് രൂപമായ ബഥനി ആശ്രമം തുടങ്ങിയതും ആഗസ്റ്റ് 15 ന് തന്നെ. ആലംബഹീനർക്ക് അത്താണിയായി മാറിയ ആശ്രമം ഉന്നത വൈദിക പഠനത്തിനും, പ്രാർത്ഥനയ്ക്കും വേദിയായി. 1925 സ്ത്രീ ശക്തീകരണത്തെ മുൻനിർത്തി പിതാവ് തുടങ്ങി വച്ച ബഥനി മഠത്തിന് ഇംഗ്ലണ്ടിലെ എപ്പിഫെനി സിസ്റ്റർമാരുടെ അംഗീകാരവും, സഹായവും ലഭിച്ചു. ഭൂഖണ്ഡങ്ങൾ കടന്ന് തിരുവെഴുത്തിന് ഒപ്പം നടക്കുന്നവരെ കൈ ചേർത്ത് പിടിക്കാൻ അക്കാലത്ത് തന്നെ തിരുമേനിക്കായി. 1932 ൽ റോമിലേക്ക് പിതാവ് നടത്തിയ തീർത്ഥാടനം വലിയ ചലനങ്ങൾ സൃഷ്ടിച്ചു. വന്ദ്യ പോപ്പ് പയസ്സ് X1നെ നേരിട്ട് കണ്ടു. വന്ദ്യ പോപ്പ് പയസ്സ് X1 ന്റെ അനുഗ്രഹാശിസ്സുകളോടെ തിരിച്ചെത്തിയ ഈവാനിയോസ് പിതാവ് സീറോ പുനരൈക്യ ചിന്തയിൽ മുഴുകി. എഴുപത്തി അഞ്ചിൽ പരം വൈദികരുടെ ആത്മീയ ബലത്തിൽ പിതാവ് വളരെ പെട്ടന്ന് 15 ൽ പരം ദൈവാലയങ്ങൾ പടുത്തുയർത്തി. 50 ൽ പരം സ്കൂളു

അഭിനന്ദനങ്ങൾ



**തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളജിൽ നിന്ന് MBBS നേടിയ ഡോ. ആൽവിൻ ജേക്കബ്. ചിറയിൽ ജേക്കബ്-ആൻസി ദമ്പതികളുടെ മകനും ചങ്ങനാശേരി സെന്റ് തോമസ് മലങ്കര കത്തോലിക്കാ ഇടവകാംഗവുമാണ്.**

*ആശംസകളോടെ കുടുംബാംഗങ്ങൾ*

അഭിനന്ദനങ്ങൾ



**2023 UPSC പരീക്ഷയിൽ 129-ാം റാങ്ക് കരസ്ഥമാക്കിയ ചേറ്റുകുഴി സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകാംഗമായ ഡാനി പി. ജോണിന് അഭിനന്ദനങ്ങൾ.**

www.malankaralibrary.com



കൾ അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെ ഉദാഹരണമായി.

കേരളത്തിന്റെ തലസ്ഥാന നഗരിയിൽ തലയുയർത്തി നിൽക്കുന്ന മാർ ഈവാനിയോസ് കോളേജ് സ്ഥാപിച്ചത് തിരുമേനി തന്നെ. 'This dignified Indian gentleman, who represented this far off triumph in the Orient,had changed his neighbours by bringing them to the Roman Communion' – 'പ്രിൻസ് ഓഫ് പാരഡോക്സ്' എന്ന് വിശേഷിപ്പിക്കപ്പെട്ട ആംഗലേയ സാഹിത്യകാരൻ G K ചെസ്റ്റർട്ടൻ, മാർ ഈവാനിയോസ് പിതാവിനെപ്പറ്റി പറഞ്ഞ വാക്കുകൾ ഭാഷാന്തരീകരിച്ച് അതിന്റെ മൂല്യം കുറയ്ക്കാൻ ആഗ്രഹിക്കുന്നില്ല.

ലോകത്തിന്റെ വിവിധ ഭൂഖണ്ഡങ്ങളിലേക്ക്, ഭാരതത്തിന്റെ വിവിധ പ്രദേശങ്ങളിലേക്ക് സുവിശേഷത്തിന്റെ, സ്നേഹത്തിന്റെ, ദൂതുമായി മലങ്കരയിലെ വൈദികരെ പിതാവ് നിയോഗിച്ചു. ഈവാനിയോസ് പിതാവ് ഉറപ്പുള്ള പാറയ്ക്ക് സമമായിരുന്നു. ആ പാറമേൽ കർത്താവിന്റെ ആലയങ്ങൾ നിരവധി പടുത്തുയർത്തപ്പെട്ടു.

**July 15,**

1953 ലെ July മാസത്തിലെ പതിനഞ്ചാം തീയതിക്കും കണ്ണീരിന്റെ നനവും ഉപ്പും ഉണ്ടായിരുന്നു. അന്ന് വൈകിട്ടാണ് മാർ ഈവാനിയോസ് പിതാവ് വിട വാങ്ങിയത്. മണ്ണിന്റെ ഉപ്പായി മാറിയ, ഈവാനിയോസ് പിതാവ് കർത്താവിൽ ലയിച്ച ദിനമായിരുന്നു അന്ന്. വൈദികരും, അത്മായരും മാത്രമല്ല, തിരുവനന്തപുരം നഗരത്തിലെ മുഴുവൻ ജനങ്ങളും പട്ടത്തെ കത്തീഡ്രൽ വളപ്പിൽ ഒത്തുകൂടിയത് പിതാവിന്റെ കബറടക്കത്തിനായിരുന്നു. അറിവിന്റെ, അലിവിന്റെ തമ്പുരാനായ ഈവാനിയോസ് പിതാവിന് അവർ അന്ത്യയാത്രാമൊഴി ചൊല്ലി.

കർത്താവിന്റെ ചാരെ, നക്ഷത്ര പ്രഭ ചൊരിഞ്ഞ് ധന്യനായി നാമകരണം ചെയ്യപ്പെട്ട തിരുമേനി ഉണ്ട്. സഹനത്തിന്റെ പാതയിൽ ഒരു സഭയെ കെട്ടിപ്പടുത്ത തിരുമേനിയെ 'ധന്യൻ' പദവിയിലേക്ക് ഉയർത്തിയിരിക്കുന്നു. ഹൃദയത്തിലും, പ്രവൃത്തിയിലും വിശുദ്ധി കാത്തുസൂക്ഷിച്ച പിതാവിനെ 'വിശുദ്ധന്മാരുടെ' പദവിയിലേക്ക് ഉയർത്താൻ കാലവും സഭയും തീരുമാനിക്കും എന്ന് ഉറപ്പ്. ●

കവിത

# പുണ്യപിതാവാം മഹിതാചാര്യൻ



**ജെനു ജോൺ**

*സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രൽ*

പുണ്യപിതാവാം മഹിതാചാര്യൻ മാർ ഈവാനിയോസ്
സുവിശേഷത്തിൻ ദീപ്തി പരത്തി മനുജർക്കെല്ലാം
നോമ്പുപവാസം ആയുധമാക്കിയ ശ്രേഷ്ഠാചാര്യ
പരിഹാസത്തിൻ കൂരമ്പുകളെ തോല്പിച്ചല്ലോ

നല്ലോരിടയനാം യേശുവിൻപാത മാതൃകയാക്കി
ഇടയത്വത്തെ ശോഭിതമാക്കിയ പുണ്യപിതാവേ
ക്ലേശിതരായോർ അടിയാർ ഞങ്ങൾ നിൻതിരുസവിധേ
അഭയം നല്കുക നിൻ പ്രാർത്ഥനയാൽ ഞങ്ങൾക്കെന്നും



www.malankaralibrary.com

ആരോഗ്യം



# പക്ഷിപ്പനി: ചോദ്യങ്ങളും ഉത്തരങ്ങളും

**ഡോ. ജോ എബ്രഹാം**
Dept of Community Medicine,
PIMS & RC, Tiruvalla

കേരളത്തിൽ പലയിടങ്ങളിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്യപ്പെട്ട പശ്ചാത്തലത്തിൽ, ഏവിയൻ ഇൻഫ്ളുവെൻസ, പൊതുജനങ്ങൾക്കിടയിൽ ആശങ്കയുണർത്തുന്ന ഒരു വിഷയമായി വീണ്ടും മാറിയിരിക്കുന്നു. ആലപ്പുഴ ജില്ലയിൽ കോഴികളിലും, കാക്കകളിലും, കൊക്കുകളിലും (common crane) ഈ വൈറസ് ബാധ സ്ഥിരീകരിച്ചിട്ടുണ്ട്. ഇത് മൃഗങ്ങളുടെ ആരോഗ്യത്തിനും പൊതുജനാരോഗ്യത്തിനും ഒരു വലിയ ഭീഷണിയായി നിലനിൽക്കുന്നു. ഇതിനെ തുടർന്ന്, ഈ വൈറസിന്റെ വ്യാപനം തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി സംസ്ഥാനസർക്കാർ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഈ ലേഖനം ഏവിയൻ ഫ്ളൂ, പ്രത്യേകിച്ച് കേരളത്തെ നിലവിൽ ബാധിക്കുന്ന H5N1 strain, അതിന്റെ സംക്രമണം, പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സുരക്ഷാമുൻകരുതലുകൾ എന്നിവയെക്കുറിച്ച് അറിവ് നൽകാൻ ശ്രമിക്കുന്നു.



www.malankaralibrary.com



## ഏവിയൻഫ്ളൂ (H5N1) വിനെക്കുറിച്ചുള്ള പൊതുജനങ്ങളുടെ സംശയദൂരീകരണത്തിനായുള്ള ചോദ്യോത്തരങ്ങൾ



**ചോദ്യം: ഏവിയൻ ഇൻഫ്ളുവെൻസ (H5N1) എന്താണ്, ഇത് മനുഷ്യരെയും മൃഗങ്ങളെയും എങ്ങനെ ബാധിക്കുന്നു?**

**ഉത്തരം:** ഏവിയൻ ഇൻഫ്ളുവെൻസ (H5N1) പ്രധാനമായും പക്ഷികളെ വ്യാപകമായി ബാധിക്കുന്ന ഒരു രോഗത്തിനു കാരണമായ വൈറസാണ്. എന്നാൽ ചിലപ്പോൾ ഇത് മനുഷ്യരേയും കന്നുകാലിപോലുള്ള മൃഗങ്ങളേയും ബാധിക്കുന്നു. രോഗംബാധിച്ച പക്ഷികളുമായുള്ള സമ്പർക്കത്തിലൂടെയും അവയുടെ സ്രവങ്ങളിലൂടെയും മലിനീകൃത പരിസ്ഥിതികളിലൂടെയും ഈ വൈറസ് പകരുന്നു. സംക്രമിതരായ പക്ഷികളുമായോ മലിനീകൃത പ്രദേശങ്ങളുമായോ ഉള്ള അടുത്തസമ്പർക്കത്തിലൂടെ, നമ്മുടെ കണ്ണുകളിലൂടെയും മൂക്കിലൂടെയും വായിലൂടെയും, പക്ഷിപ്പനിക്ക് കാരണമായ H5N1 വൈറസുകൾക്ക് മനുഷ്യശരീരത്തിനുള്ളിലേക്കു കടക്കാം. സാധാരണ ജലദോഷംപോലുള്ള ലക്ഷണങ്ങളിൽ നിന്ന് pneumonia പോലുള്ള ഗുരുതരമായ ലക്ഷണങ്ങൾ മുഖേന മരണത്തിലേക്ക് വരെ നയിക്കാൻ ഈ അസുഖത്തിന് കഴിയും.

**ചോദ്യം: ഏതൊക്കെമൃഗങ്ങളിൽ ആണ് H5N1 ബാധിക്കുക?**

**ഉത്തരം:** പ്രധാനമായും പക്ഷികളെയാണ് H5N1 ബാധിക്കുന്നത്, എന്നാൽ മറ്റ് വിവിധ മൃഗങ്ങളിലേക്കും ഇത് പകരാം. കരയിലെ പക്ഷികൾ, കടൽപ്പക്ഷികൾ, തീരദേശപക്ഷികൾ, കുടിയേറ്റ പക്ഷികൾ (migratory birds) എന്നിവ ഉൾപ്പെടെ, കോഴികളും താറാവുകളും പോലുള്ള വളർത്തുപക്ഷികൾക്കും സാധാരണയായി ബാധിക്കപ്പെടുന്നു. അടുത്തകാലത്തായി, വിവിധതരം സസ്തനികളിലും (mammals) H5N1 ബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ നീർനായകൾ (Minks), കുറുക്കന്മാർ, കരടികൾ, കടൽസിംഹങ്ങൾ, പൂച്ചകൾ, നായ്ക്കൾ പോലുള്ള മൃഗങ്ങൾ ഉൾപ്പെടുന്നു. യുണൈറ്റഡ് സ്റ്റേറ്റ്സിൽ കറവപ്പശുക്കളിൽ (dairy cows) H5N1 പടർന്നിട്ടുണ്ട്. സംക്രമിതരായ പക്ഷികളെ ഭക്ഷിക്കുന്ന അല്ലെങ്കിൽ ഉയർന്ന വൈറസ് സാന്ദ്രതയുള്ള പരിസ്ഥിതികളിൽ ഏറെനേരം കഴിയുന്ന സസ്തനികളിലേക്കു ഈ വൈറസ് പകരാം. കേരളത്തിൽ, ഇതുവരെ, പക്ഷികളിൽ മാത്രമാണ് H5N1 റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്.

**ചോദ്യം: അടുത്ത കാലത്ത് കേരള സർക്കാർ പുറത്തിറക്കിയ ഏവിയൻ ഫ്ളൂ (H5N1) മാർഗ്ഗനിർദേശങ്ങൾ എന്തൊക്കെയാണ്?**

**ഉത്തരം:** പൊതുജനങ്ങളെയും, പക്ഷികളോടും മൃഗങ്ങളോടും അടുത്ത സമ്പർക്കമുള്ളവരെയും, ഏവിയൻ ഫ്ളൂ (H5N1) വിൽ നിന്ന് സംരക്ഷിക്കുന്നതിനായി കേരള സർക്കാർ വിപുലമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന ശുപാർശകൾ ഇവയാണ്:

**1. അസംരക്ഷിത സമ്പർക്കം ഒഴിവാക്കുക:** രോഗബാധിതമായ അല്ലെങ്കിൽ ചത്തുപോയ പക്ഷികളും കന്നുകാലികളും മറ്റ് മൃഗങ്ങളും അവയുടെ വിസർജ്ജനങ്ങളുമായി സമ്പർക്കം ഒഴിവാക്കുക. H5N1 സ്ഥിരീകരിക്കപ്പെട്ട അല്ലെങ്കിൽ സംശയിക്കപ്പെട്ട പക്ഷികളാൽ മലിനമാക്കപ്പെട്ട എല്ലാ വസ്തുക്കളുമായും നിർബന്ധമായി സമ്പർക്കം ഒഴിവാക്കുക.

**2. പേഴ്സണൽ പ്രൊട്ടെക്റ്റീവ് ഉപകരണങ്ങൾ ഉപയോഗിക്കുക (PPE):** കോഴികളും കാട്ടുപക്ഷികളും ഉൾപ്പെടെയുള്ള രോഗബാധിതരായ പക്ഷികളുമായി നേരിട്ടോ അടുത്തോ (ഏകദേശം ആറ് അടിക്കുള്ളിൽ) സമ്പർക്കം പുലർത്തുമ്പോൾ, ആളുകൾ വ്യക്തിഗത സംരക്ഷണ ഉപകരണങ്ങൾ (PPE) ധരിക്കണം. ഇത് സുരക്ഷാ കണ്ണട, ഡിസ്പോസബിൾ ഗ്ലൗസുകൾ, ബൂട്ടുകൾ അല്ലെങ്കിൽ ബൂട്ട് കവറുകൾ, N-95 മാസ്കുകൾ, ഡിസ്പോസബിൾ ദ്രാവക പ്രതിരോധ കവചങ്ങൾ, ഡിസ്പോസബിൾ തല കവറുകൾ എന്നിവ ഉൾപ്പെടുന്നു.

**3. നിരീക്ഷണവും ക്വാറന്റീനും:** H5N1 ബാധിച്ച പക്ഷികളുമായുള്ള സമ്പർക്കത്തിൽപ്പെട്ട ആളുകൾ, 10 ദിവസത്തെ കാലയളവിൽ, കണ്ണുകളുടെ ചുവപ്പ് പോലെയുള്ള ലക്ഷണങ്ങൾ ഉൾപ്പെടെ ശ്വാസകോശ പ്രശ്നങ്ങൾ സ്വയം നിരീക്ഷിക്കണം. ഈ കാലയളവിൽ അവർ വീട്ടിൽ ക്വാറന്റീനിൽ തുടരണം.

**4. ആന്റിവൈറൽ പ്രതിരോധം:** H5N1 ബാധിച്ച പക്ഷികളുമായുള്ള അസംരക്ഷിത സമ്പർക്കത്തിൽ പെട്ടവർ രോഗബാധ തടയാൻ വൈദ്യസഹായം തേടിയ ശേഷം, ആന്റിവൈറൽ പോസ്റ്റ്-എക്സ്പോഷർ പ്രൊഫൈലാക്സിസ് (post-exposure prophylaxis) പരിഗണിക്കണം.

**5. വൈദ്യ പരിശോധന:** H5N1 ബാധിച്ച പക്ഷികളുമായുള്ള സമ്പർക്കത്തിനു ശേഷം ലക്ഷണങ്ങൾ കണ്ടാൽ, ഉടൻ വൈദ്യപരിശോധന നടത്തുകയും, മോളിക്യുലർ ടെസ്റ്റിംഗും (molecular testing) ആന്റി വൈറൽ ചികിത്സയും നടത്തുകയും വേണം. H5N1 ബാധിതനല്ലെന്ന് സ്ഥിരീകരിക്കുന്നതു വരെ മറ്റുള്ളവരുമായി സമ്പർക്കം ഒഴിവാക്കണം.

**കർഷകർ, പോൾട്രി തൊഴിലാളികൾ, അടിയന്തര പ്രതികരണസേന പ്രവർത്തകർ എന്നിവർക്കായി:**

**1. അസംരക്ഷിത സമ്പർക്കം ഒഴിവാക്കുക:** രോഗബാധിതമായ പക്ഷികളുമായും കന്നുകാലികളുമായും, H5N1 ബാധിതമാകാനുള്ള സാധ്യതയുള്ള വസ്തുക്കളുമായും അസംരക്ഷിതമായി നേരിട്ടുള്ളതോ അടുത്തുള്ളതോ ആയ സമ്പർക്കം ഒഴിവാക്കുക. പ്രത്യേകിച്ച്, രോഗബാധയുടെ കേന്ദ്രബിന്ദുവിന് ചുറ്റുമുള്ള 10 കിലോമീറ്റർ ചുറ്റളവിൽ ഇത് കർശനമായി പാലിക്കണം.

**2. വ്യക്തിഗത സംരക്ഷണ ഉപകരണങ്ങൾ (PPE) ധരിക്കുക:** രോഗബാധിതരായ പക്ഷികൾ, കന്നുകാലികൾ, അവയുടെ വിസർജ്ജനം, പാൽ, ചത്ത മൃഗങ്ങൾ എന്നിവ കൈകാര്യം ചെയ്യുമ്പോഴും, മൃഗ വിസർജ്ജനങ്ങളാൽ മലിനമായ ഉപരിതലങ്ങൾ, അതിനുപയോഗിക്കുന്ന വെള്ളം എന്നിവ കൈകാര്യം ചെയ്യുമ്പോഴും, ഈ മൃഗങ്ങളേയോ വസ്തുക്കളേയോ പാർപ്പിച്ചിരുന്ന കെട്ടിടങ്ങളിലേക്ക് പ്രവേശിക്കുമ്പോഴും ഉചിതമായ വ്യക്തിഗത സംരക്ഷണ ഉപകരണങ്ങൾ (PPE) ധരിക്കണം.



### ചോദ്യം: മറ്റ് രാജ്യങ്ങളിൽ ഏവിയൻ ഫ്ളൂ മനുഷ്യരിലേക്ക് പകർന്നതിന്റെ ഉദാഹരണങ്ങൾ ഉണ്ടോ?

**ഉത്തരം:** കഴിഞ്ഞ 20 വർഷത്തിനിടയിൽ 23 രാജ്യങ്ങളിൽ Highly Pathogenic Aian Influenza (HPAI) A (H5N1) വൈറസ് മനുഷ്യരിൽ വ്യാപിച്ച സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്വസന സംബന്ധമായ പ്രശ്നങ്ങൾ പോലുള്ള മിതമായ ലക്ഷണങ്ങളിൽനിന്ന് മരണം വരെ ഉണ്ടാകാവുന്ന ഗുരുതരമായ അസുഖം വരെ ഈ കേസുകളിൽ കാണപ്പെടുന്നു. രോഗത്തിന്റെ മരണനിരക്ക് (case fatality rate) 50% മുകളിലാണ്. ഈ വർഷം, അമേരിക്കയിൽ, ക്ഷീര കന്നുകാലികളിലും പാസ്ചറൈസേഷൻ ചെയ്യാത്ത പാലിലും H5N1 കണ്ടെത്തിയിട്ടുണ്ട്. ഇത് ക്ഷീരകൃഷി തൊഴിലാളികളിൽ മൂന്ന് സംക്രമണങ്ങൾക്ക് കാരണമായി. മിക്ക മനുഷ്യ സംക്രമണങ്ങളും രോഗബാധിതരായതോ ചത്തതോ ആയ കോഴികളുമായുള്ള, സംരക്ഷണ നടപടികളില്ലാതെയുള്ള (പ്രതിരോധ മുൻകരുതലുകൾ ഇല്ലാതെയുള്ള) നേരിട്ടുള്ള സമ്പർക്കത്തിന് ശേഷമാണ് സംഭവിക്കുന്നത്. എന്നാൽ മനുഷ്യരിൽനിന്ന് മനുഷ്യരിലേക്കുള്ള സ്ഥിരമായ പകർച്ച ഇതുവരെ കണ്ടെത്തിയിട്ടില്ല. കേരളത്തിൽ, ഇതുവരെ പക്ഷികളിൽ മാത്രമാണ് H5N1 റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. സസ്തനികളിലേക്കോ മനുഷ്യരിലേക്കോ പകർച്ച കണ്ടെത്തിയിട്ടില്ല.

### ചോദ്യം: ഏവിയൻ ഫ്ളൂ പടർച്ചയുടെ സമയത്ത് കോഴിയിറച്ചിയും പാലുൽപ്പന്നങ്ങളും കഴിക്കുന്നത് സുരക്ഷിതമാണോ?

**ഉത്തരം:** അതെ, ഏവിയൻ ഫ്ളൂ പടർച്ചയുടെ സമയത്ത് കോഴിയിറച്ചിയും പാലുൽപ്പന്നങ്ങളും പൂർ

www.malankaralibrary.com






ണ്ണമായും വേവിച്ചെടുത്താൽ, കഴിക്കുന്നത് സുരക്ഷിതമാണ്. പൂർണമായും വേകാത്തതോ, കുറച്ച് വേവിച്ചതോ ആയ poultry ഉൽപ്പന്നങ്ങൾ, പാകം ചെയ്യാത്ത താറാവിന്റെ അവയവങ്ങൾ, രക്തം എന്നിവ പോലുള്ളവ കഴിക്കുന്നതുമായി ബന്ധപ്പെട്ട്, അപൂർവമായി ഏവിയൻ ഇൻഫ്ളുവെൻസ (H5N1) സംക്രമണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും, കോഴിയിറച്ചിയും വന്യമൃഗങ്ങളുടെ ഇറച്ചിയും മുട്ടകളും ശരിയായി പാകം ചെയ്യുന്നത് വൈറസിനെ നശിപ്പിക്കുകയും, അവ കഴിക്കാൻ യോഗ്യമാക്കുകയും ചെയ്യുന്നു എന്നാണ് എല്ലാ തെളിവുകളും സൂചിപ്പിക്കുന്നത്. മനുഷ്യരിലെ കേസുകളിൽ ഭൂരിഭാഗവും രോഗബാധിതരായ കോഴികളുമായോ, പക്ഷി മാർക്കറ്റുകൾ പോലുള്ള മലിനീകൃത പരിസ്ഥിതികളുമായോ ഉള്ള നേരിട്ടുള്ള സമ്പർക്കവുമായി ബന്ധപ്പെട്ടിരിക്കുന്നുവെങ്കിലും, പൂർണ്ണമായും വേവിച്ചെടുത്ത കോഴിയിറച്ചിയിലൂടെയും പാലുൽപ്പന്നങ്ങളിലൂടെയും ഇൻഫ്ളുവെൻസ A (H5N1) വൈറസ് മനുഷ്യരിലേക്ക് പകരാൻ സാധ്യതയില്ല.

**ചോദ്യം: H5N1 മനുഷ്യരിൽ വ്യാപകമായ പടർച്ചയ്ക്ക് കാരണമാകാത്തത് എന്തുകൊണ്ട്?**

**ഉത്തരം:** പ്രധാനമായും മനുഷ്യരുടെ അപ്പർ റെസ്പിറേറ്ററി ട്രാക്ടിലെ റിസെപ്റ്റർസിൽ (receptors in Upper respiratory tract) വൈറസ് കാര്യക്ഷമമായി ബാധിക്കാത്തതുകൊണ്ടാണ്, H5N1 മനുഷ്യരിൽ വ്യാപകമായ പടർച്ചയ്ക്ക് കാരണമാകാത്തത്. ഇത് വൈറസിന് ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് എളുപ്പത്തിൽ പകരാൻ പ്രയാസമാക്കുന്നു. 2022 മുതൽ മനുഷ്യരിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഭൂരിഭാഗം കേസുകളും രോഗബാധിതരായ കോഴികളുമായുള്ള നേരിട്ടുള്ള സമ്പർക്കവുമായി ബന്ധപ്പെട്ടിരിക്കുന്നു. വളരെ കുറച്ച് കേസുകൾ കന്നുകാലികൾ പോലുള്ള മറ്റ് രോഗബാധിതരായ മൃഗങ്ങളുമായുള്ള സമ്പർക്കത്തിൽനിന്നും ബന്ധപ്പെട്ടിരിക്കുന്നു. കൂടാതെ, HPAI A (H5N1) വൈറസിന്റെ മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്കുള്ള പകർച്ച ഇതുവരെ രേഖപ്പെടുത്തിയിട്ടില്ല. മനുഷ്യരിലേക്കുള്ള പകർച്ചയുടെ കുറഞ്ഞ കാര്യക്ഷമതയും, സമ്പർക്ക സ്വഭാവവും (പ്രധാനമായും രോഗബാധിതരായ മൃഗങ്ങളുമായുള്ള നേരിട്ടുള്ള സമ്പർക്കം) പൊതുജനങ്ങൾക്കുള്ള അപകടസാധ്യത താരതമ്യേന കുറവായി നിലനിർത്തുന്നു. എന്നിരുന്നാലും, ഇൻഫ്ളുവെൻസ വൈറസുകൾക്ക് വേഗത്തിൽ പരിണമിക്കാൻ കഴിയുന്നതിനാൽ, മനുഷ്യർക്കുള്ള അപകടസാധ്യത വർദ്ധിപ്പിക്കുന്ന വൈറസിലെ ഏതെങ്കിലും മാറ്റങ്ങൾ നിരീക്ഷിക്കാനും പ്രതികരിക്കാനും തുടർച്ചയായ നിരീക്ഷണവും സന്നദ്ധതയും അത്യാവശ്യമാണ്.

കേരളത്തിൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന പക്ഷിപ്പനിയുടെ പടർച്ച, ജാഗ്രതയുടെയും സന്നദ്ധതയുടെയും പ്രാധാന്യം എടുത്തുകാണിക്കുന്നു. പൊതുജനങ്ങൾക്ക് പക്ഷിപ്പനിയുടെ ഭീഷണി താരതമ്യേന കുറവാണെങ്കിലും, രോഗബാധ തടയാൻ ശുപാർശ ചെയ്ത മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുക അത്യാവശ്യമാണ്. പകർച്ചവഴികൾ മനസ്സിലാക്കുകയും അനുയോജ്യമായ മുൻകരുതലുകൾ എടുക്കുകയും ചെയ്യുന്നതിലൂടെ, വ്യക്തികൾക്ക് സ്വയം സംരക്ഷണവും, പൊതുജനാരോഗ്യ ശ്രമങ്ങൾക്ക് പിന്തുണയും നൽകാം. അറിവോടെ, ജാഗ്രതയോടെ, പരിഭ്രാന്തിയില്ലാതെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് മുന്നോട്ടുപോകുന്നത് പക്ഷിപ്പനി പടരുന്നത് നിയന്ത്രിക്കാനും ചെറുക്കാനും മുഖ്യമാണ്. പരിഭ്രാന്തരാകേണ്ടതില്ലെന്ന് ഓർമ്മിക്കുക. പക്ഷിപ്പനി പോലുള്ള വ്യാധികളെ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ ഉപകരണങ്ങൾ ശാസ്ത്രവും പൊതുജനാരോഗ്യ നടപടികളും നൽകുന്നു. ●

## ആദരാഞ്ജലികൾ



**സി. ജെസ്റ്റിൻ എസ്.ഐ.സി.**

**തിരുമൂലപുരം**

www.malankaralibrary.com






**ഫാ. മാത്യു പുത്തൻപീടികയിൽ**

## പെന്തിക്കൊസ്തിക്കു ശേഷം പതിനൊന്നാം ഞായർ (ആഗസ്റ്റ് – 04) മർക്കോസ് 6:7 – 13

"നാനാദിശകളിലേക്കല്ലോ
വൈദ്യന്മാർ പന്തിരുപേരെ
യേശു നാഥനയച്ചരുളി
അവരോടായേവം:
ദുരിതമാക്കദുരാത്മാവെ
രോഗാർത്തരെ സൗഖ്യവുമാക്ക
വിലകൂടാതെ ലഭിച്ചതുപോൽ
നല്കിൻ വിലയെന്യേ."

യേശു തന്റെ ശിഷ്യന്മാരെ തന്റെ ദൗത്യനിർവഹണത്തിനായി അയക്കുന്ന സുവിശേഷ ഭാഗമാണ് ഇന്ന് നാം ധ്യാനിക്കുന്നത്. തന്റെ ദൗത്യനിർവഹണത്തിനായി അയക്കുന്ന ശിഷ്യന്മാരോട് കർത്താവ് ഇപ്രകാരം പറഞ്ഞാണ് യാത്രയാക്കുന്നത്: അരുത്, അരുത്, കരുതരുത്. സ്വർണ്ണം, സഞ്ചി, രണ്ട് ഉടുപ്പുകൾ, അപ്പം ഇവയൊന്നും കരുതരുത്. എന്നാൽ കർത്താവ് അവർക്കായി കരുതി അയച്ചത് പിശാചുക്കളെ പുറത്താക്കാനും രോഗികളെ സുഖപ്പെടുത്താനുമുള്ള അധികാരമാണ്. എന്താണ് ഇന്നിന്റെ ഈ തലമുറയിൽ ഈ സുവിശേഷ ഭാഗത്തിന്റെ പ്രസക്തി?

യാത്രകളെ സ്നേഹിക്കുന്നവരും യാത്രയുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നവരുമാണ് നാമേവരും. ദൂരദേശത്തേക്ക് യാത്രയാകുന്ന തന്റെ മക്കൾക്ക് സാധിക്കുന്നതെല്ലാം ഒരുക്കിക്കൊടുക്കുന്നത് ഒരമ്മയുടെ സ്നേഹത്തിന്റെ പൂർത്തീകരണമാണ്. അമ്മയുടെ സ്നേഹം നിറച്ച പൊതിയും യാത്രാസാധനങ്ങളുമായാണ് മക്കൾ യാത്രയാകുന്നത്. എന്നാൽ ഈ ലോകത്തിൽ നാം കാണുന്നത്; അമ്മയുടെ പൊതിയുടെ സ്വാദു തീരുമ്പോൾ അമ്മയുടെ സ്നേഹത്തിന്റെ സ്വാദും തീരുന്നു. അമ്മ നല്കിയ സാധനങ്ങളുടെ പ്രസക്തി നഷ്ടമാകുമ്പോൾ അമ്മയുടെ പ്രസക്തിയും നഷ്ടമാകുന്നു. ഇപ്രകാരം ജീവിതമാകുന്ന യാത്രയിൽ ഭൗതികമായി കരുതുന്നതെന്തിന്റേയും സ്വാദും പ്രസക്തിയും സത്വരം നഷ്ടപ്പെടും.

ഇപ്രകാരം ഭൗതിക തയ്യാറെടുപ്പുകളോടുകൂടിയ യാത്രയല്ല യേശു തന്റെ ശിഷ്യന്മാരിൽ നിന്ന് ആഗ്രഹിക്കുന്നത്. ഭൗതിക തയ്യാറെടുപ്പുകളോടുകൂടിയ യാത്ര നഷ്ടപ്പെടലിന്റെ യാത്രയാണ്. ഇവിടെയാണ് ഈ സുവിശേഷ ഭാഗത്തിന്റെ പ്രസക്തി. യേശുവെന്ന സ്നേഹിതൻ, തന്റെ സ്നേഹിതന്മാരെ യാത്രയാക്കുമ്പോൾ തികച്ചും അസാധാരണവും നമുക്ക് അപരിചിതവുമായ യാത്രാമൊഴിയും, അനുശാസനയുമാണ് നല്കുന്നത്. "യാത്രയ്ക്കു വടിയല്ലാതെ മറ്റൊന്നും അപ്പമോ, സഞ്ചിയോ, അരപ്പട്ടയിൽ പണമോ കരുതരുത്" (മർക്കോസ് 6:8). ഇങ്ങനെ ഒന്നുമില്ലാതെ യാത്രയാകുന്ന ശിഷ്യന്മാരുടെ അവസ്ഥ എന്താണ്? "ചെന്നായ്ക്കളുടെ ഇടയിലേക്ക് ചെമ്മരിയാടുകളെ എന്നപോലെ ഞാൻ നിങ്ങളെ അയക്കുന്നു" (മത്തായി 10:16). ഈ പ്രതികൂല സാഹചര്യങ്ങളിൽ കരുതലായി ഒന്നും തന്നെ കൂട്ടുവാൻ യേശു വിസമ്മതിക്കുന്നതിന്റെ അർത്ഥമെന്താണ്? എല്ലാം കരുതി യാത്രയാകുന്ന മനുഷ്യർക്ക് ദൈവസ്നേഹത്തിന്റെയും പരിപാലനയുടെയും അർത്ഥവും വ്യാപ്തിയും മനസ്സിലാകുകയില്ല. അവൻ അവനിൽത്തന്നെ ആശ്രയിക്കുന്നു. ഇപ്രകാരം ഒന്നും കരുതാതെ യാത്ര പുറപ്പെടുന്ന ചില വ്യക്തികളെ വി. ഗ്രന്ഥത്തിൽ നാം കാണുന്നു. ദൈവം കാണിച്ചുകൊടുത്ത നാട്ടിലേക്ക് യാത്ര പുറപ്പെട്ട വ്യക്തിക്ക് ഉപേക്ഷിക്കേണ്ടി വന്നത് താൻ കരുതിയിരുന്ന പിതൃഭവനവും ബന്ധുക്കളും ദേശവുമാണ്. ഈ വ്യക്തിയാണ് വിശ്വാസത്തിന്റെ പിതാവായ അബ്രഹാം എന്ന് അറിയപ്പെടുന്നത്. യേശുവിനെ അനുഗമിച്ച വി. പത്രോസിന് ഉപേക്ഷിക്കേണ്ടിവന്നത് തന്റെ വലയും വള്ളവുമാണ്. ഇവന്റെ മേലാണ് സഭ പണിയപ്പെടുന്നത്. അഞ്ചപ്പവും രണ്ട് മീനും കൊണ്ട് അയ്യായിരം പേരെ തൃപ്തിപ്പെടുത്തിയ കർത്താവിന്റെ സ്നേഹവും കരുതലും മനസ്സിലാക്കാൻ സാധിച്ചത് അന്ന് യേശുവിനെ അനുഗമിച്ച ജനങ്ങൾ അവരുടെ യാത്രയിൽ ഒന്നും കരുതാതെ വന്നതിനാലാണ്. യൗവ്വനത്തിൽ തന്റെ പിതാവ് തനിക്കായി കരുതിയിരുന്നതെല്ലാം ഉപേക്ഷിച്ച് ക്രിസ്തുവിനുവേണ്ടി

www.malankaralibrary.com


ഇറങ്ങിപ്പുറപ്പെട്ടതിനാലാണ് അസ്സീസിക്ക് വി. ഫ്രാൻസിസിനെ ലഭിച്ചത്.

ഈ സുവിശേഷം നമ്മെ പഠിപ്പിക്കുന്നതും ഇത് തന്നെയാണ്. ശിഷ്യന്മാർ അവരുടെ യാത്രയിൽ ഗുരു പറഞ്ഞതുപോലെ യാത്രപുറപ്പെട്ടപ്പോൾ ദൈവം അവരെ വഴി നടത്തുന്നത് അവർ കണ്ട്, യേശു ചെയ്തിരുന്നതൊക്കെ അവരും ചെയ്തു. അവർക്ക് ഒന്നും നഷ്ടമായില്ല. അവരുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടു. പ്രിയമുള്ളവരെ, ഭൗതിക നേട്ടങ്ങൾ അല്ല നമ്മെ നയിക്കുന്നത്. ആത്മീയ കരുതിവെയ്പ്പാണ് സ്വർഗ്ഗത്തിലേക്ക് നമ്മെ നയിക്കുന്നത്. അതിനായി നമുക്ക് ഒരുങ്ങാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.



ഫാ. ചാക്കോ മേലേടത്ത്

## തേജസ്ക്കരണശേഷം ഒന്നാം ഞായർ (ആഗസ്റ്റ് – 11) മത്തായി 21:28–32

നമ്മുടെ കർത്താവിന്റെ തേജസ്ക്കരണ പെരുന്നാളിന് ശേഷമുള്ള ഒന്നാം ഞായർ നമ്മളും പ്രകാശമുള്ളവരായിത്തീരാൻ ഉതകുന്ന ഒരു വചന ഭാഗം സഭ നൽകിയിരിക്കുന്നു. വി. മത്തായി 21:28–32 വരെ. ദൈവം ഭരണാധികാരിയായിരിക്കുന്ന ദൈവരാജ്യ മർമ്മങ്ങൾ ഉപമകളിലൂടെയും, അനുചിത കഥകളിലൂടെയുമായിരുന്നു ക്രിസ്തു വിവരിച്ചിരുന്നത്. ഇവിടെ ശ്രോതാക്കൾ സമൂഹത്തിന്റെ ധാർമ്മികതയുടേയും ആത്മീയതയുടേയും താക്കോലുകൾ തങ്ങളുടെ കൈകളിലാണെന്ന് സ്വയം വിശേഷിപ്പിക്കുന്ന പ്രധാന പുരോഹിതരും ജനപ്രമാണികളുമാണ് (മത്തായി 21: 23). കൂടിനിന്നവരുടെ ഹൃദയം വായിച്ച് അവരുടെ ഹൃദയം തുളയ്ക്കുന്ന ഒരു കഥ മെനയുകയാണ് ക്രിസ്തു. രണ്ട് പുത്രന്മാരുടെ ഉപമ. 'രണ്ടു മുഖം' സൂക്ഷിക്കുന്ന മനുഷ്യരെപ്പറ്റിയൊരു കഥ (Double face). ഒരു പക്ഷെ ക്രിസ്തു ഏറ്റവും കൂടുതൽ നിശിതമായി വിമർശിച്ചതും ഈ രണ്ടു 'മുഖം' സൂക്ഷിക്കുന്നവരെയാണെന്ന് തോന്നുന്നു. ഫരീസയരുടേയും നിയമജ്ഞരുടേയും കപടനാട്യം (മത്തായി 23).

മുന്തിരിത്തോട്ടത്തിൽ ജോലി ചെയ്യുക എന്ന് ഒരു മകനോട് അപ്പൻ. ഞാൻ പോകാം എന്ന് അപ്പനോട് മകൻ. മകന്റെ വാക്കിൽ സന്തോഷിച്ച അപ്പൻ മകനെ വളരെ നേരമായും മുന്തിരിത്തോപ്പിൽ കാണായ്കയാൽ അടുത്ത മകനോട് മുന്തിരിത്തോട്ടത്തിൽ പോകാൻ ആവശ്യപ്പെട്ടപ്പോൾ മനസ്സില്ലായെന്ന് രണ്ടാമൻ. എങ്കിലും പശ്ചാത്തപിച്ച് പോയ മകന്റെ ഹൃദയത്തെ പ്രശംസിച്ച് ക്രിസ്തു.

ഈ ലോകത്തിൽ ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത് എല്ലാ വികാരവിചാരങ്ങളോടും കൂടിയ മനുഷ്യനായി. ഈ വികാര വിക്ഷോഭങ്ങളില്ലായിരുന്നെങ്കിൽ ഒരു പാപവും ഉണ്ടാകുമായിരുന്നില്ല. മനുഷ്യന് ദൈവം കൊടുത്ത ഏറ്റവും വലിയ ദാനമാണ് സ്വാതന്ത്ര്യം. നന്മ, തിന്മ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം. കുറവുകൾ മനുഷ്യസഹജമെന്നറിയുന്ന ക്രിസ്തുശരീരവുമായി ബന്ധപ്പെട്ട എല്ലാ കുറവുകളിലും കണക്ക് കൂട്ടിക്കിഴിക്കാതെ ക്ഷമിക്കുന്നത് വചനത്തിൽ നാം വായിക്കുന്നു. വീഴുന്നു എന്നല്ല എഴുന്നേൽക്കാൻ മനസ്സുണ്ടോ? എന്നതാണ് ക്രിസ്തുവിന്റെ ചോദ്യം. പാപിനിയായ സ്ത്രീ (യോഹ 8:1–11) നിങ്ങളിൽ പാപം ചെയ്യാത്തവർ കല്ലെറിയട്ടെ എന്ന ഹൃദയം തൊടുന്ന വാക്കിൽ അവളുടെ ശരീരത്തിന്റെ കുറവുകളെ ക്രിസ്തു മറന്നു. ചുങ്കക്കാരൻ സക്കേവൂസ് (ലൂക്കാ 19:1–10) ധനാസക്തിയിൽ വീണുപോയി, അനേക കുടുംബങ്ങളുടെ കണ്ണീരിന് കാരണമായ ചുങ്കംപിരിവുകാരന്റെ ഭവനത്തിൽ വസിക്കണമെന്ന വാക്കിൽ കുറവുകൾ മറന്ന ക്രിസ്തു. ധൂർത്തപുത്രൻ (ലൂക്കാ 15:11–32) പിതാവിന്റെ സ്നേഹം തള്ളി ധൂർത്തനായി, എല്ലാം നഷ്ടപ്പെട്ട് തിരികെ പടികയറാനുള്ള ആഗ്രഹത്തെ വാരിപ്പുണർന്ന് കാലിൽ ചെരിപ്പണിയിക്കുന്ന ക്രിസ്തു. മനുഷ്യന്റെ ബലഹീനതകളെയെല്ലാം അവൻ കരുണയോടെ മാത്രമേ നോക്കിയിട്ടുള്ളൂ.

എന്നാൽ ക്രിസ്തു നിശിതമായി വിമർശിക്കുന്ന പാപങ്ങളിലൊന്നാണ് കപടത. ആന്തരികവും ബാഹ്യവുമായ ശുദ്ധിയെപ്പറ്റി ക്രിസ്തു ശിഷ്യരെ പലയാവർത്തി ഉദ്ബോധിപ്പിക്കുന്നുണ്ട് (മത്താ 15: 10–20). ഉള്ളിൽ നിന്ന് വരുന്നതാണ് ഒരുവനെ അശുദ്ധനാക്കുന്നത്. പറയുന്നതും പ്രവർത്തിക്കുന്നതും രണ്ടാകുന്നവർ (Double Face).

എനിക്ക് ഭയങ്കര ദേഷ്യമാണച്ചാ!! ശരീരത്തിന്റെ ജീനുകളുടെ പ്രത്യേകത അനുസരിച്ച് ഓരോ വികാരവിചാരങ്ങൾ ഓരോരുത്തരിലും കാണപ്പെടും. എന്നാൽ ദേഷ്യം വരുമ്പോൾ ഉപയോഗിക്കുന്ന വാക്കുകളും കാണിക്കുന്ന പ്രവൃത്തികളും അത് അവരവരുടെ തീരുമാനം (Choice) ആണ്. അത് ഉള്ളിൽനിന്ന് വരുന്നതാണ്. മുറിപ്പെടുത്തുന്ന വാക്ക് ദേഷ്യത്തിൽ ഉൾപ്പെടുത്തണമോ എന്നത് അവരവരുടെ തീരുമാനം ആണ്.

www.malankaralibrary.com

വ്യത്യാസം വരേണ്ടത് ഉള്ളിലാണെന്ന് ക്രിസ്തു. നഥാനിയേലിനെ കണ്ട് ക്രിസ്തു ചുറ്റും നിന്നവരോട് പറഞ്ഞു ഇതാ ഹൃദയത്തിൽ കളങ്കമില്ലാത്ത ഒരു ഇസ്രായേൽക്കാരൻ (യോഹ 1:47).

സാധാരണഗതിയിൽ രണ്ടു വ്യക്തികൾ പരിചയപ്പെടുമ്പോൾ ആദ്യം വെളിപ്പെടുത്തുന്നത് ഓരോരുത്തരുടെയും നല്ല മുഖങ്ങളാണ്, നല്ല വേഷങ്ങളാണ്. എല്ലാ മനുഷ്യരുടേയും ഒരടിസ്ഥാന താത്പര്യമാണ് സ്നേഹിക്കപ്പെടണം, ആദരിക്കപ്പെടണം എന്നത്. നല്ലവരായി കാണിച്ചാലേ സ്നേഹാദരവുകൾ കിട്ടുകയുള്ളൂ എന്നും ഓരോരുത്തരും മനസിലാക്കിയിട്ടുണ്ട്. അതാണ് ഒന്നാമൻ പോകാം എന്ന് പിതാവിനോട് പറഞ്ഞത്.

അകവും പുറവും നല്ലവരായിരിക്കുക അത്ര എളുപ്പമല്ല. അതുകൊണ്ട് പൊതുവേദികളിലും സമൂഹത്തിലും നല്ല വേഷത്തിലും മുഖഭാവങ്ങളിലും സ്വയം അവതരിപ്പിക്കാൻ മനുഷ്യർ ഏറെ ശ്രദ്ധിക്കുന്നു. പക്ഷെ സ്വന്തം ഭവനത്തിൽ തിരിച്ചു ചെന്ന് പൊതുവേദിയിൽ അണിഞ്ഞ വേഷങ്ങൾ (സ്വഭാവം) അഴിച്ചുമാറ്റി സാധാരണവേഷം (സ്വഭാവം) അണിയുന്നു. ബന്ധം ആഴപ്പെടുമ്പോൾ മുഖംമൂടികളും കുറയുന്നു.

ഒരു ജനതയുടെ ആദ്ധ്യാത്മിക പുരോഗതിയെ അളക്കാനുള്ള മാനദണ്ഡം ആരാധനാലയത്തിനകത്തും പുറത്തും അലയടിച്ചുയരുന്ന ആരവങ്ങളോ, എണ്ണം പറയുന്ന രോഗശാന്തികളോ അല്ല. നീതിബോധത്തിലും, സത്യത്തോടുള്ള പ്രതിബദ്ധതയിലും പരസ്പര ബഹുമാനത്തിലുമുള്ള വ്യക്തികളുടെ വളർച്ച നോക്കിയാണ്.

ഈ കഥയിലൂടെ ക്രിസ്തു ഒരു വലിയ ദൈവശാസ്ത്ര രഹസ്യം വെളിപ്പെടുത്തി. പള്ളിയുടെ രജിസ്റ്ററിൽ പേരുള്ളവരെക്കാൾ മുമ്പിൽ പള്ളിയുടെ രജിസ്റ്ററിൽ പേരില്ലാത്തവർ സ്വർഗരാജ്യം കാണുമെന്ന് ക്രിസ്തു. സ്വർഗരാജ്യയാത്രയിൽ തിരഞ്ഞെടുക്കപ്പെട്ടവരെന്ന് സ്വയം വിശേഷിപ്പിക്കുന്നവർക്ക് മുമ്പിൽ ചുങ്കക്കാരും വേശ്യകളും കയറുമെന്ന് ക്രിസ്തു.

മറ്റേത് സമുദായത്തിലേക്കാൾ ക്രൈസ്തവ സമൂഹത്തിൽ നീതിബോധവും സത്യസന്ധതയും പരസ്പരബഹുമാനവും വളർന്നു എന്ന് പറയാൻ കഴിയുമോ? ക്രിസ്തുവിന്റെ ഒരു മനസ്സ് നമ്മൾക്ക് ഉണ്ടാകട്ടെ.



ഫാ. ജിബു കരപ്പനശ്ശേരിമലയിൽ

## തേജസ്ക്കരണശേഷം രണ്ടാം ഞായർ
## (ആഗസ്റ്റ് – 18) മർക്കോസ് 12:38 – 44

ഇന്നത്തെ സുവിശേഷഭാഗം രണ്ട് വ്യത്യസ്തരായ കഥാപാത്രങ്ങളെ നമുക്കു മുൻപിൽ അവതരിപ്പിക്കുന്നു. യഹൂദ സമൂഹത്തിൽ പ്രബലരായിരുന്ന നിയമജ്ഞരുടെ ഓരോ പ്രവൃത്തികളെയും വിമർശിച്ചുകൊണ്ട് ഒരു ക്രിസ്തുശിഷ്യൻ അതിനെതിരായി സ്വജീവിതത്തിൽ സ്വീകരിക്കേണ്ട നിലപാടുകളിലേക്ക് ക്രിസ്തു വെളിച്ചം വീശുകയാണ് ഒന്നാമത്തെ ഭാഗത്തിൽ (12:38-40). എന്നാൽ രണ്ടാമത്തെ ഭാഗത്ത് നിയമജ്ഞരുടെ ജീവിതശൈലിയിൽനിന്ന് വ്യത്യസ്തമായി പ്രവർത്തിക്കുന്ന ഒരു വിധവയുടെ പ്രവൃത്തിയെ പ്രശംസിക്കുന്ന ക്രിസ്തുവിനെ നാം കാണുന്നു.

സുവിശേഷം ഉടനീളം പരിശോധിക്കുമ്പോൾ ക്രിസ്തു വെറുത്തിരുന്നതും കർശനമായി വിമർശനവിധേയമാക്കിയതുമായ ഒരു കാര്യം കപടതയായിരുന്നു. കപടത ആത്മീയതയ്ക്ക് എതിരാണ്. വാക്കും പ്രവൃത്തിയും ഒരു പോലെയായിരിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ക്രിസ്തു നമ്മെയും ക്ഷണിക്കുന്നത്. 38-ാം വാക്യത്തിൽ വാക്കും പ്രവൃത്തിയും തമ്മിൽ പൊരുത്തമില്ലാതെ മറ്റുള്ളവരെ കാണിക്കാൻ വേണ്ടി മാത്രം ആത്മീയത ചമയുന്ന നിയമജ്ഞരെ സൂക്ഷിച്ചുകൊള്ളുവാനാണ് ക്രിസ്തു പഠിപ്പിക്കുന്നത്. ദീർഘമായി പ്രാർത്ഥിക്കുന്നുവെന്ന് നടിക്കുകയും സമൂഹത്തിൽ മുഖ്യസ്ഥാനങ്ങൾ ആഗ്രഹിക്കുകയും ചെയ്യുന്ന അവർതന്നെ വിധവകളുടെ ഭവനങ്ങൾ വിഴുങ്ങുന്നുവെന്ന വിരോധാഭാസത്തെ ക്രിസ്തു ചൂണ്ടിക്കാട്ടുകയാണ്. ആത്മീയജീവിതം അടിയുറച്ചതും വ്യക്തവുമായ ബോധ്യങ്ങളിൽ പണിതുയർത്തുവാൻ സാധിക്കാത്ത എല്ലാവർക്കുമുള്ള താക്കീതാണ് നിയമജ്ഞരെ പരാമർശിച്ചുകൊണ്ട് 40-ാം വാക്യത്തിൽ ക്രിസ്തു നൽകുന്നത്; "ഇവർക്കു കൂടുതൽ കഠിനമായ ശിക്ഷാവിധി ലഭിക്കും. ഉള്ളതിൽ കൂടുതൽ മേൻമ ആരും ഭാവിക്കരുത്" എന്ന് വി. പൗലോസും നമ്മെ ഓർമ്മിപ്പിക്കുന്നത് ഈ പശ്ചാത്തലത്തിൽ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. ശ്ഹീമോ നമസ്കാരത്തിൽ നമ്മുടെ പിതാക്കന്മാർ നിയമജ്ഞരുടെ ഈ മനോഭാവത്തെ പിൻതുടരുന്നവരെപ്പറ്റി പരാമർശിക്കുന്ന ഭാഗം ശ്രദ്ധേയമാണ്. "പുഞ്ചിരി അധരത്തിൽ വഞ്ചന ഹൃദയത്തിൽ, കെണികൾ വയ്ക്കുമവൻ സോദരഭാവത്തിൽ." ആത്മീയജീവിതത്തിൽ നമുക്കും സംഭവിക്കാവുന്ന ഈ

www.malankaralibrary.com


വീഴ്ചയെ നിയമജ്ഞരുടെ ജീവിതത്തെ ആധാരമാക്കി ക്രിസ്തു മുന്നറിയിപ്പ് നൽകുകയാണ്.

രണ്ടാമത്തെ ഭാഗത്തിൽ ദരിദ്രയായ ഒരു വിധവയുടെ സമർപ്പണത്തെ പ്രശംസിച്ചുകൊണ്ട് ആദ്യഭാഗത്ത് പരാമർശിച്ച നിയമജ്ഞരുടെ കാപട്യത്തിനെതിരെ ഒരു നല്ല മാതൃകയെ ക്രിസ്തു പരിചയപ്പെടുത്തുകയാണ് (12:41-44). ദരിദ്രയായ വിധവയുടെ ആന്തരിക സമർപ്പണവും ഔദാര്യവുമാണ് ഈ ഭാഗത്തെ പ്രമേയം. സത്യത്തിൽ ലോകദൃഷ്ടിയിൽ നിസാരവും ചെറുതുമെന്ന് കാണപ്പെടാവുന്ന ഈ വിധവയുടെ സമർപ്പണത്തെ ക്രിസ്തു കാണുന്നത് ത്യാഗത്തോടെയുള്ള യഥാർത്ഥ സമർപ്പണമായിട്ടാണ്. ദൈവം വിലമതിക്കുന്നത് ഇപ്രകാരമുള്ള സമർപ്പണത്തെയാണെന്ന വസ്തുത ഈ ഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു. മറ്റുള്ളവരൊക്കെ തങ്ങളുടെ സമൃദ്ധിയിൽനിന്ന് ഒട്ടും നോവ് അനുഭവിക്കാതെ ആന്തരിക സമർപ്പണത്തിന്റെ ഭാവമുൾക്കൊള്ളാതെ സമർപ്പിച്ചത് ദൈവദൃഷ്ടിയിൽ ഒട്ടും വിലയില്ലാത്തതായി മാറുന്ന കാഴ്ച. എന്നാൽ തന്നെയും തനിക്കുള്ളതും തന്റെ ഉപജീവനമാർഗ്ഗം പോലും ഔദാര്യപൂർവ്വം സമർപ്പിക്കുന്നിടത്ത് ഒരു നോവിന്റെ അംശം ഉണ്ട്. അതാണ് യഥാർത്ഥ ആത്മീയത. അപ്രകാരമുള്ള ആത്മീയരെയാണ് ക്രിസ്തു ഇന്നും അന്വേഷിക്കുന്നത്. ഈ സുവിശേഷ ഭാഗം ധ്യാനിക്കുമ്പോൾ നമ്മിലെ ആത്മീയതയുടെ യഥാർത്ഥ ഭാവത്തെ കണ്ടെത്താൻ നമുക്കു ശ്രമിക്കാം. ദൈവദൃഷ്ടിയിൽ പ്രശംസിക്കപ്പെടുന്ന കുറ്റമറ്റ ആത്മീയജീവിതം നമുക്കും കെട്ടിപ്പടുക്കാം.

---



**ഫാ. മാത്യു ചിറയിൽ**

## തേജസ്ക്കരണശേഷം മൂന്നാം ഞായർ (ആഗസ്റ്റ് - 25) ലൂക്കാ 18:9-14

പ്രാർത്ഥനയെപ്പറ്റി യേശു പഠിപ്പിക്കുന്ന ഉപമയാണിത്. എങ്ങനെ പ്രാർത്ഥിക്കണം, പ്രാർത്ഥിക്കുമ്പോൾ എന്തു മനോഭാവത്തോടെ പ്രാർത്ഥിക്കണം എന്ന് യേശു വ്യക്തമാക്കുന്നു. തങ്ങൾ നീതിമാന്മാരാണെന്ന് സ്വയം കരുതുകയും ആ മനോഭാവത്തിൽ മറ്റുള്ളവരെ പുച്ഛിക്കുകയും ചെയ്യുന്നവരോട് യേശു ഈ ഉപമ പറഞ്ഞു, ഫരിസേയരെ മാത്രമല്ല, ആ മനോഭാവമുള്ള എല്ലാവരെയും ഉദ്ദേശിച്ചായിരിക്കാം യേശു ഈ ഉപമ പറഞ്ഞത്.

പ്രാർത്ഥനയെപ്പറ്റി പറയുന്ന ഈ ഉപമയുടെ പശ്ചാത്തലം ദൈവാലയമാണ്. ദൈവാലയം പ്രാർത്ഥിക്കുവാൻ ഉള്ള സ്ഥലമാണല്ലോ. ഇവിടെ 2 പേർ പ്രാർത്ഥിക്കുവാനായി ദൈവാലയത്തിൽ വന്നു. ഒരാൾ യഹൂദസമുദായത്തിൽ പൊതുവെ ബഹുമാനിക്കപ്പെടുന്ന ഫരിസേയരിൽ ഒരാളും, മറ്റെയാൾ യഹൂദസമൂഹം വെറുത്തിരുന്ന ചുങ്കക്കാരനിൽ ഒരുവനും. യഹൂദരുടെ ഏക ദൈവാലയം ജറുസലേമിലായിരുന്നു. ദൈവാലയ അങ്കണത്തിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും അംഗവിഹീനർക്കും പുറജാതികൾക്കും പ്രത്യേക സ്ഥലം നിശ്ചയിച്ചിട്ടുണ്ടായിരുന്നു. അവിടെ നിന്നുകൊണ്ടാണ് അവർ പ്രാർത്ഥിച്ചിരുന്നത്. ദൈവാലയ അങ്കണത്തിൽ നിന്നുകൊണ്ട് എപ്പോൾ വേണമെങ്കിലും പ്രാർത്ഥിക്കാമായിരുന്നു. ഫരിസേയനും, ചുങ്കക്കാരനും സ്വയം പ്രാർത്ഥിക്കുന്ന കാര്യമാണ് ഇവിടെ പറഞ്ഞിരിക്കുന്നത്.

ഫരിസേയന്റെ പ്രാർത്ഥന ആരംഭിക്കുന്നത് അയാളിൽനിന്നുതന്നെയാണ്. താൻ ആരാണെന്ന് ഫരിസേയൻ സ്വയം സാക്ഷിക്കുന്നു. അയാൾ ദൈവത്തിനു നന്ദി പറയുന്നത് അയാൾ മറ്റ് മനുഷ്യരെപ്പോലെയല്ലാത്തതിനാലാണ്. ആരാണ് മറ്റ് മനുഷ്യർ? അവർ അക്രമികൾ, നീതിരഹിതർ, വ്യഭിചാരികൾ എന്നിവരാണ്. അതുപോലെതന്നെ അവിടെ പ്രാർത്ഥിക്കുവാൻ വന്നിരിക്കുന്ന ചുങ്കക്കാരനും മറ്റ് മനുഷ്യരിൽ പെട്ടതായിട്ടാണ് ഫരിസേയൻ ദൈവത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നത്. താൻ ഈ പറഞ്ഞവരെപ്പോലെയല്ല എന്ന് ഫരിസേയൻ ദൈവത്തെ ഓർമ്മിപ്പിക്കുകയാണ്. അതിനുശേഷം താൻ എന്തൊക്കെ ചെയ്യുന്നു എന്ന് ഫരിസേയൻ ദൈവത്തെ അറിയിക്കുന്നു. ആഴ്ചയിൽ രണ്ട് പ്രാവശ്യം ഉപവസിക്കുന്നു, കിട്ടുന്നതിന്റെയെല്ലാം ദശാംശം കൊടുക്കുന്നു. പഴയനിയമ കാലത്ത് വർഷത്തിൽ ഒരിക്കൽ മാത്രമാണ് യഹൂദർ ഉപവസിച്ചിരുന്നത്. പിന്നീട് യഹൂദർ തിങ്കളാഴ്ചയും, വ്യാഴാഴ്ചയും ഉപവസിച്ചിരുന്നു. മോശ വ്യാഴാഴ്ചയാണ് 40 ദിവസത്തെ ഉപവാസത്തിനായി സീനായ് മലയിൽ കയറിപ്പോയത്. തിങ്കളാഴ്ചയാണ് ഉപവാസത്തിനുശേഷം മോശ മലയിൽനിന്നിറങ്ങിവന്നത്. ഈ ദിവസങ്ങളിലെ ഉപവാസത്തെപ്പറ്റിയായിരിക്കാം ഫരിസേയൻ അവകാശപ്പെടുന്നത്.

ഫരിസേയൻ നന്ദി പ്രകടനത്തിന്റെ പ്രാർത്ഥന നടത്തിയപ്പോൾ ചുങ്കക്കാരൻ ക്ഷമയാചനയുടെ പ്രാർത്ഥന നടത്തുന്നു. തന്നെ കാത്തുപരിപാലിക്കുന്ന ദൈവത്തിന് നന്ദിയുടെ പ്രാർത്ഥനയാണ് ഫരിസേ

www.malankaralibrary.com

യൻ അർപ്പിച്ചത്. ചുങ്കക്കാരൻ അകലെ നിന്നാണ് പ്രാർത്ഥിച്ചത്. ചുങ്കക്കാരൻ ദൈവത്തിന്റെ അനുകമ്പക്കുവേണ്ടിയാണ് പ്രാർത്ഥിച്ചത്. ദൈവാലയത്തെ സമീപിക്കുവാൻ താൻ അയോഗ്യനാണെന്ന് ചുങ്കക്കാരൻ സ്വയം കരുതി. തന്റെ കണ്ണുകൾ സ്വർഗ്ഗത്തിലേക്ക് ഉയർത്താൻപോലും താൻ അർഹനല്ലെന്ന് അയാൾ മനസിലാക്കി. അയാളുടെ പ്രാർത്ഥന ചെറിയതായിരുന്നു. ദൈവമേ, പാപിയായ എന്നിൽ കനിയണമെ എന്നാണ് പ്രാർത്ഥിച്ചത്. ദൈവത്തിന്റെ മുമ്പിൽ ചൂണ്ടിക്കാണിക്കുവാൻ ചുങ്കക്കാരന് ഒന്നുമില്ലായിരുന്നു. ചുങ്കക്കാരൻ മറ്റ് മനുഷ്യരുമായി തന്നെ താരതമ്യപ്പെടുത്തിയില്ല. തന്റെ പാപാവസ്ഥ ഏറ്റുപറഞ്ഞ് ദൈവത്തിന്റെ അനുകമ്പയ്ക്കായി പ്രാർത്ഥിച്ചു. ദൈവത്തിന്റെ അനുകമ്പയ്ക്കായി കണ്ണീരൊഴുക്കിയ ചുങ്കക്കാരൻ നീതീകരിക്കപ്പെട്ടവനായി ഭവനത്തിലേക്ക് മടങ്ങി. പഴയകാല രേഖകളും, ഇപ്പോഴത്തെ പ്രവർത്തന രേഖയുമല്ല ദൈവം തന്റെ പക്കൽ അണയുന്നവരിൽനിന്ന് പ്രതീക്ഷിക്കുന്നത്. പ്രത്യുത അവരുടെ മനോഭാവമാണ്. ഫരിസേയൻ താൻ ചെയ്തതിനെപ്പറ്റി പറഞ്ഞ് സമ്മാനം കിട്ടുവാൻ ആഗ്രഹിച്ചു. ആ മനോഭാവം യേശു തള്ളിക്കളഞ്ഞു. ദൈവത്തിന്റെ മുമ്പിൽ അവകാശവാദത്തിന് പോകാതെ സ്വന്തം സ്ഥിതി മനസ്സിലാക്കി അവിടുത്തെ കരുണയ്ക്കായി യാചിക്കുകയാണ് പ്രധാനപ്പെട്ട കാര്യം. ചുങ്കക്കാരന്റെ മനോഭാവമാണ് പ്രശംസനീയവും അനുകരണീയവും. ക്രിസ്തുശിഷ്യരുടെ പ്രാർത്ഥനാ മനോഭാവവും അപ്രകാരമായിരിക്കട്ടെ.

●




**MATRIMONIAL - 182**

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവതി, 30 വയസ്സ്, 5’5 നീളം, Bsc Nurse, Dubai ൽ ജോലി ചെയ്യുന്നു. UAE ൽ ജോലിയുള്ള ആൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹ ആലോചനകൾ ക്ഷണിക്കുന്നു. Ph: 9188330547, 8330832547


**MATRIMONIAL - 183**

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ് 31 വയസ്സ്, Height - 173 c.m., weight - 70kg, വിദ്യാഭ്യാസ യോഗ്യത - Diploma in Mechanical Engineer, ദോഹയിൽ മെഡിക്കൽ മേഖലയിൽ സൂപ്പർ വൈസറായി ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. Ph: 8281222700

**MATRIMONIAL - 184**

മൂവാറ്റുപുഴ രൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ് 35 വയസ്സ്, Height 177 c.m., Engineer, അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. Ph: 6238378793

**MATRIMONIAL - 185**



തിരുവല്ല രൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ് 35 വയസ്സ്, വിദ്യാഭ്യാസം – ഐ.റ്റി.സി., ഫിൽറ്റർ. കുവൈറ്റിൽ ഹോസ്പിറ്റലിൽ ഡ്രൈവറായി ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. Ph: 8921011635

**MATRIMONIAL - 186**

തിരുവല്ല രൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ് 25 വയസ്സ്, Height 153 c.m., Weight 52 kg, വിദ്യാഭ്യാസം – ബിടെക്, എം.ബി.എ. തിരുവനന്തപുരത്ത് പ്രൈവറ്റ് കമ്പനിയിൽ ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. Ph: 9745779994

www.malankaralibrary.com

# മതബോധന പ്രധാനദ്ധ്യാപക സംഗമം



മലങ്കര കത്തോലിക്കാസഭ തിരുവല്ല അതിഭദ്രാസനത്തിലെ 134 ഇടവകകളിലെ മതബോധന പ്രധാനദ്ധ്യാപകരുടെ സംഗമവും എം.സി.സി.എൽ. കർമ്മപരിപാടികളുടെ അതിഭദ്രാസനതല ഉദ്ഘാടനവും അഞ്ചു മുതൽ 12 വരെ ക്ലാസുകളിൽ ബിരുദം കരസ്ഥമാക്കിയവർക്കും സഭാതലത്തിൽ മതാദ്ധ്യാപകർക്ക് ക്രമീകരിച്ച പരീക്ഷയിൽ വിജയികളായവർക്കുമുള്ള സമ്മാനദാനവും നടന്നു. എം.സി.സി.എൽ. കർമ്മപരിപാടികളുടെ ഉദ്ഘാടനവും 'കാർലോ ഹെറാൾഡ്' എന്ന ഓൺ ലൈൻ മാഗസിന്റെ ഉദ്ഘാടനവും അഭി. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. ഫാ. സന്തോഷ് അഴകത്ത്, ഫാ. ഫിലിപ്പ് വട്ടമറ്റം, ഫാ. വർഗീസ് ചാമക്കാലായിൽ, സിസ്റ്റർ സോമി എച്ച്.എസ്.എസ്., അബിഗേൽ ബിജു, ശ്രീ. ലൈജു കോശി, ശ്രീമതി സീന ഡെന്നി എന്നിവർ സംബന്ധിച്ചു.



www.malankaralibrary.com






പ്രൊഫ. ഡോ. ബാബു ഫിലിപ്പ്

"പ്രപഞ്ച സ്രഷ്ടാവായ ദൈവത്തിന്റെ അനന്തവും അജ്ഞാതവും അവർണ്ണനീയവും ആയ പ്രവർത്തനങ്ങൾക്ക് വ്യക്തമായ തെളിവുകൾ നിരത്തിവച്ചിട്ടുള്ള ഒരു വലിയ വിജ്ഞാനശേഖരം ആണ് അദ്ഭുതകരമായ ഈ പ്രപഞ്ചം."

# വിജ്ഞാനവും വിശ്വാസവും

ശാസ്ത്രം പഠിക്കുന്ന ഒരു യുവാവ് ഒരിക്കൽ ഫ്രാൻസിലെ പാരീസ് നഗരത്തിലേക്ക് പോകാനായി ഒരു ട്രെയിനിൽ കയറി ഒരു സീറ്റിൽ ഇരുന്നു. തൊട്ടടുത്ത് ഇരുന്ന പ്രായമുള്ള മനുഷ്യൻ കണ്ണുകൾ അടച്ച് കൈയിലുള്ള ജപമാല ഉപയോഗിച്ച് ഭക്തിയോടെ പ്രാർത്ഥിക്കുന്നത് കണ്ട അഹങ്കാരിയായ ആ വിദ്യാർഥി അദ്ദേഹത്തോട് പുച്ഛത്തോടെ പറഞ്ഞു, "ഹേ, മനുഷ്യാ, ഇത് വെറും അന്ധവിശ്വാസം ആണ്. നിങ്ങൾ ആ ജപമാല ജനലിലൂടെ പുറത്തേക്ക് എറിഞ്ഞു കളയൂ. പകരം ശാസ്ത്രം പഠിപ്പിക്കുന്ന ശരിയായ സത്യങ്ങൾ മനസ്സിലാക്കൂ."

ആ വൃദ്ധൻ ശാന്തനായി അവനോട് ചോദിച്ചു, "മകനേ, എന്താണ് ശാസ്ത്രം?" യുവാവ് അദ്ദേഹത്തോട് പറഞ്ഞു, "നിങ്ങളുടെ മേൽവിലാസം എനിക്കു തരൂ. ഞാൻ നിങ്ങൾക്ക് ശാസ്ത്രത്തിന്റെ ബാലപാഠങ്ങൾ ഉള്ള പുസ്തകങ്ങൾ അയച്ചു തരാം". പോക്കറ്റിൽനിന്നും സ്വന്തം മേൽവിലാസം മുദ്രണം ചെയ്ത ഒരു കാർഡ് എടുത്ത് അദ്ദേഹം ആ യുവാവിന് കൊടുത്തു. അത് വായിച്ചു നോക്കിയ യുവാവ് ഞെട്ടിപ്പോയി. ആ വൃദ്ധന്റെ മേൽവിലാസം ഇങ്ങനെയായിരുന്നു: PROF. DR. LOUIS PASTEUR, DIRECTOR, PASTEUR INSTITUTE, PARIS. ലോകപ്രസിദ്ധ ശാസ്ത്രജ്ഞനായ ലൂയി പാസ്ചർ ആയിരുന്നു, ജപമാല ചൊല്ലി പ്രാർത്ഥിച്ചുകൊണ്ടിരുന്ന ആ വൃദ്ധൻ. സൂക്ഷ്മജീവ ശാസ്ത്രം (BACTERIOLOGY AND MICROBIOLOGY), രോഗ പ്രതിരോധ ശാസ്ത്രം (IMMUNOLOGY) ജൈവ സാങ്കേതിക വിദ്യ (BIOTECHNOLOGY) എന്നീ ശാസ്ത്ര ശാഖകളുടെ പിതാവ് ആയി കരുതപ്പെടുന്ന അദ്ദേഹത്തിന്റെ ശാസ്ത്ര സംഭാവനകൾ നിരവധിയാണ്. പേ വിഷബാധ തടയുവാനുള്ള RABIES VACCINE, കോളറ, ആന്ത്രാക്സ് എന്നീ രോഗങ്ങൾക്കെതിരേ പ്രവർത്തിക്കുന്ന പ്രതിരോധ വാക്സിനുകൾ എന്നിവ അദ്ദേഹത്തിന്റെ വിശിഷ്ട സംഭാവനകൾ ആണ്. പാലിനെ കേടാകാതെ സൂക്ഷിക്കാൻ ഇന്നും ലോകമെങ്ങും ഉപയോഗിക്കുന്ന PASTEURIZATION എന്ന പ്രക്രിയയുടെ നിർമ്മാതാവും ലൂയി പാസ്ചർ



www.malankaralibrary.com


**വിജ്ഞാനവും വിശ്വാസവും വിശുദ്ധിയും വിവേകവും വിനയവുമുള്ള വിദ്യാർഥികളായി വളർന്നു വരാൻ നമുക്കു പരിശ്രമിക്കാം.**

എന്ന മഹാനായ ശാസ്ത്രജ്ഞൻ ആണ്. രസതന്ത്രം, സൂക്ഷ്മജീവ ശാസ്ത്രം, വൈദ്യശാസ്ത്രം എന്നിവയിൽ അനവധി അമൂല്യമായ കണ്ടുപിടുത്തങ്ങൾ നടത്തിയ അദ്ദേഹം ലക്ഷക്കണക്കിന് രോഗികൾക്ക് ആശ്വാസമേകുന്ന ശാസ്ത്രീയ സംഭാവനകൾ നടത്തിയിട്ടുണ്ട്.

പ്രശസ്തമായ പല സർവ്വകലാശാലകളിൽ പ്രഗത്ഭനായ പ്രൊഫസ്സർ ആയി പ്രവർത്തിച്ച അദ്ദേഹം 1887 – ൽ ശാസ്ത്രീയ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കുമായി പാരീസിലെ പാസ്ചർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുകയും മരണം വരെ അതിന്റെ ഡയറക്ടർ ആയി സ്തുത്യർഹമായ സേവനം നടത്തുകയും ചെയ്തു.

ദൈവവിശ്വാസവും ശാസ്ത്രവും ശത്രുക്കളല്ല; സഹോദരങ്ങളാണ്. സത്യാന്വേഷണത്തിനുള്ള പരസ്പര പൂരകങ്ങളായ രണ്ടു മാർഗ്ഗങ്ങളാണ് അവ. ഈ സത്യം മനസ്സിലാക്കിയിരുന്ന അനേകം ശാസ്ത്രജ്ഞരിൽ പ്രധാനിയാണ് ലൂയി പാസ്ചർ. പരീക്ഷണശാലയിൽ പ്രവർത്തിക്കുമ്പോഴും അദ്ദേഹത്തിന്റെ മനസ്സിൽ നിന്നും പ്രാർത്ഥനകൾ ഉയർന്നിരുന്നു. കൈയിൽ ജപമാല പിടിച്ചുകൊണ്ട് പ്രാർത്ഥനാനിരതനായി 1895 – ൽ ഭാഗ്യമരണം പ്രാപിച്ച അദ്ദേഹം ശാസ്ത്ര വിദ്യാർഥികൾക്ക് മഹത്തായ മാതൃകയാണ്.

വിശ്വവിഖ്യാത ശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റീൻ ഒരിക്കൽ പറഞ്ഞു, “ദൈവ വിശ്വാസം ഇല്ലാത്ത ശാസ്ത്രം മുടന്തുള്ളതാണ്; ശാസ്ത്രബോധം ഇല്ലാത്ത ദൈവവിശ്വാസം അന്ധമാണ്.” പ്രപഞ്ച സ്രഷ്ടാവായ ദൈവത്തിന്റെ അനന്തവും അജ്ഞാതവും അവർണ്ണനീയവും ആയ പ്രവർത്തനങ്ങൾക്ക് വ്യക്തമായ തെളിവുകൾ നിരത്തിവച്ചിട്ടുള്ള ഒരു വലിയ വിജ്ഞാനശേഖരം ആണ് അദ്ഭുതകരമായ ഈ പ്രപഞ്ചം. അത് നമുക്ക് വായിക്കാനായി തുറന്നു വച്ചിരിക്കുന്ന ഒരു പുസ്തകം പോലെയാണ്. ‘ചന്തമേറിയ പൂവിലും ശബളാഭമാം ശലഭത്തിലും’ ദൈവത്തിന്റെ ചൈതന്യം കണ്ടെത്തിയ മഹാകവി കുമാരനാശാന്റെ ദർശനം നമുക്ക് മാർഗ്ഗദീപം ആകട്ടെ. അനന്തമായ അന്വേഷണ ബുദ്ധിയോടെയും സത്യം എന്തെന്ന് അറിയുവാനുള്ള ആത്മാർത്ഥമായ ആഗ്രഹത്തോടെയും പ്രപഞ്ചം എന്ന പുസ്തകം നമുക്ക് പഠിക്കാം. ആ സത്യം നമ്മെ പ്രബുദ്ധരാക്കട്ടെ.

വിജ്ഞാനവും വിശ്വാസവും വിശുദ്ധിയും വിവേകവും വിനയവുമുള്ള വിദ്യാർഥികളായി വളർന്നു വരാൻ നമുക്കു പരിശ്രമിക്കാം.

“കർത്താവേ, അങ്ങയുടെ സൃഷ്ടികൾ എത്ര വൈവിധ്യ പൂർണ്ണങ്ങളാണ് ! ജ്ഞാനത്താൽ അങ്ങ് അവയെ നിർമ്മിച്ചു; ഭൂമി അങ്ങയുടെ സൃഷ്ടികളാൽ നിറഞ്ഞിരിക്കുന്നു” (സങ്കീ. 104:24).

## ആദരാഞ്ജലികൾ



**എം.കെ. കുര്യൻ (ബേബി) മോഴശ്ശേരിൽ**

**എടത്വാ**

(തിരുവല്ല അതിഭദ്രാസനത്തിലെ ബഹു. യൽദോ മോഴശ്ശേരിൽ അച്ചന്റെ വത്സല പിതാവ്)

## ആദരാഞ്ജലികൾ



**കെ.ജെ. റോസമ്മ കളരിപ്പറമ്പിൽ**

**തിരുവല്ല**

(തിരുവല്ല അതിഭദ്രാസനത്തിലെ ബഹു. ജോസഫ് കളരിപ്പറമ്പിൽ അച്ചന്റെ വത്സല മാതാവ്)

www.malankaralibrary.com




# എന്താണ് പൈദാരിദ്രാദികൾ?

**ഫാ. ഡോ. രാജു പറക്കോട്ട്**

"ഉയരേനിന്നാഴത്തിങ്കലവതരിച്ച് ജനഗണമാർന്ന
പൈദാരിദ്രാദികൾ തീർത്ത സ്വർഗ്ഗീയാഹാരമിതല്ലോ"

വി. കുർബ്ബാനയുടെ വാഴ്‌വിന്റെ ക്രമത്തിലെ കുക്കിലിയോനിലെ എക്ബൊയുടെ വരികളാണ് മുകളിൽ നല്കിയിരിക്കുന്നത്. എക്ബൊയിലെ 'പൈദാരിദാദ്രികൾ' എന്ന വാക്കിന്റെ അർത്ഥം എന്താണ്? എക്ബൊയുടെ സുറിയാനി മൂലവും ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പരിഭാഷകളും താഴെ നല്കിയിരിക്കുന്നു.

ܗܢܘ ܠܚܡܐ ܫܡܝܢܐ. ܕܢܚܬ ܡܢ ܪܘܡܐ ܠܥܘܡܩܐ
ܕܢܣܒܥ ܟܦܢܘܬ ܥܡܡܐ ܘܢܬܪܣܐ ܠܡܣܟܢܘܬܗܘܢ ܀

"This is the heavenly bread which descended from the height to the depth in order to satisfy the hunger of the people and to satisfy their poverty."

"ജനങ്ങളുടെ വിശപ്പു ശമിപ്പിക്കാനും അവരുടെ ദാരിദ്ര്യം പരിഹരിക്കാനുമായി ഉയരത്തിൽനിന്നും ആഴത്തിലേക്കിറങ്ങി വന്ന സ്വർഗ്ഗീയ അപ്പം ഇതാകുന്നു."
'പൈ' എന്ന വാക്കിന്റെ അർത്ഥം വിശപ്പ് എന്നാണ്. 'ദാരിദ്രാദികൾ' എന്ന വാക്കിന്റെ അർത്ഥം ദാരിദ്ര്യം തുടങ്ങിയവ എന്നാണ്. 'പൈദാരിദ്രാദികൾ തീർത്ത' എന്ന പദത്തിന്റെ അർത്ഥം 'വിശപ്പ്, ദാരിദ്ര്യം മുതലായവ ഇല്ലാതാക്കിയ' എന്നാണ്.

ആരാധന, സഭ എന്നിവ സംബന്ധമായ ചോദ്യങ്ങളും സംശയങ്ങളും ഈ പംക്തിയിലേക്ക് എഴുതി ചോദിക്കാവുന്നതാണ്. ചോദ്യങ്ങൾ അയക്കേണ്ട വിലാസം:
**മല്പാനോടു ചോദിക്കാം**
**ഐക്യദീപം**
**സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ**
**കത്തീഡ്രൽ, തിരുവല്ല – 689 101.**
**ഫോൺ: 9495217831**
**(ഫാ. ഡോ. രാജു പറക്കോട്ട്)**

www.malankaralibrary.com


# ആചാര്യ സ്മരണ


ആചാര്യേശാ മിശിഹാ കൂദാശകളർപ്പിച്ചോ
രാചാര്യനേകുക പുണ്യം നാഥാ സ്തോത്രം

JULY



Fr Abraham Maret
01 July 1954



Fr Kuriakose Padinjaremannil
02 July 2000


Fr George Palathinkal
03 July 2007


Fr Abraham Edassery
04 July 1984


Fr Abraham Pallipurathussery
04 July 1996


Fr Kuriakose Nellatt
06 July 1978


Fr Jacob Ayanthy
08 July 1986


Fr Alexander Arakapadavil
11 July 2001


Fr Jacob Valiaparambil
12 July 2005


Msgr. Thomas Vadassery
20 July 1966


Fr Mathew Vadakkemury
22 July 2001


Fr T.V. John
20 July 1970



Fr Boniface Lewis
20 July 1976

## ഉപകാരസ്മരണ

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴികാണിച്ചുതരുകയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപിരിയുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തുപറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...........ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു ചൊല്ലുക. മൂന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനു മുൻപ് താഴെപറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നല്കുക. 1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും. 2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയും അധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

## ആദരാഞ്ജലികൾ



**വി.പി. ചാക്കോ**

**വാഴക്കുന്നത്ത്, റാന്നി**

(തിരുവല്ല അതിഭദ്രാസനത്തിലെ ബഹു. ഫിലിപ്പ്സ് വാഴക്കുന്നത്ത് അച്ചന്റെ വത്സല പിതാവ്)

www.malankaralibrary.com



www.malankaralibrary.com



Date of Publication : 01-07--2024
Price Rs. 10/-

AIKYADEEPAM MONTHLY
Marygiri, Tiruvalla, Kerala
Ph: 0469-2600626

R.N.I 35982/80
JULY 2024

www.malankaralibrary.com




Printed and Published by Fr. Thomas Kodinattukunnel, Published from Marigiri, Archbishop's House, Tiruvalla, Kerala and Printed at Rashtra Deepika, Vadavathoor, Kerala. Chief Editor: Fr. Varghese Chamakalayil